42/13

വിത്ത് മുതൽ വായ്പ വരെ

ഇന്ത്യൻ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾ

കേരള സ്വാശ്രയ സമിതി

ആമുഖം

പുതിയ പരിഷ്കാരങ്ങളുടെ ഭാഗമായി ഒരു പുതിയ കാർഷിക നയം പ്രഖ്യാപിക്കപ്പെട്ടിരുന്നില്ല എന്നത് കൊണ്ട് ഈ നയങ്ങൾ ഇന്ത്യയുടെ കാർഷിക മേഖലയെ എപ്രകാരമാണ് ബാധിക്കുക എന്നതിനെക്കുറിച്ച് വ്യാപകമായ ചർച്ചകൾ തുടക്കത്തിൽ നടക്കുകയുണ്ടായില്ല. എന്നാലിന്ന് സ്ഥിതി ഏറെ മാറിയിരിക്കുന്നു. പുതിയ നയങ്ങളുടെ ഭാഗമായി നടപ്പാക്കിയിരിക്കുന്ന അനേകം നടപടികൾ - രാസവള സബ്സിഡി നിർത്തലാക്കിയത് മുതൽ വ്യാപാര രംഗത്തെ ഉദാരവല്ക്കരണ ശ്രമങ്ങൾ വരെ - കാർഷിക മേഖലയിൽ ഉളവാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിവിധ തലങ്ങളിൽ സജീവമായ ചർച്ചകൾ ഇന്ന് നടന്നുകൊണ്ടിരിക്കുന്നു.

വളരെ വലുതാണ് ഇന്ത്യൻ കാർഷിക മേഖല ഇന്ന് നേരിടുന്ന പ്രതിസന്ധി. പുതിയ വിത്ത് കയറ്റിറക്കുമതി നയം, ഭക്ഷ്യധാന്യങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനായി നൽകിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കിയതിന് ശേഷം നാണ്യവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നല്കുന്ന സഹായം, ഭക്ഷ്യധാന്യങ്ങൾ പോലും കയറ്റുമതി ചെയ്യാൻ നടക്കുന്ന അണിയറ നീക്കങ്ങൾ എന്നിവയാണ് പുതിയ പരിഷ്കാരങ്ങൾ ഉയർത്തുന്ന ഗുരുതരമായ വെല്ലുവിളികൾ. നാല് പതിറ്റാണ്ടുകാലം കൊണ്ട് രാജ്യം നേടിയെടുത്ത ഭക്ഷ്യസ്വയംപര്യാപ്തത തന്നെ ഇതിലൂടെ അപകടപ്പെടാനിടയുണ്ട്.

ഇന്ത്യൻ കാർഷിക മേഖലയെ തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കാനുള്ള ശ്രമങ്ങൾ അന്താരാഷ്ട്രതലത്തിലും നടക്കുന്നുണ്ട്. വിത്തിനുമേൽ കുത്തകാവകാശം സ്ഥാപിച്ചുകിട്ടാൻ ബഹുരാഷ്ട്രകുത്തകകൾ ഇന്ത്യൻ ഗവൺമെന്റിന് മേൽ വലിയ സമ്മർദ്ദമാണ് ചെലുത്തിക്കൊണ്ടിരിക്കുന്നത്.

എന്നാൽ ഈ നീക്കങ്ങൾക്കെതിരെ ചെറുത്തുനില്പ് ഉയർന്നു വരുന്നുണ്ട് എന്ന കാര്യം ചാരിതാർത്ഥ്യജനകമാണ്. ഇന്ത്യയിലെ കർഷക സമൂഹത്തിന്റെ ഇടയിൽ നിന്ന് പുതിയ പരിഷ്കാരങ്ങൾ, സാമ്രാജ്യത്ത രാജ്യങ്ങളുടെ കടന്നാക്രമണ ശ്രമങ്ങൾ എന്നിവക്കെതിരെ ശക്തമായ ചെറുത്ത് നില്പ് ഉയർന്നു കഴിഞ്ഞു. എന്നാൽ ഈ സമരനിര കൂടുതൽ വിശാലവും ശക്തവുമായേ തീരൂ.

അതിന് കേരളത്തിലെ വിവിധ വിഭാഗം ജനങ്ങൾ ഈ പ്രശ്നത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ കാർഷികമേഖലയെ എപ്രകാരമാണ് ബാധിക്കുക എന്ന് വിശദമായി ചർച്ചചെയ്യുന്ന ഈ ലഘുലേഖ അതിന് സഹായകമാവുമെന്ന് കരുതുന്നു.

കേരള സ്വാശ്രയ സമിതി.

ഇന്ത്യയെന്ന ദരിദ്ര രാജ്യത്ത് പരമപ്രധാന സ്ഥാനമാണ് കൃഷിക്കുള്ളത്. നമ്മുടെ ജനസംഖ്യയിൽ മുക്കാൽ പങ്കും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. (കാർഷിക വൃത്തിയിൽ ഏർപ്പെട്ട് കഴിയുന്നവർ ഏകദേശം 50 കോടി വരുമെങ്കിൽ കർഷക തൊഴിലാളികൾ 1520 കോടിയോളം വരും). രാജ്യത്തിന്റെ മൊത്തം ഭൂവിസ്തൃതിയായ ഏകദേശം 32.9 കോടി ഹെക്ടറിൽ പകുതിയിലും ഇന്ന് കൃഷി നടക്കുന്നുണ്ട്. എന്നാൽ പലയിടങ്ങളിലും ഒന്നിലധികം വിളവെടുപ്പ് നടക്കുന്നത്കൊണ്ട് ഇന്ത്യയിലെ മൊത്തം കൃഷി ഭൂമിയുടെ വിസ്തീർണ്ണം 17.6 കോടി ഹെക്ടറായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 12.6 കോടി ഹെക്ടറിലും ഭക്ഷ്യധാന്യങ്ങളാണ് കൃഷി ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുത്.

സ്വാതന്ത്ര്യ സമ്പാദനത്തിന് ശേഷമുള്ള നാല് പതിറ്റാണ്ടുകൾക്കിടയിൽ ഇന്ത്യയുടെ കാർഷിക മേഖലയിൽ വൻ പുരോഗതി ഉണ്ടായിട്ടുണ്ട് എന്നത് തർക്കമറ്റ വസ്തുതയാണ്. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടാനും നമുക്ക് കഴിഞ്ഞു. 1950-51 –ൽ 5.1 കോടി ടണ്ണായിരുന്ന ഇന്ത്യയുടെ ഭക്ഷ്യോൽപ്പാദനം 1990-92 ഓടെ 17.62 കോടി ടണ്ണായി വർധിക്കുകയുണ്ടായി. പ്രതിശീർഷ ധാന്യ ലഭ്യതയാകട്ടെ ഇക്കാലയളവിൽ 395 ഗ്രാമിൽ നിന്ന് 475 ഗ്രാമായി വർധിക്കുകയും ചെയ്തു. അടുത്ത കാലത്തായി ധാന്യകയറ്റുമതി വർധിപ്പിക്കാനുള്ള തീവ്രശ്രമത്തിലാണ് ഇന്ത്യാ ഗവർമെണ്ട്. എന്നാൽ എന്തുകൊണ്ടാണ് ഭക്ഷ്യോൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടിയിട്ടും 40 ശതമാനത്തോളം ഇന്ത്യാക്കാർ ഇപ്പോഴും ദരിദ്രരായി കഴിയുന്നത്? എന്തുകൊണ്ടാണ് ഇന്ത്യയിലെ കൃഷിഭൂമിയിൽ നല്ലൊരു പങ്കും ഒരു ന്യൂനപക്ഷം കൃഷിക്കാരുടെ കൈവശമായിത്തീർന്നത്? (1985-86 ലെ കാർഷീക കാനേഷുമാരി കണക്കനുസരിച്ച് മൊത്തം കൃഷിഭൂമിയായ 16.3 കോടി ഹെക്ടറിൽ 3.31 കോടി ഹെക്ടറും, 10 ഹെക്ടറിന് മുകളിൽ ഭൂമിയുള്ള 19 ലക്ഷം കുടുംബങ്ങളുടെ കൈവശമാണ്. അതേസമയം വെറും 2.16 കോടി ഹെക്ടർ ഭൂമി മാത്രമാണ് ഒരു ഹെക്ടറിൽ താഴെ മാത്രം കൈവശമുള്ള 567 ലക്ഷം കുടുംബങ്ങളുടേ തായിട്ടുള്ളത്) ഈ സ്ഥിതി മനസ്സിലാക്കണം എന്നുണ്ടെങ്കിൽ ഇന്ത്യ ഇതുവരെ തുടർന്നുവന്ന കാർഷിക നയത്തിന്റെ വിവിധ വശങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടതുണ്ട്.

പുതിയ കാർഷിക നയത്തിലേക്ക്

സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പുള്ള ഒരു നൂറ്റാണ്ട് കാലത്ത് ഇന്ത്യയിൽ ഭക്ഷ്യക്ഷാമം സ്ഥിരം സംഭവമായിരുന്നു. ഏകദേശം ഒരു ഡസനോളം ക്ഷാമങ്ങൾ അക്കാലത്ത് ഇന്ത്യയിലുണ്ടായി. ഇതിലേറ്റവും ഭീകരമായത് നാൽപ്പതുകളിലെ ബംഗാൾ ക്ഷാമമായിരുന്നു. എന്നാൽ സ്വാതന്ത്ര്യത്തോടെ ഈ സ്ഥിതിയിൽ അൽപ്പം മാറ്റം വന്നു. ഭക്ഷ്യോൽപ്പാദനം, സാവധാനത്തിലാണെങ്കിലും വർധിച്ചുതുടങ്ങി. കൂട്ടത്തിൽ ഇറക്കുമതിയും കൂടിയായപ്പോൾ പ്രതിസന്ധിയെ തരണം ചെയ്യാൻ

കഴിഞ്ഞു. പക്ഷേ അറുപതുകളുടെ മദ്ധ്യത്തിൽ സ്ഥിതി വീണ്ടും വഷളായി. അക്കാലത്തുണ്ടായ രൂക്ഷമായ വരൾച്ചമൂലം രാജ്യം ഭക്ഷ്യക്ഷാമത്തിന്റെ പിടിയിലമർന്നു. ഈ അവസ്ഥ തരണം ചെയ്യുന്നതിന് ഗവർമെണ്ട് ആശ്രയിച്ചത് അമേരിക്കയെയാണ്. അങ്ങനെ പി എൽ 480 പ്രകാരം ഭക്ഷ്യധാന്യങ്ങൾ വൻതോതിൽ അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്ത് വലിയൊരു പ്രതിസന്ധിയിൽ നിന്ന് രാജ്യം കഷ്ടിച്ച് രക്ഷപ്പെട്ടു. പക്ഷേ പൊടുന്നനെയുണ്ടായ ഈ പ്രതിസന്ധി ഭരണാധികാരികളെ ഇരുത്തി ചിന്തിപ്പിച്ചു. കാർഷിക മേഖലയുടെ സുസ്ഥിരവികസനം ലക്ഷ്യമാക്കിയുള്ള നയങ്ങൾ ആവിഷ്ക്കരിച്ചില്ല എങ്കിൽ ഇത്തരം പ്രതിസന്ധികൾ വീണ്ടും ആവർത്തിക്കാൻ ഇടയുണ്ട് എന്നും അതിലൂടെ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷിതത്വം അപകടപ്പെടുത്തുമെന്നുമുള്ള ചിന്ത ഭരണാധികാരികളെ അലട്ടി. എന്നാൽ കാർഷിക വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നത് എങ്ങനെയായിരിക്കണം എന്നതായിരുന്നു പ്രധാന പ്രശ്നം.

ഈ ചോദ്യം സ്വാതന്ത്ര്യസമരകാലത്തുതന്നെ ഉന്നയിക്കപ്പെട്ടിരുന്നു. സ്വാതന്ത്ര്യത്തിന് മുമ്പുള്ള കാലഘട്ടത്തിൽ ഭൂമി പാട്ടത്തിന് നൽകി ധൂർത്തടിച്ചു ജീവിച്ചിരുന്ന വൻ ജന്മിമാർക്കായിരുന്നു കാർഷിക മേഖലയിൽ ആധിപത്യം. ഇവരുടെ സ്ഥാനം ഭൂമിയിൽ മുതൽ മുടക്കി ഉല്പാദനക്ഷമത വർധിപ്പിച്ച് ലാഭമുണ്ടാക്കാൻ ശ്രമിക്കുന്ന സംരംഭകരിലേക്ക് മാറിയാലേ കാർഷിക വളർച്ച യാഥാർഥ്യമാകൂ എന്ന കാര്യം നേരത്തേ തന്നെ സ്വാതന്ത്ര്യ സമരനേതാക്കൾ മനസ്സിലാക്കിയിരുന്നു. ഇതിനുള്ള ഏക പോംവഴി കൃഷിഭൂമി കൃഷിക്കാരന് നൽകിക്കൊണ്ടുള്ള സമഗ്രമായ ഭൂപരിഷ്ക്കരണമാണ് എന്ന കാര്യത്തിലും ഇവർക്ക് വലിയ സംശയമൊന്നും ഉണ്ടായിരുന്നില്ല.

എന്നാൽ അധികാരം കിട്ടിയതോടെ ഈ തീരുമാനം വെറും ഒരു ജലരേഖയായി മാറി. ജന്മിമാർക്ക് ഭരണത്തിനുമേൽ ഉണ്ടായിരുന്ന വർധിച്ച സ്വാധീനമാണ് ഇതിന് സഹായകമായത്. ഭൂപരിഷ്ക്കരണത്തിന് പകരം ഭരണാധികാരികൾ പുതിയൊരു കാർഷിക വികസന പാത അവലംബിക്കാൻ തീരുമാനിച്ചു. അത് ഇപ്രകാരമായിരുന്നു. ഭൂപരിഷ്ക്കരണം നടപ്പാക്കും എന്നു പറഞ്ഞ് ജന്മിമാരെ ഭയപ്പെടുത്തി, ഭൂമി പാട്ടത്തിന് കൊടുക്കുന്നതിന് പകരം നേരിട്ട് കൃഷി ചെയ്യാൻ പ്രേരിപ്പിക്കുക, ഇങ്ങനെ കൃഷി നടത്താൻ തയ്യാറാകുന്ന ജന്മിമാർക്ക് ചില തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ വിത്തും വെള്ളവും വളവും മറ്റും ആവശ്യംപോലെ നൽകുക. ഈ രീതിയാണ് പിന്നീട് ഹരിതവിപ്ലവതന്ത്രം എന്ന പേരിൽ അറിയപ്പെട്ടത്.

ഹരിതവിപ്ലവം

പ്രധാനമായും നാല് ഘടകങ്ങളാണ് ഈ പാക്കേജ് പദ്ധതിയിൽ അടങ്ങിയിട്ടുള്ളത്. ജലസേചനം, നൂതനമായ കാർഷിക രീതികൾ, മൂലധനം

ലഭ്യമാക്കുന്ന നടപടികൾ, ഗവർമെണ്ട് കമ്പോളത്തിൽ നടത്തുന്ന ഇടപെടലുകൾ എന്നിവയാണ് അവ.

കഴിഞ്ഞ നാല് പതിറ്റാണ്ടുകൾക്കുള്ളിൽ 45,000 കോടി രൂപയാണ് ഗവർമെണ്ട് ജലസേചനത്തിനായി ചെലവഴിച്ചത്. കൃഷിക്ക് ജലം ലഭ്യമാക്കുന്നതിനുവേണ്ടി വലിയ അണക്കെട്ടുകൾ നിർമ്മിക്കപ്പെട്ടു. ഇതുമൂലം നേരത്തെ കൃഷിക്ക് ഉപയോഗിക്കാൻ കഴിയാതിരുന്ന അനേകം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യാമെന്നായി.

നൂതനമായ കാർഷിക രീതികൾ വ്യാപിപ്പിച്ചത്, അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ, വളങ്ങൾ, കീടനാശിനികൾ എന്നിവ കർഷകർക്ക് നൽകിക്കൊണ്ടായിരുന്നു. സർക്കാർ കണക്കനുസരിച്ച് ഏഴാം പദ്ധതി കാലത്തുമാത്രം 4 ലക്ഷം ടൺ സങ്കര വിത്താണ് കാർഷിക മേഖലയിൽ വിതരണം ചെയ്യപ്പെട്ടത്. ഏകദേശം 72000 ടൺ കീടനാശിനികളും അതേ കാലത്ത് വിതരണം ചെയ്യപ്പെട്ടതായി കണക്കാക്കപ്പെടുന്നു. രാസവള ഉപഭോഗത്തിൽ ഉണ്ടായ വർധന അഭൂതപൂർവ്വമായിരുന്നു. 1971-72-ൽ 26 ലക്ഷം ടൺ ആയിരുന്ന രാസവള ഉപഭോഗം 1990-92 ഓടെ 127 ലക്ഷം ടണ്ണായി വർധിച്ചു. ഒരു ഹെക്ടറിൽ ഉപയോഗിക്കപ്പെടുന്ന രാസവളത്തിന്റെ ഉപയോഗം ഈ കാലയളവിൽ 16.03 കിലോഗ്രാമിൽ നിന്ന് 70.66 കിലോ ഗ്രാമായി ഉയർന്നു.

ഹരിതവിപ്ലവ കാലഘട്ടത്തിൽ നടപ്പിലാക്കിയ ബാങ്ക് ദേശസാൽക്കരണം കർഷകരെ ഏറെ സഹായിച്ചു. ബാങ്കുകൾ നൽകുന്ന വായ്പയിൽ കാർഷിക മേഖലയ്ക്ക് മുൻഗണന വേണമെന്ന തീരുമാനവും ഏറെ സഹായകമായി. ഇതിനെത്തുടർന്ന് കാർഷികമേഖലയ്ക്ക് ലഭിച്ച വായ്പകളിൽ വൻ വർധനയുണ്ടായി. 1984-85-ൽ 5810 കോടി രൂപയായിരുന്ന കാർഷിക വായ്പ വെറും അഞ്ചുവർഷംകൊണ്ട് ഇരട്ടിയിലധികം വർധിച്ച് 12,570 കോടിയായി തീർന്നു.

കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് വേണ്ടി ഗവർമെണ്ട് നടത്തിയ കമ്പോള ഇടപെടലും ഹരിതവിപ്ലവ തന്ത്രത്തിന്റെ ഒരു പ്രധാന ഘടകമായിരുന്നു. ഉൽപ്പാദനച്ചെലവ് വർധിക്കുന്നതിലൂടെ കൃഷിക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുക എന്നതായിരുന്നു കമ്പോള ഇടപെടലിന്റെ പ്രധാനലക്ഷ്യം. അതുകൊണ്ട് പല ഭക്ഷ്യധാന്യങ്ങളും നേരിട്ട് സംഭരിക്കുവാൻ ഗവർമെണ്ട് തീരുമാനിച്ചു. ഇങ്ങനെ ശേഖരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കുറഞ്ഞ വിലക്ക് പൊതുവിതരണ ശാലകളിലൂടെ വിതരണം ചെയ്യുക എന്നതായിരുന്നു നയം.

അങ്ങനെ, കഴിഞ്ഞ നാലു പതിറ്റാണ്ടിലധികം കാലത്ത് ഇന്ത്യ തുടർന്നു വന്ന മേൽപ്പറഞ്ഞ നയങ്ങളാണ് കാർഷികോൽപ്പാദനം വർധിക്കുന്നതിനും ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും നമ്മേ സഹായിച്ചത്. പക്ഷേ ഒട്ടേറെ കോട്ടങ്ങളും ഈ നയങ്ങളിൽ അടങ്ങിയിട്ടുണ്ട് എന്ന കാര്യം വിസ്മരിക്കാവുന്നതല്ല.

ഹരിത വിപ്ലവത്തിന്റെ പരിമിതികൾ

ആദ്യം, ഹരിതവിപ്ലവ തന്ത്രത്തിന്റെ ഭാഗമായി കൊണ്ടുവന്ന അത്യുൽപാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ കാര്യമെടുക്കാം. വളരെ പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ ഇത്തരം വിത്തുകൾ ഉപയോഗിക്കപ്പെട്ടുള്ളു. അഖിലേന്ത്യാ തലത്തിൽ 2.77 കോടി ഹെക്ടർ സ്ഥലത്തേ അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്ത് ഉപയോഗിക്കപ്പെട്ടുള്ളു. 2 കോടി ഹെക്ടർ സ്ഥലത്തു മാത്രമാണ് ഇത്തരം ഗോതമ്പ് വിത്ത് ഉപയോഗിച്ചുള്ളു. ഇവയുടെ ഉപയോഗത്തിൽ ഉണ്ടായിട്ടുള്ള പ്രാദേശിക വ്യതിയാനങ്ങൾ ഈ മൊത്ത കണക്കുകൾ പ്രതിഫലിപ്പിക്കുന്നില്ല. ചില പ്രത്യേക സംസ്ഥാനങ്ങളിൽ മാത്രമായി ഇവയുടെ ഉപയോഗം കേന്ദ്രീകരിക്കപ്പെടുകയാണ് ഉണ്ടായത്. പഞ്ചാബ്, ഹരിയാണ, ഗുജറാത്ത്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗം (മൊത്തം കൃഷി വിസ്തൃതിയുടെ ശതമാനമായി) യഥാക്രമം91.7,63.6, 61.3 61., ശതമാനം എന്നീ തോതിലായിരുന്നു എങ്കിൽ കേരളം, കർണ്ണാടകം, രാജസ്ഥാൻ എന്നിവിടങ്ങളിൽ ഇത് യഥാക്രമം 26.5, 28.5, 24.7 ശതമാനം മാത്രം ആയിരുന്നു. 1988-89 ലെ കണക്കുകൾ അനുസരിച്ച് അത്യുൽപ്പാദനശേഷിയുള്ള നെല്ലിനങ്ങൾ ഉപയോഗിച്ചിരുന്ന 85 ശതമാനം കൃഷി സ്ഥലങ്ങളും 9 സംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരുന്നു. ഗോതമ്പിന്റെ കാര്യത്തിൽ ഇത് കൂടുതൽ പ്രകടമാണ്. അത്യുൽപ്പാദന ശേഷിയുള്ള ഗോതമ്പിനങ്ങൾ ഉപയോഗിച്ചിരുന്ന കൃഷിയിടങ്ങളിൽ 90 ശതമാനവും 6 സംസ്ഥാനങ്ങളിൽ മാത്രമായി ഒതുങ്ങിനിന്നു.

ജനസേചനത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. മൊത്തം കൃഷി ഭൂമിയായ 14.1 കോടി ഹെക്ടറിൽ, ഗവർമെണ്ട് കണക്കനുസരിച്ച് ജലസേചന സൗകര്യം ഇതുവരെ ലഭ്യമായിട്ടുള്ളത് 6.1 കോടി ഹെക്ടറിൽ മാത്രമാണ്. 1988-89 ലെ കണക്കനുസരിച്ച് മൊത്തം കൃഷിഭൂമിയിൽ 31.9 ശതമാനം പ്രദേശത്ത് മാത്രമാണ് ജലസേചനം ലഭിച്ചത്. എന്നാൽ ഇവിടെയും പ്രാദേശികമായി കടുത്ത അന്തരം നിലനിൽക്കുന്നു. പഞ്ചാബിലും ഹരിയാനയിലും ഉത്തർപ്രദേശിലും യഥാക്രമം 89.6, 71.0, 59.1 ശതമാനം സ്ഥലത്ത് ജലസേചന സൗകര്യമുള്ളപ്പോൾ, മഹാരാഷ്ട്ര, കേരളം, മധ്യപ്രദേശ്, കർണ്ണാടകം എന്നിവിടങ്ങളിൽ മൊത്തം കൃഷിഭൂമിയുടെ യഥാക്രമം 10.4, 14.3, 19.0, 19.9ശതമാനത്തിൽ മാത്രമേ ജലസേചനം ലഭിക്കുന്നുള്ളു. വിവിധ ഭക്ഷ്യധാന്യങ്ങൾ തമ്മിലും ഈ വ്യത്യാസം

നിലനിൽക്കുന്നുണ്ട്. 1987-90 ഗോതമ്പ് കൃഷി ചെയ്യപ്പെട്ട കൃഷിഭൂമിയുടെ 78 ശതമാനത്തിന് ജലസേചനം ലഭ്യമായിരുന്നു എങ്കിൽ നെല്ലിന് ലഭിച്ചത് കേവലം 45 ശതമാനമാണ്. പരുക്കൻ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവയുടെ കാര്യത്തിൽ ഇത് വെറും 10 ശതമാനം മാത്രമാണ്.

രാസവള ഉപഭോഗത്തിന്റെ രീതി നോക്കിയാലും അസമത്വം തെളിഞ്ഞു കാണാം. വടക്കൻ സംസ്ഥാനങ്ങളിലെ രാസവള ഉപഭോഗം 1970-71 നും 1988-89 നുമിടക്ക് 32 –ൽ നിന്ന് 35 ശതമാനമായി (മൊത്തം ഉപഭോഗത്തിന്റെ) വർധിച്ചപ്പോൾ തെക്കൻ സംസ്ഥാനങ്ങളിലേത് ഇക്കാലയളവിൽ 36 ശതമാനമായി കുറഞ്ഞു. കിഴക്കൻ സംസ്ഥാനങ്ങളുടെ രാസവള ഉപഭോഗം വെറും 13 ശതമാനം മാത്രമാണ്. രാജ്യത്ത് ഉപയോഗിക്കുന്ന രാസവളത്തിന്റെ 70 ശതമാനവും ഏകദേശം 100 ജില്ലകളിലാണ് ഉപയോഗിക്കപ്പെടുന്നത്. മൊത്തം രാസവള ഉപഭോഗത്തിന്റെ 52 ശതമാനവും ആന്ധ്ര, ഹരിയാണ, പഞ്ചാബ്, തമിഴ്നാട്, ഉത്തർപ്രദേശ് എന്നീ അഞ്ച് സംസ്ഥാനങ്ങളിലാണ് ഉപയോഗിക്കപ്പെടുന്നത്.

ഒരു ഹെക്ടറിൽ ഉപയോഗിക്കപ്പെട്ട ശരാശരി രാസവളത്തിന്റെ അളവിലും സംസ്ഥാനങ്ങൾ തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നുണ്ട്. 1991-92–ൽ പഞ്ചാബിൽ ഒരു ഹെക്ടർ കൃഷിയിടത്തിൽ 168 കിലോഗ്രാം രാസവളം ഉപയോഗിച്ചിരുന്നുവെങ്കിൽ, ആസ്സാമിൽ ഉപയോഗിച്ചത് വെറും 9.7 കിലോഗ്രാം മാത്രമായിരുന്നു. ഒരു ഹെക്ടറിൽ ഉപയോഗിക്കപ്പെടുന്ന രാസവളത്തിന്റെ ദേശീയ ശരാശരിയായ 70.7 കിലോഗ്രാമിനെക്കാൾ താഴെയാണ് ആസ്സാം, ബീഹാർ, ഹിമാചൽപ്രദേശ്, കാശ്മീർ, മധ്യപ്രദേശ്, ഒറീസ്സ, രാജസ്ഥാൻ എന്നീ ഏഴ് സംസ്ഥാനങ്ങളിലെ രാസവള ഉപഭോഗം. വളരെയേറെ അസമമായ കാർഷിക വികസനരീതിയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

കാർഷിക മേഖലക്കനുവദിക്കപ്പെട്ട മൂലധനത്തിന്റെ ഏറിയപങ്കും ഒരു ധനിക ന്യൂനപക്ഷമായ ഭൂസ്വാമിമാരിലാണ് എത്തിച്ചേർന്നത്. കമ്പോള ഇടപെടലിന്റെ കാര്യത്തിൽ പ്രഖ്യാപിക്കപ്പെട്ട ഉൽപ്പന്ന വിലകൾ മിക്കവാറും സന്ദർഭങ്ങളിൽ ഉൽപ്പാദന ചെലവും ന്യായമായ ലാഭവും കണക്കാക്കുമ്പോൾ ലാഭകരമായിരുന്നില്ല.

മൊത്തത്തിൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കാർഷികോൽപ്പാദനം വർധിച്ചുവെങ്കിലും ചില വിളകളിലും ചില പ്രത്യേക പ്രദേശങ്ങളിലുമായി ഈ ഉൽപ്പാദന വർധന കേന്ദ്രീകരിച്ചു. ഉൽപ്പാദനം ഏതാണ്ട് 2.6 ശതാമാനം കണ്ട് വളർന്നു എങ്കിലും കാർഷിക മേഖലയിലെ ജനങ്ങളുടെ ശരാശരി വരുമാനത്തിൽ ഇക്കാലത്ത് വലിയവർധനയൊന്നും ഉണ്ടായില്ല. ഉദാഹരണത്തിന് 1950-51 –ൽഇന്ത്യാക്കാരന്റെ ശരാശരി ദേശീയ വരുമാനം 462 രൂപയും കാർഷിക മേഖലയിലെ ഒരാളുടെ വരുമാനം 402 രൂപയും എന്ന തോതിലായിരുന്നു. എന്നാൽ 1984-85 ഓടെ ശരാശരി ഇന്ത്യാക്കാരന്റെ വരുമാനം 764 രൂപയായി ഉയർന്നപ്പോൾ

കാർഷിക മേഖലയിലെ ജനങ്ങളുടേത് വെറും 430 രൂപ മാത്രമായേ ഉയർന്നുള്ളു. കാർഷിക മേഖലയിലെ പ്രതിശീർഷ വരുമാനം ദേശീയ പ്രതിശീർഷ വരുമാനത്തിന്റെ 56 ശതമാനമേ വരൂ. കാർഷിക മേഖലയിലെ പ്രതിശീർഷ വരുമാനം 35 വർഷംകൊണ്ട് വെറും 7 ശതമാനം കണ്ട് മാത്രമാണ് വളർന്നത്. കാർഷിക മേഖലയിൽ വർധിച്ച തോതിൽ പാപ്പരീകരണവും, ദാരിദ്ര്യവും പെരുകുന്നതിന് ഈ സ്ഥിതിവിശേഷം സഹായിച്ചിട്ടുണ്ട്. ഹരിതവിപ്ലവത്തിലൂടെ രാജ്യം നേടിയ മിച്ച ധാന്യ ശേഖരം തന്നെയാണ് ഇതിനുള്ള തെളിവ്. ഉൽപ്പാദനം വർധിച്ചത് മൂലമല്ല, ജനങ്ങളുടെ കയ്യിൽ ധാന്യം വാങ്ങാൻ പണമില്ലാത്തതുകൊണ്ടാണ് ധാന്യം മിച്ചം വന്നത്. ഉദാഹരണത്തിന് 1961-65 കാലത്ത് ശരാശരി ആളോഹരി ധാന്യ ലഭ്യത 166 കിലോഗ്രാമായിരുന്നു. എന്നാൽ ഭക്ഷ്യധാന്യം മിച്ചം കുന്നുകൂടിയ 1981-85 കാലത്ത് ശരാശരി ധാന്യ ലഭ്യത 164 കിലോഗ്രാമായി കുറഞ്ഞു. എന്നിട്ടും ധാന്യ ഉൽപ്പാദനത്തിൽ കമ്മി മാറി മിച്ചം വന്നെങ്കിൽ അതിന് കാരണം ഗ്രാമീണരുടെ വാങ്ങൽ കഴിവിൽ, പ്രത്യേകിച്ച് എൺപതുകളിൽ ഉണ്ടായ ഇടിവാണ്. ഇതുമൂലമാണ് കാർഷിക ഉൽപ്പാദനം വർധിച്ചുവെങ്കിലും രാജ്യത്തെ 40 ശതമാനത്തിലധികം പേർ ദാരിദ്ര്യത്തിൽ കഴിയുന്നത്. ഇതാണ് രാജ്യം ഇന്നുവരെ തുടർന്നുവന്ന കാർഷിക നയത്തിന്റെ നീക്കിബാക്കി.

ഇത്തരം ഒട്ടേറെ പരിമിതികൾ ഉണ്ടായിരുന്നു എങ്കിലും ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിലും, ഭക്ഷ്യസ്വയം പര്യാപ്തത നേടുന്നതിലും ഇന്ത്യ സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം തുടർന്നുപോന്ന കാർഷിക നയം സഹായിച്ചു എന്നത് ഏറെ പ്രധാനമാണ്.

പ്രതിസന്ധിയുടെ അടിവേരുകൾ

ആഭ്യന്തര കമ്പോളം വളരാത്തതാണ് ഇന്ത്യയുടെ വ്യവസായ വൽക്കരണം വഴിമുട്ടാനുള്ള പ്രധാനകാരണം എന്ന് എൺപതുകളുടെ തുടക്കത്തോടെ വിലയിരുത്തപ്പെട്ടു. കാർഷിക പരിഷ്ക്കാരം നടന്നിരുന്നുവെങ്കിൽ ആഭ്യന്തര ഡിമാന്റ് വളരുകയും വ്യവസായവൽക്കരണം ത്വരിതഗതിയിലാവുകയും ചെയ്യുമായിരുന്നു. എന്നാൽ ഇതുണ്ടായില്ല. ഈ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം, മുഴുവൻ ജനങ്ങളുടെയും വാങ്ങൽ കഴിവ് വർധിപ്പിക്കുകയല്ല മറിച്ച് ഇടത്തരം, ധനിക വിഭാഗം ജനങ്ങളുടെ വാങ്ങൽ കഴിവ് വർധിപ്പിക്കുകയാണ് വേണ്ടത് എന്ന നിഗമനത്തിലാണ് അന്നത്തെ ഭരണാധികാരികൾ എത്തിച്ചേർന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ എൺപതുകളുടെ തുടക്കത്തിൽ തന്നെ മൂലധനമുടക്ക്, നികുതി നയങ്ങൾ എന്നിവയിൽ വലിയ മാറ്റങ്ങൾ വരുത്തി. ഇറക്കുമതി ചെയ്യപ്പെട്ട സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള വ്യവസായനയം, "സൂര്യോദയ വ്യവസായങ്ങൾ" എന്നീ മേഖലകൾക്ക് ഈ നയത്തിന്റെ ഭാഗമായി വൻ പ്രാധാന്യം നൽകപ്പെട്ടു. ഇത് ആഭ്യന്തര വ്യവസായവൽക്കരണത്തെ വലിയൊരളവുവരെ സഹായിച്ചു എന്നത് ശരിതന്നെ. പക്ഷേ ഭാവി പണയംവെച്ചുകൊണ്ടുള്ള ഒരു

കളിയായിരുന്നു ഇതെന്ന് ഏറെ കഴിയുന്നതിന് മുമ്പുതന്നെ മനസ്സിലായി. ഈ നയത്തിന്റെ സത്ത യന്ത്രസാമഗ്രികളുടേയും, സാങ്കേതിക വിദ്യയുടേയും വൻതോതിലുള്ള ഇറക്കുമതിയായിരുന്നു. ഇത് വ്യാപാര കമ്മി അമിതമായി വർധിക്കുന്നതിനും, വായ്പയുടെ തോത് ഉയരുന്നതിനും ഇടയാക്കി. ഈ സ്ഥിതിവിശേഷമാണ് 1990 കളുടെ ആദ്യം സംജാതമായ വിദേശ നാണയ പ്രതിസന്ധിയിലേക്ക് രാജ്യത്തെ കൊണ്ടെത്തിച്ചത്. ഈ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് ഇന്ത്യാഗവർമെണ്ട് കഴിഞ്ഞ രണ്ടുവർഷമായി ചില പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

പൊതുവായി പറഞ്ഞാൽ 6 മേഖലകളിലാണ് പുതിയ പരിഷ്കാരങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. വിദേശവിനിമയം, വിദേശവ്യാപാരം, വ്യവസായനയം, ധനകാര്യമേഖല, നികുതിമേഖല, ഗവർമെണ്ട് ചെലവിന്റെ മേഖല എന്നിവയാണ് അവ. ഈ മേഖലകൾ പരിശോധിക്കുന്ന ഒരാൾക്ക് പുതിയ പരിഷ്കാരങ്ങൾ കാർഷിക മേഖലയെ ബാധിക്കുകയില്ല എന്ന് തോന്നാനിടയുണ്ട്. കാരണം ഈ പരിഷ്കാരങ്ങളുടെ ഭാഗമായി ഒരു പുതിയ കാർഷിക നയം ഇതുവരെ പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. എന്നാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ മേഖല കളിലേയും നയങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ ഇന്ത്യയുടെ കാർഷിക മേഖലയെ ഗുരുതരമായി ബാധിക്കാനിടയുണ്ട്. ഇന്ത്യയുടെ ഭക്ഷണ സുരക്ഷിതത്വം തന്നെ ഒരു പക്ഷേ അപകടത്തിലാക്കാൻ ഈ നയങ്ങൾക്ക് കഴിഞ്ഞേക്കാം. അവ ഓരോന്നായി നമുക്കൊന്ന് പരിശോധിക്കാം.

പുതിയ നയങ്ങൾ കാർഷിക മേഖലയിൽ ഉളവാക്കിക്കൊണ്ടിരിക്കുന്ന പ്രത്യാഘാതങ്ങൾ ആറ് ഭാഗങ്ങളിലൂടെയാണ് നാം പരിശോധിക്കുക, ഒന്നാം ഭാഗത്തു കർഷകരുടെ അടിസ്ഥാന വിഭവമായ വിത്തിനെതിരെ നടക്കുന്ന ആക്രമണങ്ങളുടെ വിവിധ തലങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് നടത്തിയിരിക്കുന്നത്.രണ്ടും, മൂന്നും ഭാഗങ്ങളിൽ ഭക്ഷ്യോല്പാദനം വർദ്ധിപ്പിച്ചതിൽ സുപ്രധാന പങ്ക് വഹിച്ച വളം, വായ്പ എന്നിവയുടെ മേഖലയിൽ വരുത്തിയ പുതിയ നയം മാറ്റങ്ങളുടെ വിവിധ വശങ്ങൾ ചർച്ചാവിഷയമാക്കിയിരിക്കുന്നു. നാണ്യ വിളകളെ പുതിയ പരിഷ്കാരങ്ങൾ എപ്രകാരമാണ് ബാധിക്കുക എന്നതാണ് നാലാം ഭാഗത്തെ വിശകലന വിഷയമെങ്കിൽ അഞ്ചാം ഭാഗം ചർച്ച ചെയ്യുക പുതിയ പരിഷ്കാരങ്ങളുടെ ഭാഗമായി നാണ്യവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ ഭക്ഷ്യധാന്യ കർഷകരെ പ്രേരിപ്പിക്കുന്ന വിവിധ ഘടകങ്ങളും അതിന്റെ പ്രത്യാഘാതങ്ങളുമാണ്. ആറാം ഭാഗത്ത് പൊതു നിഗമനങ്ങളും, ഇന്ത്യൻ കാർഷിക മേഖലക്ക് നേരെ നടന്നുകൊണ്ടിരിക്കുന്ന കടന്നാക്രമണ ശ്രമങ്ങളെ ചെറുക്കാൻ ശക്തമായൊരു ഐക്യനിര പടുത്തുയർത്തേണ്ടതിന്റെ അടിയന്തരമായ ആവശ്യകതയും ഊന്നിയിരിക്കുന്നു.

I. വിത്തിന് മേൽ ചങ്ങല വീഴുന്നു.

ഇന്ത്യയിലെ കോടിക്കണക്കിന് കർഷകരുടെ അടിസ്ഥാന വിഭവമാണ് വിത്ത്. നമ്മുടെ കാർഷിക ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ചെടുക്കുന്ന അനേകം പുതിയ ഇനം വിത്തുകളാണ് നമ്മുടെ കർഷകർ വർഷങ്ങളായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ഈ ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുക്കുന്ന വിത്തിനങ്ങൾ സൗജന്യമായി സ്വകാര്യവിത്തുല്പാദകരിലേക്ക് എത്തിച്ചേരുന്നു. ഇവരിൽ നിന്ന് അനേകായിരം ചെറുകിട വിത്തുല്പാദകർ വിത്തുകൾ വാങ്ങി തങ്ങളുടെ ആവശ്യാനുസരണം പെരുപ്പിച്ചെടുക്കുന്നു. ദേശീയ വിത്തു കോർപ്പറേഷൻ, വിവിധ ഗവർമെന്റുകളുടെ കൃഷി വകുപ്പുകൾ എന്നിവയിലൂടെയും വിത്ത് വിതരണം ചെയ്യപ്പെടുന്നുണ്ട്. ഈ ഏജൻസികളിൽ നിന്ന് സൗജന്യമായോ, കുറഞ്ഞ വില നല്കിയോ വിത്ത് വാങ്ങി കൃഷിക്ക് ഉപയോഗിക്കുകയോ, സംഭരിച്ച് വയ്ക്കുകയോ ചെയ്യാനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഇന്ത്യയിലെ കർഷകർക്കുണ്ട്. വിത്തിന്റെ ഇത്തരം വിതരണ രീതി കാർഷിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ കർഷകരെ ഏറെ സഹായിച്ചിട്ടുണ്ട്. ഈ സ്വതന്ത്രവും നീതിപൂർവ്വവുമായ വിതരണ രീതി രാജ്യം ഭക്ഷ്യസ്വയം പര്യാപ്തത നേടുന്നതിൽ പരമപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നും ഓർക്കണം.

എന്നാൽ ഇന്ന്, രണ്ട് തരം ഭീഷണിയുടെ നിഴലിലാണ് ഇന്ത്യൻ വിത്തുല്പാദന രംഗം. ഒന്നാമതായി പുതിയ സാമ്പത്തിക നയങ്ങളുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുതിയ കയറ്റിറക്കുമതി നയം (Export - Import Policy) ഇന്ത്യൻ വിത്തുല്പാദന മേഖലക്ക് നേരെ കടുത്ത വെല്ലുവിളി ഉയർത്തിക്കൊണ്ടിരിക്കുന്നു. പുതിയ നയം അനുസരിച്ച് വിത്തിന്റെ ഇറക്കുമതിയിൽ ഉണ്ടായിരുന്ന നിയന്ത്രണങ്ങളിൽ ഏറിയ പങ്കും എടുത്തുകളഞ്ഞിരിക്കുന്നു. വിത്തിറക്കുമതി ഉദാരവല്ക്കരിച്ചിരിക്കുന്നു. വിത്തിന്റെ കയറ്റുമതിയും ഉദാരമാക്കിയിട്ടുണ്ട്. രണ്ടാമത്തെ ഭീഷണി വിത്തിന് കുത്തകാവകാശം ഏർപ്പെടുത്താനുള്ള നീക്കങ്ങളാണ്. ഡങ്കൽ നിർദ്ദേശങ്ങളിലെ ബൗദ്ധിക സ്വത്തകവാശ നിയമത്തിലൂടെ ഇന്ത്യൻ വിത്തുല്പാദനരംഗത്ത് ആധിപത്യം സ്ഥാപിക്കാൻ വൻ ബഹുരാഷ്ട്രകുത്തകകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ രണ്ട് നീക്കങ്ങളും നമ്മുടെ കാർഷിക മേഖലയിൽ വൻ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും എന്ന കാര്യത്തിൽ തർക്കമില്ല. ഇന്ത്യ കഴിഞ്ഞ 4 പതിറ്റാണ്ട് കാലംകൊണ്ട് നേടിയെടുത്ത ഭക്ഷ്യോല്പാദന രംഗത്തെ സ്വയം പര്യാപ്തതയാവും അതിലൂടെ തകർക്കപ്പെടുക. അതുകൊണ്ട് മേല്പറഞ്ഞ വെല്ലുവിളികളുടെ വിവിധ വശങ്ങൾ നമുക്ക് വിശദമായി പരിശോധിക്കേണ്ടതുണ്ട്.

A. 1988 -ലെ വിത്തിറക്കുമതി നയം

വിത്തുല്പാദന മേഖലയിൽ പുതിയ നയങ്ങളുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നടപടികൾ ഈ മേഖലയിൽ കഴിഞ്ഞ കുറേ നാളുകളായി തുടർന്നു വന്ന നയങ്ങളുടെ സ്വാഭാവിക പരിണാമമാണ്. ഇന്ത്യൻ കാർഷിക മേഖലയെ നൂതന വല്ക്കരിക്കുക എന്ന ഉദ്ദേശത്തോടെ ഇന്ത്യ ഗവൺമെന്റ് 1988 സെപ്തംബർ 16 പ്രഖ്യാപിച്ചതും, 1989 ഒക്ടോബർ 1 മുതൽ പൂർണ്ണാർത്ഥത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ 'വിത്തുവികസനത്തിനായുള്ള പുതിയ നയത്തിന്റെ പശ്ചാത്തലത്തിൽ പുതിയ നയ വ്യതിയാനങ്ങളെ വീക്ഷിച്ചാൽ മാത്രമേ പ്രത്യാഘാതങ്ങൾ കൂടുതൽ വ്യക്തമാകൂ.

അഞ്ച് വർഷങ്ങൾക്ക് മുമ്പ് നടപ്പിലാക്കി തുടങ്ങിയ വിത്തിറക്കുമതി നയം അനുസരിച്ച് വിവിധ വിത്തിനങ്ങൾ, സസ്യഭാഗങ്ങൾ എന്നിവ സംബന്ധിച്ച് വ്യത്യസ്ത കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. നെല്ല്, ഗോതമ്പ് എന്നിവയുടെ വിത്ത് ഇറക്കുമതി ഈ നയം അനുവദിച്ചിരുന്നില്ല. പരുപരുത്ത ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരു എന്നിവയുടെ ഇറക്കുമതി, തുടർച്ചയായുള്ള ഇറക്കുമതി ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ, ചില നിയന്ത്രണങ്ങൾക്ക് വിധേയമായി അനുവദിച്ചിരുന്നു. സംയുക്ത കരാറുകളിൽ ഏർപ്പെട്ടിട്ടുള്ള കമ്പനികൾക്ക് രണ്ട് വർഷത്തേക്ക് ഇത്തരം ഇറക്കുമതി നടത്താം എന്നാണ് തീരുമാനിക്കപ്പെട്ടത്. എന്നാൽ പച്ചക്കറി വിത്ത്, അലങ്കാര ചെടികളുടെ സസ്യഭാഗങ്ങൾ, കിഴങ്ങ് എന്നിവയുടെ ഇറക്കുമതിക്ക് മേൽ യാതൊരു നിയന്ത്രണവും ഉണ്ടായിരുന്നില്ല. പഴവർഗ്ഗങ്ങളുടെ വിത്ത്, സസ്യഭാഗങ്ങൾ എന്നിവയുടെ ഇറക്കുമതി സംസ്ഥാനകൃഷി വകുപ്പുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മാത്രമേ നടത്താവൂ എന്നും തീരുമാനിക്കപ്പെട്ടു.

വിവിധ വിഭാഗം വിത്തുകൾക്ക് ഏർപ്പെടുത്തപ്പെട്ട ക്വാറന്റീൻ (Quarantine - രോഗങ്ങൾ പകരാതിരിക്കാൻ വേണ്ടി ഏർപ്പെടുത്തുന്ന വിലക്ക്) നയവും വ്യത്യസ്തമായിരുന്നു. ധാന്യങ്ങൾ, എണ്ണക്കുരു, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ക്വാറന്റീൻ കാലാവധി മൂന്നാഴ്ചയും അലങ്കാരചെടിയുടെ വിത്ത്, പുഷ്പങ്ങൾ, കിഴങ്ങ്, പച്ചക്കറി വിത്ത് എന്നിവയുടേത് 50 ദിസവും ആയി നിജപ്പെടുത്തി.

വിത്തിറക്കുമതി ചെയ്യുന്നവർക്ക് വലിയ ആനുകൂല്യങ്ങളും ഈ നയത്തിലുണ്ടായിരുനനു. വിത്തിനുമേൽ ഉള്ള ഇറക്കുമതി തീരുവ ൧,5 ശതമാനത്തിൽ നിന്ന് 15 ശതമാനമായി കുറച്ചതായിരുന്നു ഏറ്റവും പ്രധാന ആനുകൂല്യം. വിത്തുല്പാദനത്തിന് ഉപയോഗിക്കുന്ന യന്ത്രോല്പന്നങ്ങളുടെ തീരുവയും കുറക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടു.

വിത്തിറക്കുമതിയിലൂടെ നടന്നത് അവസാന ഉല്പന്നത്തിന്റെ ഇറക്കുമതി

പുതിയ വിത്തിറക്കുമതി നയത്തിലൂടെ രണ്ട് പ്രധാന നേട്ടങ്ങളാണ് ഉണ്ടാകുമെന്ന് അന്ന് വ്യക്തമാക്കപ്പെട്ടത്. വിത്തിറക്കുമതിയിലൂടെ സാങ്കേതിക വിദ്യാകൈമാറ്റം നടക്കുമെന്നും അത് ഇന്ത്യൻ കൃഷിയുടെ നൂതനവല്ക്കരണത്തിന് ഇടയാക്കും എന്നതായിരുന്നു ഒന്നാമത്തെ പ്രഖ്യാപിത നേട്ടം. അലങ്കാര പുഷ്പങ്ങൾ, പച്ചക്കറികൾ എന്നിവ വികസിത രാജ്യവിപണികളിലേക്ക് കയറ്റുമതി ചെയ്യുക വഴി രാജ്യത്തിന് ഏറെ വിദേശ നാണ്യം നേടാനാകും എന്നും പ്രഖ്യാപിക്കപ്പെട്ടു.

ഈ രണ്ട് ന്യായങ്ങളും വസ്തുതകൾക്ക് നിരക്കാത്തതായിരുന്നു എന്ന് ഇതിനോടകം തന്നെ തെളിയിക്കപ്പെട്ടു കഴിഞ്ഞു. വൻതോതിലുള്ള വിത്തിറക്കുമതിയെ സാങ്കേതിക കൈമാറ്റത്തിന് സമമായി കാണുന്ന അടിസ്ഥാനതത്വം തന്നെ തെറ്റാണ്. ഉല്പാദനത്തിനായുള്ള സാങ്കേതിക വിജ്ഞാനകൈമാറ്റവും വിത്തിന്റെ ഇറക്കുമതിയും രണ്ട് പ്രത്യേക കാര്യങ്ങളാണ്. സാങ്കേതിക കൈമാറ്റമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എങ്കിൽ വിദേശരാജ്യങ്ങളിൽ ലഭ്യമായ ഉയർന്ന ഗുണഗണങ്ങൾ ഉള്ള സസ്യ ഇനങ്ങളുടെ പ്രത്യേക ജനിതകസത്ത ലഭ്യമാക്കുകയും ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുഗുണമായ തരത്തിൽ ഇന്ത്യൻ സസ്യ ഇനങ്ങളിൽ അവ ചേർത്തെടുക്കുകയും ആണ് വേണ്ടത്. ഈ പ്രക്രിയ നമ്മുടെ കൃഷിയുടെ ഗുണ നിലവാരം വർദ്ധിക്കാൻ ഏറെ സഹായിക്കും.

വിത്തിറക്കുമതികൊണ്ട് കാർഷിക മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയില്ല എന്നതിന്റെ പ്രധാന ഉദാഹരണം ഹരിത വിപ്ലവം തന്നെയാണ്. ഹരിത വിപ്ലവത്തിലൂടെ പരിമിതമായ വിജയം കൊയ്യാൻ നമുക്ക് കഴിഞ്ഞെങ്കിൽ അത് 1966-ൽ നടത്തിയ 18000 ടൺ ഗോതമ്പിന്റെ ഇറക്കുമതിയിലൂടെ ആയിരുന്നില്ല,. മറിച്ച് മെക്സിക്കൻ ഇനങ്ങളിൽ നിന്ന് ലഭിച്ച ഉയരം കുറഞ്ഞ ജീനുകളെ അടിസ്ഥാനമാക്കി ഇന്ത്യൻ ശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചെടുത്ത പുതിയ ഇനങ്ങളിലൂടെയാണ്. ഇനി ഇറക്കുമതിയെക്കുറിച്ച് ആലോചിക്കുകയാണ് എങ്കിൽതന്നെ വാണിജ്യപ്രാധാന്യമുള്ള സസ്യ ഇനങ്ങൾ പരിമിതമായ അളവിൽ ഇറക്കുമതി ചെയ്ത് ആഭ്യന്തരമായി അവ പെരുപ്പിച്ചെടുക്കുകയാണ് ചെയ്യേണ്ടത്. സാങ്കേതിക വിദ്യയുടെ ഇറക്കുമതിയുടെ പരിമിതി രാജ്യത്തിന് അനുയോജ്യമായ സസ്യ ഇനങ്ങൾ ലഭ്യമാകാൻ സഹായകരമാവില്ല എന്നതാണ്. പക്ഷേ പുതിയ ഇനങ്ങൾ ചുരുങ്ങിയ കാലത്തിനുള്ളിൽ ഉ്ലപാദനത്തിനായി ലഭിക്കും എന്ന മേന്മ സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിനുണ്ട്. ഇത്തരം ഇറക്കുമതി പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങൾ

എന്നിവയിലൂടെ നടത്താവുന്നതാണ്. ഇറക്കുമതിക്കാർക്ക് ഇത്തരത്തിൽ വിദേശ ഇനങ്ങൾ നേടാൻ കഴിയുകയും അവ പ്രാദേശികമായി പരീക്ഷിച്ച് കർഷകർക്ക് കൈമാറാവുന്നതുമാണ്. പക്ഷേ പരിമിതമായ ഈ നിലവാരത്തിലുള്ള വിജ്ഞാന ലഭ്യതപോലും 1,88–ൽ പ്രഖ്യാപിച്ച വിത്തിറക്കുമതി നയം അനുവദിച്ചിരുന്നില്ല.

ഈ വിത്തിറക്കുമതി നയത്തിലൂടെ സാങ്കേതിക വിദ്യ കൈമാറ്റമോ ഇറക്കുമതിയോ ആയിരുന്നില്ല നടന്നത്. മറിച്ച് അവസാന ഉല്പന്നത്തിന്റെ ഇറക്കുമതിയായിരുന്നു. ഇതിന്റെ ലക്ഷ്യമോ? ആഭ്യന്തര ഉല്പാദനത്തെ തകർക്കുക എന്നതും.

പുഷ്പ കയറ്റുമതി വെറും മിഥ്യ

വികസിത രാജ്യ വിപണികളിൽ വിവിധ ഇനം പുഷ്പങ്ങൾക്ക് വൻ ഡിമാന്റുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഇത്തരം വിപണികളിൽ പോലും ആവശ്യത്തിലധികം പുഷ്പ ഇറക്കുമതി നടന്നു കഴിഞ്ഞു എന്നാണ് എൺപതുകളുടെ അവസാനത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. യൂറോപ്പിലെ ഏറ്റവും പ്രധാന പുഷ്പവിപണിയായ ഹോളണ്ടിന്റെ അനുഭവം ഏറ്റവും നല്ല ഉദാഹരണമാണ്. ഈ മേഖലയിൽ ഇന്ത്യയ്ക്ക് ഇസ്രായേൽ, കൊളമ്പിയ, കെനിയ എന്നി രാജ്യങ്ങളിൽ നിന്നുള്ള ശക്തമായ മത്സരത്തേയും നേരിടേണ്ടി വരുന്നുണ്ട്.

വിത്തിന്റെ കള്ളക്കടത്ത് തടയാൻ ഇറക്കുമതി നിയമ വിധേയമാക്കുന്നു?

വിത്തിറക്കുമതി നയത്തിന് അനുകൂലമായി പറഞ്ഞിരുന്ന മറ്റൊരു വാദം, രാജ്യത്തെ വിത്തിറക്കുമതിക്കായി തുറന്നു കൊടുക്കുകയല്ല മറിച്ച് ഇന്ന് നിലനില്ക്കുന്ന ഇറക്കുമതിക്ക്മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത് എന്നാണ്. ചില പ്രത്യേക ഇറക്കുമതി പദ്ധതികളിലൂടെ കുറേ വർഷങ്ങളായി രാജ്യത്തേക്ക് വിത്തിറക്കുമതി നടന്നുകൊണ്ടിരിക്കുകയായിരുന്നു. മാത്രമല്ല ബംഗ്ലാദേശ്, നേപ്പാൾ അതിർത്തികളിലൂടെ വിത്ത് കള്ളക്കടത്തും നടക്കുന്നുണ്ടായിരുന്നു. ഇത്തരത്തിൽ നിയന്ത്രണമില്ലാതെ നടന്നുകൊണ്ടിരുന്ന അനധികൃത വിത്തിറക്കുമതിക്ക് മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക മാത്രമാണ് പുതിയ നയത്തിലൂടെ ചെയ്യുന്നതെന്ന് ഗവൺമെന്റ് അന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഏറെ വിചിത്രമായ ഒരു വാദമായിരുന്നു അത്. വിത്തിറക്കുമതി അനധികൃതമായി നടക്കുന്നു എന്നത് കൊണ്ട് ഇറക്കുമതി അംഗീകരിക്കുന്നു. ഈ ന്യായമനുസരിച്ച് മയക്കുമരുന്ന് കള്ളക്കടത്ത് നടക്കുന്നു എന്ന കാരണത്താൽ ഇത്തരം കള്ളക്കടത്ത് നിയമവിധേയമാക്കുമോ എന്ന് ഈ നയത്തിന്റെ വിമർശകർ അന്ന് ചോദിക്കുകയുണ്ടായി.

സ്വകാര്യ മേഖല വളരുന്നു, സങ്കരവിത്തുകൾക്ക് പ്രാമുഖ്യമേറുന്നു.

വിത്തിറക്കുമതി നയത്തിന്റെ കഴിഞ്ഞ കുറെ വർഷങ്ങളിലെ പ്രവർത്തനം പരിശോധിച്ചാൽ തെളിഞ്ഞുവരുന്ന ഏറ്റവും പ്രധാന വസ്തുത സ്വകാര്യ മേഖലയുടെ വേഗതയിലുള്ള വളർച്ചയാണ്. പല ബഹുരാഷ്ട്രകുത്തകകളും ഇന്ത്യൻ കമ്പനികളുമായി സംയുക്തസംരംഭങ്ങളിൽ ഏർപ്പെട്ടുകൊണ്ട് വിത്തുല്പാദനരംഗത്തേക്ക് എത്തിക്കഴിഞ്ഞു. വൻ കമ്പനികളായ സാന്റോസ്, ഹെക്സ്റ്റ്, നോസിൽ, ഹിന്ദുസ്ഥാൻ ലിവർ, കാർഗിൽ എന്നിവ പുതിയ വിത്തിറക്കുമതി നയത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് ഇന്ത്യയിലെത്തിയവയാണ്. ഇന്ത്യൻ വിത്തുല്പാദനരംഗത്ത് സ്വകാര്യ മേഖലയുടെ സ്വാധീനം വർദ്ധിച്ചുവന്നുകൊണ്ടിരിക്കുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഉദാഹരണത്തിന് 1990–ൽ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ, മൊത്തം വിത്തുല്പാദനത്തിന്റെ 13 ശതമാനത്തോളം വരുന്ന 85 കോടി രൂപ വിലയുള്ള 20,000 ടൺ സങ്കര വിത്തുകൾ സ്വകാര്യമേഖല വിറ്റഴിക്കുകയുണ്ടായി. പരുത്തി, സൂര്യകാന്തി എന്നിവയുടെ വിത്തുകളായിരുന്നു കൂടുതൽ വിറ്റഴിച്ചത്. വിത്ത് വ്യവസായം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് മഹാരാഷ്ട്ര, ഗുജറാത്ത്, കർണ്ണാടക, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലാണ്.

ഇന്ത്യയിൽ അടുത്ത കാലത്ത് നടത്തിയ ഒരു സർവ്വേ അനുസരിച്ച് സ്വകാര്യമേഖല ഇതിനോടകം 122 ഇനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിൽ 70 ശതമാനവും സങ്കരവിത്തുകളാണ് (Hybrids). വലിയൊരു അപകടം ഇത്തരം സ്വകാര്യ ഗവേഷണ വികസന പ്രവർത്തനങ്ങളിൽ ഒളിഞ്ഞിരിപ്പുണ്ട്. സങ്കരവിത്തുകൾ ഇത്രയധികം വികസിപ്പിക്കാൻ സ്വകാര്യമേഖലക്ക് പ്രത്യേക താല്പര്യമുണ്ട്. കാരണം തുടർച്ചയായി ഉപയോഗിച്ചാൽ ഇവയുടെ ഉല്പാദന ക്ഷമതയിൽ വൻ കുറവുണ്ടാകും എന്നത് കൊണ്ട് ഇത്തരം വിത്തുകൾ 1–2 വർഷങ്ങൾക്കകം പുതിയവ ഉപയോഗിച്ച് പുനഃസ്ഥാപിക്കേണ്ടിവരും. ഇത് മൂലം സങ്കരവിത്തുകൾ ഉപയോഗിക്കുന്ന കർഷകർക്ക് ഈ വിത്തുകൾ വീണ്ടും വാങ്ങേണ്ടിവരും. ഈ സാഹചര്യം മൂലം സങ്കരവിത്തുകൾക്ക് തുടർച്ചയായുള്ള ശക്തമായ ഡിമാന്റുണ്ടാകും.

വിത്തിറക്കുമതി നയവും രോഗപ്രതിരോധ പ്രവർത്തനങ്ങളും

1988–ൽ പുതിയ വിത്തിറക്കുമതി നയം പ്രഖ്യാപിക്കപ്പെട്ടപ്പോൾ തന്നെ, സമാന്തരമായി പുതിയ രോഗങ്ങളും ഇങ്ങോട്ട് കടന്നുവരാനുള്ള സാദ്ധ്യത മുന്നിൽ കണ്ടിരുന്നു. ക്വാറന്റീൻ (രോഗം പകരുന്നത് തടയാൻ ഏർപ്പെടുത്തുന്ന വിലക്ക്) നടപടികൾ ദുർബ്ബലമായത് മൂലം ഇതിന് മുമ്പ് ഇന്ത്യയിലെത്താനിടയായ അസംഖ്യം രോഗങ്ങൾ ഉദാഹരണസഹിതം നയരേഖ വ്യക്തമാക്കിയിരുന്നു. അതുകൊണ്ട്

ക്വാറന്റീൻ സൗകര്യങ്ങൾ പരമാവധി ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമേ വിത്തിറക്കുമതി നടപ്പാവൂ എന്നായിരുന്നു നയം പ്രഖ്യാപിച്ചത്.

പക്ഷേ നയം നടപ്പാക്കി തുടങ്ങിയപ്പോൾ കണ്ടത് ക്വാറന്റീൻ സൗകര്യങ്ങളെ അപ്പാടെ അവഗണിച്ചു എന്നാണ്. ക്വാറന്റീൻ സംവിധാനം ശക്തമാക്കുന്നതിൽ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥയാണ് കാണിച്ചത്. ക്വാറന്റീൻ സൗകര്യങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി രണ്ടരകോടി രൂപയുടെ യന്ത്രസാമഗ്രികൾ വാങ്ങുമെന്ന് സസ്യസംരക്ഷണ ഉപദേഷ്ടാവ് അന്ന് പ്രഖ്യാപിച്ചിരുന്നു. പക്ഷേ നയം നടപ്പാക്കി ഒരു വർഷം കഴിഞ്ഞിട്ടും ഇതിൽ ഏറിയ പങ്കും കൈക്കലാക്കുക ഉണ്ടായില്ല. നയപ്രഖ്യാപനം അനുസരിച്ച് 1988-89-ൽ ക്വാറന്റീൻ സൗകര്യങ്ങൾ ശക്തമാക്കാനായി 1081.08 ലക്ഷം രൂപ മുതൽ മുടക്കും എന്നാണ് കണക്കാക്കപ്പെട്ടിരുന്നത്. പക്ഷേ ഇക്കാലയളവിൽ അനുവദിക്കപ്പെട്ടത് വെറും 252.,5 ലക്ഷം രൂപ മാത്രം. വിത്തിറക്കുമതി നയം ഏറെ ഉത്സാഹത്തോടെ നടപ്പിലാക്കി എങ്കിലും പരമപ്രധാന ഘടകമായ ക്വാറന്റീൻ സൗകര്യങ്ങൾ ശക്തമാക്കുന്നതിൽ യാതൊരു താല്പര്യവും ഉണ്ടായില്ല എന്നാണ് മേല്പറഞ്ഞ വസ്തുതകൾ സൂചിപ്പിക്കുന്നത്.

നയം നടപ്പാക്കുന്നതിന്റെ മേഖലയിൽ മാത്രമല്ല നയത്തിന്റെ ചില വകുപ്പുകളും പുതിയ രോഗങ്ങൾ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യപ്പെടാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. വൈറസുകളെ കണ്ടെത്തുന്നതിന് നയത്തിൽ അവലംബിച്ചിട്ടുള്ള രീതിയാണ് ഏറെ പ്രശ്നം സൃഷ്ടിച്ചത്. ക്വാറന്റീൻ ഏർപ്പെടുത്തിയതിന് ശേഷമുള്ള (Post-entry Quarantine) നിയന്ത്രണങ്ങളിൽ അടങ്ങിയ അനാസ്ഥയാണ് വൈറസ് രോഗബാധയുടെ ഭീഷണി ഉയർത്തിയത്. വൈറസ് രോഗം പടർത്താനിടയുള്ള പയറുവർഗ്ഗങ്ങളുടെ വിത്ത്; പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ വിത്ത് എന്നിവക്ക് ക്വാറന്റീൻ ഏർപ്പെടുത്തിയതിന് ശേഷം നിയന്ത്രണങ്ങൾ ഒന്നും ഉണ്ടാവേണ്ടതില്ല എന്നായിരുന്നു വിത്തിറക്കുമതി നയരേഖയുടെ നിഗമനം. കിഴങ്ങുവർഗ്ഗങ്ങളും മറ്റും വൈറസ് രോഗം പടർത്തും എന്ന് ഉറപ്പുണ്ടായിരുന്നിട്ട് പോലും ഇത്തരം നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ടു! നമുക്ക് തക്കാളിയുടെ ഉദാഹരണം പരിശോധിക്കാം. തക്കാളിക്ക് മൂന്ന് പ്രധാന വൈറൽ രോഗങ്ങൾ (റിങ്ങ് സ്പോട്ട്, സ്ലാക്ക്റിങ്ങ്, സ്പോട്ടഡ് വിൽറ്റ്) പിടിപെടാൻ ഇടയുള്ളത് കൊണ്ട് ഇവയുടെ ഇറക്കുമതിക്ക് മേൽ കർശനമായ നിയന്ത്രണങ്ങൾ ഉണ്ടാവേണ്ടതാണ്. എന്നാൽ വിത്തിറക്കുമതി നയം അനുസരിച്ച് തക്കാളി വിത്തിറക്കുമതിക്കുമേൽ യാതൊരു നിയന്ത്രണവും ഇല്ലായിരുന്നു.

പഞ്ചാബിലെ തക്കാളി കർഷകരുടെ അനുഭവം

ഏറെ ഗുരുതരമായിരിക്കും ഇതിലൂടെ ഉണ്ടാകുന്ന പ്രതസന്ധി. ഇതിന്റെ പ്രതിഫലനങ്ങൾ ഇതിനോടകം തന്നെ പ്രത്യക്ഷപ്പെട്ട് തുടങ്ങിയിട്ടുണ്ട്.

വിത്തിറക്കുമതി നയത്തിന്റെ ആനുകൂല്യം മുതലെടുത്ത് ഇന്ത്യൻ വിത്തുല്പാദനരംഗത്ത് കാലുറപ്പിച്ച ബഹുരാഷ്ട്രകുത്തക കമ്പനികൾ ആണ് ഇക്കാര്യത്തിൽ മുൻപന്തിയിലുള്ളത്. പഞ്ചാബിലെ തക്കാളി കർഷകർക്ക് പെപ്സി കമ്പനിയിൽ നിന്ന് ഉണ്ടായ അനുഭവമാണ് ഏറ്റവും പ്രധാനം. ഇറക്കുമതി ചെയ്ത അത്യുല്പാദന ശേഷിയുള്ള ഒരു ഇനം തക്കാളി വിത്ത് പെപ്സി പഞ്ചാബിലെ കർഷകർക്ക് വിതരണം ചെയ്തു. (പക്ഷേ ഈ ഇനത്തിന്റെ പേരു കമ്പനി മന:പൂർവ്വം രഹസ്യമായി സൂക്ഷിച്ചു. കുറഞ്ഞത് അഞ്ച് ഏക്കറിൽ എങ്കിലും ഈ തക്കാളി ഇനം കൃഷി ചെയ്യപ്പെടണം എന്ന് കമ്പനി നിഷ്കർഷിച്ചിരുന്നു. ടണ്ണിന് 750 രൂപ കണക്കിൽ തക്കാളി തിരികെ വാങ്ങാം എന്നായിരുന്നു പെപ്സി കമ്പനിയും കർഷകരും തമ്മിലുണ്ടാക്കിയ കരാർ. ഒരേക്കറിൽ നിന്ന് ശരാശരി 15 ടൺ ഉല്പാദനം പ്രതീക്ഷിക്കാം എന്നും കമ്പനി ഉറപ്പു നല്കി. പക്ഷേ ഇവരുടെ ഉറപ്പിന് വിപരീതമായി ഒരു ഏക്കറിൽ നിന്ന് വെറും മൂന്ന് ടൺ മാത്രമേ ഉല്പാദിപ്പിക്കാൻ കർഷകർക്ക് കഴിഞ്ഞുള്ളു. ഒരു പ്രത്യേകതരം കുമിൾ രോഗം പിടിപെട്ടത് കൊണ്ടാണ് തക്കാളിയുടെ ഉല്പാദനം കുറഞ്ഞത്. മറുവശത്ത് ടണ്ണിന് 750 രൂപ നല്കി തക്കാളി വാങ്ങാം എന്ന ഉറപ്പിൽ നിന്നും പെപ്സി കമ്പനി ഏകപക്ഷീയമായി പിന്മാറി. ഫലമോ, ടണ്ണിന് 150 രൂപ കണക്കിൽ (ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന തക്കാളി ഇനങ്ങളുടെ വിലയേക്കാൾ കുറവ്) തക്കാളി വില്ക്കാൻ കർഷകർ നിർബന്ധിതരായി. ഇത് മൂലം ചെറുകിട കർഷകർക്ക് ഒരേക്കറിന് 5000 രൂപ കണക്കിനാണ് നഷ്ടമുണ്ടായത്.

മറുവശത്ത് ക്വാറന്റീൻ അധികൃതരുടെ ശക്തമായ എതിർപ്പ് വകവെക്കാതെ ഡ്വാർഫ് ബൺട് (Drawf Bunt) എന്ന രോഗം പിടിപെട്ട 20 ലക്ഷം ടൺ ഗോതമ്പ് അമേരിക്കയിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ട സംഭവവും വിത്തിറക്കുമതിയിലൂടെ പുതിയ രോഗങ്ങളും രോഗാണുക്കളും ഇന്ത്യയിലേക്ക് കടക്കാൻ ഇടയുണ്ടെന്ന വാദം ശക്തിപ്പെടുത്തുന്നു. ലളിമായി പറഞ്ഞാൽ നമ്മുടെ എല്ലാ കാർഷിക വിളകളുടേയും ആരോഗ്യം അപകടത്തിലാണ് എന്നർത്ഥം.

രോഗം പടർത്താനിടയുള്ളത് കൊണ്ട് വിത്തിറക്കുമതിയെ അസ്വാമായി എതിർക്കുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. പുതിയ രോഗങ്ങൾ ഇറക്കുമതി ചെയ്യപ്പെടാൻ ഇടയുണ്ട് എന്നത് ചിത്രത്തിന്റെ ഒരു വശം മാത്രമാണ്. നാം വിത്തിറക്കുമതി ചെയ്യുമ്പോൾ കണക്കുകൂട്ടിയുള്ള സാഹസത്തിനാണ് ഇറങ്ങി പുറപ്പെടുന്നത്. അതുകൊണ്ട് ഇറക്കുമതിയുടെ പ്രയോജനങ്ങൾ കണക്കാക്കുകയും, ആവശ്യമായത്ര സംരക്ഷണ നടപടികൾ നടപ്പിലാക്കുകയും വേണം. പക്ഷേ നാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിത്തിറക്കുമതി നയത്തിൽ വേണ്ടത്ര മുൻകരുതലുകൾ എടുത്തിട്ടില്ല എന്ന് മാത്രമല്ല പ്രയോജനം വ്യക്തവുമല്ല. മറുവശത്ത് ഭീഷണി ഏറെ വലുതുമാണ്. അപകടത്തെ അഭിമുഖീകരിക്കുന്നതും, പ്രയോജനം ലഭിക്കുന്നതും ഒരേ വിഭാഗത്തിനാകണം എന്നും നിർബന്ധമില്ല.

ആഭ്യന്തര വിത്തുല്പാദന വ്യവസായം തകരും

കൊളോണിയൽ കാലഘട്ടത്തിൽ ഉഷ്ണമേഖലാ പച്ചക്കറി ഇനങ്ങളുടെ ഇറക്കുമതി ആഭ്യന്തര വിത്ത് വ്യവസായത്തിന്റെ വളർച്ചയെ തടയുകയുണ്ടായി. പക്ഷേ രണ്ടാം ലോകമഹായുദ്ധകാലത്ത് വിത്തിറക്കുമതി നിർത്തലാക്കപ്പെട്ടതോടെയാണ് ഇന്ത്യയിൽ വിത്തുല്പാദന യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചത്. എങ്കിൽ പുതിയ വിത്തിറക്കുമതിനയം കൊളോണിയൽ കാലഘട്ടത്തിലേക്ക് രാജ്യത്തെ വലിച്ചിഴക്കും.

സാമാന്യം വളർച്ച നേടിയ വിത്ത് വ്യവസായം രാജ്യത്തുണ്ടായിട്ടും വിത്തിറക്കുമതി നാം പ്രോത്സാഹിപ്പിച്ചുകൊണ്ടരിക്കുന്നു. പ്രതിവർഷം ഏതാണ്ട് 700 കോടി രൂപയുടെ വ്യാപാരം ഇന്ത്യയുടെ വാണിജ്യവിത്ത് വിപണിയിൽ നടക്കുന്നുണ്ട് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. സ്വകാര്യ മേഖലയുടെ നിഗമനം അനുസരിച്ച് 1995–2000 ആണ്ടോടെ ഇത് 2400–3000 കോടിയായി വർദ്ധിക്കും.

ഇന്ത്യയിൽ ഗോതമ്പ്, നെല്ല്, എന്നിവയുടെ വിത്തുല്പാദനം നടത്തുന്നത് ദേശീയ വിത്ത് കോർപ്പറേഷനാണ് (ഇവയുടെ പ്രവർത്തനത്തെ പുതിയ നയം ബാധിക്കില്ല). എന്നാൽ പരുപരുത്ത ധാന്യങ്ങൾ, എണ്ണക്കുരു, പച്ചക്കറി എന്നിവയുടെ വിത്തുല്പാദന മേഖലയിൽ സ്വാകര്യപൊതുമേഖല സ്ഥാപനങ്ങൾ പ്രമുഖമായ പങ്ക് വഹിക്കുന്നു. പച്ചക്കറി വിത്ത് വിപണിയിൽ സ്വകാര്യ മേഖലക്കാണ് മുൻതൂക്കം. ഒരു കോടിയിൽ അധികം വാർഷിക വരുമാനം ഉള്ള 40 സ്വകാര്യമേഖലാ വിത്തുല്പാദന കമ്പനികളുണ്ട്. ഇന്ത്യയിൽ. മിക്ക സ്വകാര്യ വിത്തുല്പാദകരും പൊതുമേഖലാ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്തു വിത്തുകൾ പെരുപ്പിച്ച് എടുക്കുകകയാണ് പതിവ്. എന്നാൽ പുതിയ വിത്തിറക്കുമതി നയം നടപ്പാക്കുന്നതോടെ ശക്തമായ ആഭ്യന്തരവിത്തുല്പാദന വ്യവസായം തകരും. ബഹുരാഷ്ട്ര വിത്തുല്പാദന കമ്പനികൾ നമ്മുടെ വിത്തുല്പാദന മേഖലയിൽ ആധിപത്യം നേടുക എന്നതായിരിക്കും ഈ നയത്തിന്റെ ആത്യന്തികഫലം.

പുതിയ സാമ്പത്തിക പരിഷ്കാരങ്ങളും ഇന്ത്യയിലെ വിത്തുല്പാദന രംഗവും.

പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി ഒരു പുതിയ വിത്തിറക്കുമതി നയം ഗവൺമെന്റ് ഇത് വരെ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ 1,88–ൽ പ്രഖ്യാപിച്ച വിത്തിറക്കുമതി നയം കൂടുതൽ ശക്തമായി പിൻതുടരാനാണ് തീരുമാനം. രാജ്യത്തെ വിവിധ മേഖലകൾ വിദേശബഹുരാഷ്ട്രകുത്തകകൾക്ക് തുറന്നിട്ട് കൊടുക്കുന്നതിന്റെ ഭാഗമായി ഇക്കൂട്ടരെ വിത്തുല്പാദന രംഗത്തേക്ക് കടക്കാനും (ഭൂരിപക്ഷം ഓഹരി ഉടമസ്ഥാവകാശത്തോടെ) ഗവൺമെന്റ്

അനുവദിച്ചിരിക്കുന്നു. വിത്തിന്റെ കയറ്റുമതി അനുവദിച്ചു എന്നാണ് പുതിയ നയങ്ങളുടെ ഭാഗമായി നടപ്പാക്കിയ പുതിയ നടപടി.

എന്തൊക്കെയാവും ഇതിന്റെ പ്രത്യാഘാതങ്ങൾ? വിത്തിറക്കുമതികൊണ്ട് ഉണ്ടാകാവുന്ന വിവിധ പ്രശ്നങ്ങൾ നാം മുകളിൽ വിശദമായി പ്രതിപാദിക്കുകയുണ്ടായി. ഈ നയം നമ്മുടെ കാർഷിക വിളകളുടെ ആരോഗ്യത്തെ മോശമായി ബാധിക്കാനിടയുണ്ട് എന്നും കണ്ടു. ഈ അപകട സാദ്ധ്യതകൾ പുതിയ സാഹചര്യത്തിൽ പതിന്മടങ്ങ് വർദ്ധിക്കുമെന്ന് ഉറപ്പാണ്.

വിത്തുല്പാദന രംഗത്തേക്ക് ബഹുരാഷ്ട്രകുത്തകകളുടെ വർദ്ധിച്ച തോതിലുള്ള കടന്നുകയറ്റം പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കും. സങ്കര ഇനം വിത്തുകൾ ഉല്പാദിപ്പിക്കുക എന്നതാണ് ഈ കുത്തകകളുടെ പ്രധാന ലക്ഷ്യം. ഇത്തരം വിത്തുകളുടെ ഉല്പാദനക്ഷമത ക്രമേണ കുറഞ്ഞുവരും എന്നത്കൊണ്ട് ഈ വിത്തുകൾ ഉപയോഗിക്കാൻ തുടക്കത്തിൽ നിർബന്ധിതരാകുന്ന കർഷകർ ക്രമേണ ബഹുരാഷ്ട്രകുത്തകകളുടെ സ്ഥിരം ആശ്രിതരായി മാറും. ഇന്ത്യയിൽ ഇന്ന് പ്രവർത്തിക്കുന്ന ബഹുരാഷ്ട്രകുത്തകകളിൽ ഏറിയ പങ്കും കേന്ദ്രീകരിച്ചിരിക്കുന്നത് സങ്കരവിത്തുകളിലാണ്. (കാർഗിൽ എന്ന കുപ്രസിദ്ധമായ കമ്പനി ഇന്ത്യൻ വിപണിയിൽ ഇറക്കിയിരിക്കുന്നത് സൂര്യകാന്തിയുടെ സങ്കര വിത്താണ്) വിത്തിറക്കുമതി ഉദാരവല്ക്കരിച്ചിരിക്കുന്നു. എന്നതുകൊണ്ട് ഇന്ത്യയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്താതെ വിദേശത്ത് നിന്നും സങ്കര വിത്തുകൾ ഇറക്കുമതി ചെയ്ത് ഇന്ത്യയിൽ വിതരണം നടത്താനും ഭാവിയിൽ ഇവർക്ക് കഴിയും.

ബഹുരാഷ്ട്ര വിത്തുകുത്തകകളുടെ വാദമുഖം തെറ്റ്

എന്നാൽ ഈ കുത്തകകളുടെ വാദമുഖങ്ങളിലെ പൊള്ളത്തരം ഇതിനോടകം വെളിച്ചത്തു വന്നിട്ടുണ്ട്. കാർഗിൽ എന്ന ബഹുരാഷ്ട്രകുത്തക കമ്പനിയുടെ ഉദാഹരണം നമുക്ക് പരിശോധിക്കാം. ലോകത്തെ അഞ്ചാമത്തെ ഏറ്റവും വലിയ വിത്തുല്പാദന ബഹുരാഷ്ട്ര കുത്തകയായ കാർഗിൽ 1988–ലെ പ്രഖ്യാപനത്തെ തുടർന്നാണ് ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. ന്യൂഡൽഹിയിലെ ടെഡ്കോഗ്രൂപ്പുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടു കൊണ്ടായിരുന്നു തുടക്കം. കർണ്ണാടകത്തിലെ വടക്കൻ ബെല്ലാറിയിൽ 7 കോടി രൂപ മുതൽ മുടക്കി ആരംഭിച്ച സങ്കര വിത്ത് സംസ്കരണ ഗവേഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം സൂര്യകാന്തി, ചോളം, സൊർഗം എന്നിവയുടെ സങ്കര വിത്തുല്പാദിപ്പിച്ച് ഇന്ത്യയിൽ വിതരണം ചെയ്യുക എന്നതാണ്. കാർഗിൽ സീഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സംയുക്ത സംരംഭത്തിലെ 51 ശതമാനം ഓഹരിയും അമേരിക്കയിലെ കാർഗിൽ എന്ന കമ്പനിയുടേതായിരിക്കും.

1992-ൽ ഇവർ തങ്ങൾ വികസിപ്പിച്ചെടുത്ത സങ്കരയിനം സൂര്യകാന്തി വിപണിയിൽ ഇറക്കുകയുണ്ടായി. ഈ ഇനം സൂര്യകാന്തി ഉപയോഗിച്ച് കൃഷി ചെയ്താൽ ഒരേക്കറിൽ നിന്ന് 16 ക്വിന്റൽ ഉല്പാദിപ്പിക്കാം എന്നായിരുന്നു കാർഗിലിന്റെ അവകാശവാദം. ഈ ഉല്പാദനം ലഭിക്കാൻ നാല് കിലോ രാസവളം മാത്രമേ ഉപയോഗിക്കേണ്ടി വരൂ എന്നും കൂട്ടിചേർക്കപ്പെട്ടു. എന്നാൽ ഈ വിത്തുപയോഗിച്ച കർണ്ണാടകത്തിലെ സൂര്യകാന്തി കർഷകരുടെ അനുഭവം പരിതാപകരമായിരുന്നു. 4 കിലോഗ്രാം രാസവളം ഉപയോഗിച്ചിട്ടും ഒരേക്കറിൽ നിന്ന് ഇവർക്ക് 5–6 ക്വിന്റൽ സൂര്യകാന്തി മാത്രമേ ഉല്പാദിപ്പിക്കാൻ കഴിഞ്ഞുള്ളു. അതേസമയം കർണ്ണാടകത്തിൽ വളരുന്ന ഇനം സൂര്യകാന്തിയുടെ ഉല്പാദനക്ഷമത ഒരു ഏക്കറിന് ഏകദേശം ക്വിന്റലായിരുന്നു. (അതും ഒരു കിലോഗ്രാം രാസവളം മാത്രം ഉപയോഗിച്ചപ്പോൾ) കാർഗിൽ ഉൾപ്പെടെയുള്ള ബഹുരാഷ്ട്രകുത്തകകളുടെ ഈ സങ്കരഇനം വിത്തുകളുടെ ഉല്പാദന ക്ഷമത സംബന്ധിച്ച അവകാശവാദങ്ങൾ എത്ര വാസ്തവ വിരുദ്ധമാണ് എന്ന് ഈ അനുഭവം വ്യക്തമാക്കുന്നു. ഇത്തരം അനേകം വിത്തുല്പാദന ബഹുരാഷ്ട്ര കുത്തകകളെയാണ് പൊള്ളയായ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ കർഷകരെ കൊള്ളയടിക്കാൻ പുതിയ സാമ്പത്തിക നയങ്ങളുടെ മറവിൽ ഇന്ത്യാ ഗവൺമെന്റ് അനുവദിച്ചുകൊണ്ടിരിക്കുന്നത്.

പുതിയ വിത്ത് കയറ്റിറക്കുമതി നയം പ്രതിസന്ധി മൂർച്ഛിപ്പിക്കും.

പുതിയ കയറ്റിറക്കുമതി നയത്തിന്റെ ഭാഗമായി വിത്തിന്റെ കയറ്റുമതി അനുവദിച്ചിരിക്കുന്നു. ഇതനുസരിച്ച് ഗോതമ്പ്, നെല്ല്, ബജ്റ, ജോവർ, റാഗി, മെയിസ് എന്നിവയുടെ വിത്ത് ഇനിമേൽ സ്വതന്ത്രമായി കയറ്റുമതി ചെയ്യാം. വളരെ ഗുരുതരമായ പ്രത്യാഘാതമാണ് രാജ്യത്ത് ഇത് മൂലം ഉളവാകുക. വർഷങ്ങളായി നീണ്ടുനിന്ന ജനിതക ചോർച്ചയിലൂടെ രാജ്യത്തെ ആയിരക്കണക്കിന് ഇനം വിത്തുകൾ നഷ്ടപ്പെട്ടുകഴിഞ്ഞു. ഒരു കണക്കനുസരിച്ച് ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ 30,000 നെല്ലിനങ്ങൾ ഉണ്ടായിരുന്നു ഇന്ത്യയിൽ. അത് ഇന്ന് കേവലം 100–ൽ താഴെയായി കുറഞ്ഞിരിക്കുന്നു! മറ്റിനങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. വിത്ത് കയറ്റുമതി അനുവദിക്കാനുള്ള പുതിയ തീരുമാനം ഈ ജനിതക ചോർച്ചയുടെ വേഗത പതിന്മടങ്ങ് വർദ്ധിപ്പിക്കും. ഇത് നമ്മുടെ കാർഷിക മേഖലയെ കടുത്ത പ്രതിസന്ധിയിലാഴ്ത്തും എന്നുറപ്പാണ്.

വിത്തിന്റെ പുതിയ കയറ്റിറക്കുമതി നയത്തിലൂടെ ഉടലെടുക്കാനിടയുള്ള സാദ്ധ്യതകൾ താഴെ കൊടുത്തിരിക്കുന്നു:

1. ഇന്ത്യൻ പരിതസ്ഥിതിക്ക് ഒട്ടും അനുയോജ്യമല്ലാത്ത അനേകം ഇനം സങ്കരവിത്തുകൾ ഇറക്കുമതി ചെയ്യപ്പെടും.

2. വിത്തുല്പാദന രംഗത്ത് പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കുത്തകകൾ കേന്ദ്രീകരിക്കുക സങ്കര ഇനം വിത്തുകളുടെ ഉല്പാദനത്തിലായിരിക്കും. ഇത്തരം വിത്തുകൾ ഉപയോഗിക്കാൻ ഇവർ കർഷവരെ പ്രേരിപ്പിക്കുന്നതിലൂടെ കർഷകർ ഈ കുത്തകകളുടെ ആശ്രിതരായിത്തീരും,

3. വിത്തിനങ്ങളുടെ സ്വതന്ത്രമായ കയറ്റുമതി ജനിതക ചോർച്ചയുടെ വേഗത പതിന്മടങ്ങ് വർദ്ധിപ്പിക്കും.

4. സങ്കര വിത്തിനങ്ങളുടെ ഇറക്കുമതി വർദ്ധിക്കുന്നതോടെ ഇന്ത്യൻ കാർഷിക വിളകൾ പുതിയ അനേകം രോഗങ്ങളുടെ ഭീഷണി നേരിടും.

B. വിത്തിനുമേൽ കുത്തകാവകാശം സ്ഥാപിക്കാനുള്ള അന്താരാഷ്ട്ര ഗൂഢനീക്കങ്ങൾ

ഡങ്കൽ നിർദ്ദേശങ്ങളിലെ പല പ്രധാന വകുപ്പുകളും അംഗീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ തീരുമാനിച്ചിട്ട് രണ്ടാഴ്ചയോളമായി. ഈ തീരുമാനം ഇതിനോടകംതന്നെ രൂക്ഷവിമർശനത്തിനിരയായിട്ടുണ്ട്. ഇന്ത്യയുടെ രാഷ്ട്രീയ സാമ്പത്തിക പരമാധികാരവും സ്വാതന്ത്ര്യവും പണയപ്പെടുത്തുന്ന ഒരു തീരുമാനമാണിത് എന്നതാണ് ഈ വിമർശനങ്ങളുടെ അടിസ്ഥാനം. എന്താണ് ഈ ഡങ്കൽ നിർദ്ദേശങ്ങൾ? അവ ഏതുതരത്തിലാണ് നമ്മുടെ പരമാധികാരത്തെ പണയപ്പെടുത്തുക? നമ്മുടെ കാർഷിക മേഖലയിൽ ഈ നിർദ്ദേശങ്ങൾ ഉളവാക്കാവുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ്?

അംഗരാഷ്ട്രങ്ങൾക്കിടയിൽ സ്വതന്ത്രവ്യാപാരം പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം, കൃത്യമായി പറഞ്ഞാൽ 1948–ൽ രൂപംകൊണ്ട ഗാട്ട് (GATT-General Agrrement on Trade and Tariff) എന്ന പൊതുവേദിയുടെ പ്രഖ്യാപിതലക്ഷ്യം. ഈ വേദിയുടെ അദ്ധ്യക്ഷനായ ആർതർ ഡങ്കൽ ഗാട്ടിന്റെ കീഴിൽ വർഷങ്ങളായി തുടർന്നുകൊണ്ടിരുന്ന ഉഭയ കക്ഷിചർച്ചകളുടെ ഒരു ക്രോഡീകൃതരൂപം 'ഡങ്കൽ ഡ്രാഫ്റ്റ് ടെക്സ്റ്റ് ' എന്ന പേരിൽ 1991 ഡിസംബർ 20–ന് ഇന്ത്യയുൾപ്പെടെ 106 അംഗരാഷ്ട്രങ്ങൾക്കിടയിൽ വിതരണംചെയ്യുകയുണ്ടായി. പ്രധാനമായും ഏഴ് വിഷയങ്ങളാണ് ഡങ്കൽ നിർദ്ദേശങ്ങളിൽ അടങ്ങിയിട്ടുള്ളത്. ഇതിലേറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണ് വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധികസ്വത്തവകാശം. (TRIPS - Trade related Intellelctual property rights) സംബന്ധിച്ച നിർദ്ദേശങ്ങൾ. ഈ നിർദ്ദേശങ്ങളിൽ കാർഷിക മേഖലയെ നേരിട്ട് ബാധിക്കുന്ന വകുപ്പുകൾ താഴെ ചേർത്തിരിക്കുന്നു.

1. സൂക്ഷ്മജീവികൾ, സൂക്ഷ്മജീവശാസ്ത്രപരമായ പ്രക്രിയകൾ എന്നിവ പേറ്റന്റ് അവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരും.

2. വൈവിധ്യമാർന്ന സസ്യങ്ങളുടെ സംരക്ഷണം പേറ്റന്റുകൾവഴി നടത്തുന്നതായിരിക്കും.

ഒരു രാഷ്ട്രത്തിൽ കണ്ടുപിടിക്കപ്പെടുന്ന ശാസ്ത്ര–സാങ്കേതികവിദ്യകളേയും അവയുടെ ഉപജ്ഞാതാക്കളേയും ആ രാജ്യത്തിന്റെ ബൗദ്ധിക സ്വത്തായി (intellectual Property) കണക്കാക്കാം. ഈ ബൗദ്ധിക സ്വത്തിന്റെ വ്യാപാരത്തിനുള്ള അവകാശം എല്ലാ രാജ്യങ്ങൾക്കും നിർബന്ധമാക്കണം എന്നാണ് ഡങ്കൽ തന്റെ നിർദ്ദേശങ്ങളിലൂടെ അംഗരാജ്യങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ നിർദ്ദേശം ആംഗീകരിക്കാത്ത രാജ്യങ്ങൾക്കെതിരെ വ്യാപാര ഉപരോധം ഏർപ്പെടുത്താനുള്ള വകുപ്പുകളും ഡങ്കൽ നിർദ്ദേശങ്ങളിൽ അടിങ്ങിയിട്ടുണ്ട്. പേറ്റന്റ് അവകാശം ഈ നിർദ്ദേശങ്ങളുടെ അഭേദ്യഭാഗമാണ്. ഒരു വ്യക്തി ആദ്യമായി കണ്ടുപിടിക്കുന്ന ഉൽപ്പന്നമോ, പ്രക്രിയയോ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കാൻ സർക്കാർ അയാൾക്ക് നൽകുന്ന കുത്തകാവകാശമാണ് പേറ്റന്റ് സംരക്ഷണം. ഒരു ഉൽപ്പന്നം വികസിപ്പിച്ചെടുത്തതിനുള്ള പേറ്റന്റ് ഒരാൾക്ക് നൽകിക്കഴിഞ്ഞാൽ അതിനർത്ഥം പേറ്റന്റുടമയല്ലാതെ മറ്റാരും ആ ഉൽപ്പന്നം ഒരു നിശ്ചിതകാലയളവിൽ ഉൽപ്പാദിപ്പിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്നാണ്. പേറ്റന്റ് നിയമത്തിന്റെ മേഖലയിലാണ് ഡങ്കൽനിർദ്ദേശങ്ങൾ നമ്മുടെ രാജ്യതാൽപ്പര്യത്തിനെതിരായി ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത്.

ഏറെ പുരോഗമനപരമാണ് ഇന്ത്യയുടെ പേറ്റന്റ് നിയമം. പല രാജ്യങ്ങളുടേയും പുരോഗമനപരമായ നിയമാവകാശങ്ങൾ കൂട്ടിച്ചേർത്ത് നിർമ്മിച്ചതാണ് 1970–ലെ ഇന്ത്യൻ പേറ്റന്റ് നിയമം. ഈ നിയമമനുസരിച്ച്, കൃഷിക്കായി ഉപയോഗിക്കുന്ന പ്രക്രിയകൾ പേറ്റന്റവകാശത്തിന് പുറത്താണ്. എന്നാൽ ഈ പ്രക്രിയകളെ പേറ്റന്റ് സംരക്ഷണത്തിന്റെ കീഴിൽ കൊണ്ടുവരണം എന്നാണ് ഡങ്കൽ തന്റെ നിർദ്ദേശങ്ങളിലൂടെ ആവശ്യപ്പെടുന്നത്. ഈ നിർദ്ദേശം എങ്ങനെയാണ് ഇന്ത്യയുൾപ്പെടെയുള്ള മൂന്നാംലോകരാജ്യങ്ങളെ ബാധിക്കുക എന്നും ജനിതകസമ്പത്തിന്റെ കൈമാറ്റം സംബന്ധിച്ച് അന്തർദ്ദേശീയതലത്തിൽ നടക്കുന്ന കള്ളക്കളികൾ എന്തൊക്കെയാണെന്നും നാം വിശദമായി പരിശോധിക്കേണ്ടതുണ്ട്.

പൊതുപൈതൃകമാകുന്ന സസ്യജനിതകവൈവിധ്യം

ലോകത്തെ ജനിതകവൈവിധ്യ കേന്ദ്രങ്ങൾ (Centres of genentic diversity) മുഖ്യമായും കേന്ദ്രീകരിച്ചിട്ടുള്ളത് മൂന്നാംലോക രാഷ്ട്രങ്ങളിലാണ്. ഈ വിഭാഗം രാഷ്ട്രങ്ങളുടെ നൈസർഗിക വനമേഖലകളിലാണ് കാർഷികമേഖലയിൽ നാമിന്ന്

ആശ്രയിക്കുന്ന വിവിധങ്ങളായ സസ്യജനുസ്സുകളുടെ മൂലകുടുംബക്കാരിൽ ഏറിയ പങ്കും നിലനിൽക്കുന്നത്. വിലമതിക്കാനാവാത്തതാണ് ഈ സസ്യ ജനിതകസമ്പത്ത് (plant genetic resources). ഈ സമ്പത്തിനെ ശാസ്ത്രീയമായി സംരക്ഷിച്ചാൽ മാത്രമേ കാർഷികോൽപ്പാദനത്തിന്റെ ദീർഘകാല നിലനിൽപ്പ് സാദ്ധ്യമാകൂ.

ഈ സസ്യജനിതകവിഭവങ്ങളെ മനുഷ്യരാശിയുടെ പൊതുപൈതൃകമായി (Common heritage of mankind) പരിഗണിക്കണമെന്നും, അത് സംരക്ഷിക്കേണ്ടത് അന്താരാഷ്ട്ര സമൂഹത്തിന്റെയാകെ കടമയാണെന്നും ഉള്ള വാദം എൺപതുകളുടെ തുടക്കത്തിൽ ഉയർന്നുവരികയുണ്ടായി. തുടർന്നുണ്ടായ ആശയവിനിമയത്തിന്റെ ഫലമാണ് ഉഷ്ണ–ഉപോഷ്ണ മേഖലാ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന സസ്യജനിതകവിഭവങ്ങൾ പൊതു പൈതൃകമായി പരിഗണിക്കണമെന്ന, ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള ഭക്ഷ്യകാർഷിക സംഘടനയുടെ 1984–ലെ തീരുമാനം. ഇതനുസരിച്ച് മേൽപ്പറഞ്ഞ പ്രദേശങ്ങൾ ഗവേഷണപഠനങ്ങൾക്കായി എല്ലാ രാജ്യങ്ങൾക്കും സൗജന്യമായി ഉപയോഗിക്കാം.

എന്നാൽ ഒറ്റനോട്ടത്തിൽ എല്ലാ രാഷ്ട്രങ്ങൾക്കും ഗുണകരമെന്ന് തോന്നിക്കുന്ന ഈ തീരുമാനം സമ്പന്നരാജ്യങ്ങൾ ഫലപ്രദമായി ദുരുപയോഗ പ്പെടുത്തുകയാണുണ്ടായത്. മൂന്നാംലോകരാഷ്ട്രങ്ങളിലെ സമ്പന്നമായ ജൈവവൈവിധ്യകേന്ദ്രങ്ങളിലേക്ക് കടന്നുകയറാൻ സൗജന്യമായി ലഭിച്ച അവസരം സമ്പന്നരാഷ്ട്രങ്ങൾ ശരിക്കും മുതലെടുത്തു. അങ്ങനെ തങ്ങൾക്കന്യമായിരുന്ന ജനിതകസമ്പത്ത് കടത്തിക്കൊണ്ടുപോയി ലാഭകരമായ ഒരു കാർഷിക അടിത്തറ സ്വന്തം രാജ്യത്ത് കെട്ടിപ്പടുക്കാൻ ഇവർക്ക് കഴിഞ്ഞു എന്ന് മനസ്സിലാക്കുമ്പോഴേ ചൂഷണത്തിന്റെ വ്യാപ്തി എത്ര വലുതായിരുന്നു എന്നതിനെക്കുറിച്ച് നമുക്ക് പൂർണ്ണബോധ്യം വരൂ.

സൗജന്യകൈമാറ്റത്തിന്റെ നേട്ടം സമ്പന്നരാജ്യങ്ങൾക്ക്

കഴിഞ്ഞ കുറേവർഷങ്ങൾക്കുമുമ്പു വരെ ഏറെ പരമിതമായിരുന്നു സമ്പന്നരാജ്യങ്ങളുടെ ജനിതക അടിത്തറ. മാത്രമല്ല ഐകരൂപ്യമുള്ള സസ്യ ഇനങ്ങളായിരുന്നു ഈ രാജ്യങ്ങളിൽ ഭൂരിഭാഗം പ്രദേശങ്ങളിലും കൃഷി ചെയ്തിരുന്നത്. ഉദാഹരണത്തിന് 1969–ൽ അമേരിക്കയിൽ പയറ് കൃഷി ചെയ്തിരുന്ന ഭൂരിഭാഗം പ്രദേശത്തും 96 ശതമാനം) ഉപയോഗിച്ചത് രണ്ടിനം വിത്തുകൾ മാത്രമായിരുന്നു. ഈ ജനിതക ഐകരൂപ്യം (Genetic Uniformity) രോഗബാധയ്ക്കുള്ള സാദ്ധ്യത പതിൻമടങ്ങ് വർദ്ധിപ്പിച്ചു. 1970–ൽ അമേരിക്കയിലുണ്ടായ കോൺ ബ്ലൈറ്റ് രോഗബാധമൂലം അക്കൊല്ലത്തെ ചോളം ഉൽപ്പാദനത്തിന്റെ 15 ശതമാനവും നഷ്ടപ്പെടാനിടയായ സംഭവം ജനിതക

അടിത്തറ വിപുലീകരിക്കേണ്ടതിന്റെ അടിയന്തരപ്രാധാന്യം സമ്പന്ന രാഷ്ട്രങ്ങളെ ബോധ്യപ്പെടുത്തി.

തങ്ങളുടെ ജനിതക അടിത്തറയിൽ വൈവിധ്യംവരുത്തുന്നതിന് മൂന്നാം ലോകരാഷ്ട്രങ്ങളെ ചൂഷണം ചെയ്യാനുള്ള സമ്പന്നരാജ്യങ്ങളുടെ തീരുമാനം ആരംഭിച്ചതിങ്ങനെയാണ്. ഈ പദ്ധതി അതിവിദഗ്ധമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ സമ്പന്നരാജ്യങ്ങൾ അഭൂതപൂർവ്വമായ വിജയമാണ് കൈവരിച്ചത്. അന്താരാഷ്ട്രതലത്തിൽ വാണിജ്യപ്രാധാന്യമുള്ള കാർഷിക വിളകളിൽ വെറും അഞ്ച് ഇനങ്ങൾ മാത്രമാണ് അമേരിക്ക, ക്യാനഡ എന്നീ രാഷ്ട്രങ്ങളിൽ ഉള്ളത്. വടക്കൻ യൂറോപ്പിന്റെ പങ്ക് കേവലം നാല് ഇനങ്ങൾ മാത്രം. എന്നാൽ വിരോധാഭാസമെന്ന് പറയട്ടെ, മുകളിൽ സൂചിപ്പിച്ചവ ഉൾപ്പെടെയുള്ള സമ്പന്നരാജ്യങ്ങളാണ് ഇന്നേറ്റവും ജനിതകസമ്പന്നമായവ. ലോകത്തിന്റെ ഭക്ഷണക്കൂട എന്നറിയപ്പെടുന്ന രാജ്യങ്ങളും ഇവതന്നെ. സമ്പന്നരാജ്യങ്ങളുടെ കാർഷികമേഖലയിൽ മുന്തിനിൽക്കുന്ന കാർഷികവിളകളൊന്നും സ്വാദേശീയമായി വികസിച്ചുവന്നവയല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. പ്രധാനമായും മൂന്നാം ലോകരാജ്യങ്ങളിൽനിന്ന് പറിച്ചുനട്ടവയാണ് ഇന്ന് സമ്പന്നരാജ്യങ്ങളിൽ പ്രാമുഖ്യം വഹിക്കുന്ന വിളകളിൽ ഭൂരിഭാഗവും. ഉദാഹരണത്തിന് ക്യാനഡയിലെ ഓരോ ഗോതമ്പ് ഇനത്തിലും പതിനാല് മൂന്നാംലോകരാജ്യങ്ങളിൽനിന്നുള്ള ജീനുകളുണ്ട്. അമേരിക്കയിലെ പയറ് വർഗ്ഗത്തിന് രോഗപ്രതിരോധശക്തി ലഭിച്ചത് പെറു, ഇറാൻ, ടർക്കി എന്നീ രാജ്യങ്ങളിൽനിന്നുള്ള ജീനുകളിൽക്കൂടിയാണ്.

ജനിതകകൈമാറ്റത്തിലൂടെ സമ്പന്നരാകുന്ന വികസിത രാജ്യങ്ങൾ

ജീനുകളുടെ 'സൗജന്യ കൈമാറ്റം' മൂലം സമ്പന്നരാജ്യങ്ങൾക്കുണ്ടാകുന്ന സാമ്പത്തികലാഭത്തിന്റെ തോത് മനസ്സിലാക്കിയാൽ മാത്രമേ ചൂഷണത്തിന്റെ വലിപ്പം എത്രത്തോളമാണെന്ന് നമുക്ക് പൂർണ്ണബോധ്യംവരൂ. 'സ്ട്രൈപ് റസ്റ്റ്' എന്ന രോഗത്തെ പ്രതിരോധിക്കുന്ന ജീനുകൾ ടർക്കിയിൽനിന്നാണ് അമേരിക്കൻ ഗോതമ്പിനങ്ങൾക്ക് ലഭിച്ചത്. ഇതുവഴിയുണ്ടായ ലാഭം പ്രതിവർഷം 130 കോടി രൂപവരും. അമേരിക്കയിൽ ചോളത്തിന് 'ഗ്രീൻബഗ്' എന്ന കീടത്തിൽനിന്ന് രക്ഷ നേടാനുള്ള കഴിവ് ലഭിച്ചത് ഇന്ത്യയിൽനിന്നുള്ള ഒരു പ്രത്യേക ജീൻവഴിയാണ്. ഇതിൽക്കൂടി നേടിയ ലാഭമാകട്ടെ വർഷംപ്രതി 312 കോടിരൂപയും. അമേരിക്കയിലെ ബാർലിവിളയെ 'യെല്ലോ ഡ്വാർഫ്' എന്ന രോഗത്തിൽ നിന്ന് രക്ഷിച്ചു നിർത്തിയിരിക്കുന്നത് ഒരു എത്യോപ്യൻ ജീനാണ്. തൻമൂലമുണ്ടായ ലാഭം 3900 കോടി രൂപ വരും. ലോകത്തെ 32 കാർഷിക വിളകളുടെ സമ്പൂർണ്ണനിയന്ത്രണം ഇന്ന് സമ്പന്നരാജ്യങ്ങൾക്കാണ്. ഇന്ന് അമേരിക്ക, ഭക്ഷണം ഒരു പ്രധാന 'ആയുധ' മായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണല്ലോ. എന്നാൽ ഇത് സാധ്യമായത് അമേരിക്കയുടെ മുൻകാർഷിക സെക്രട്ടറി ഏൾബുട്ട്സിന്റെ അഭിപ്രായത്തിൽ നിക്കാരാഗ്വാ, എത്യോപ്യ, ഇറാൻ, ചൈന എന്നീ രാജ്യങ്ങൾ യഥാക്രമം ചോളം,

ഗോതമ്പ്, സോയാബീൻ, അൽഫാൽഫ എന്നീ ഇനം വിളകളുടെ ജേംപ്ലാസം അമേരിക്കയുടെ 'ഭക്ഷ്യായുധപ്പുര'യിലേക്ക് സംഭാവന ചെയ്തതു മൂലമാണ്.

സൗജന്യകൈമാറ്റത്തിന്റെ മറവിൽ മൂന്നാം ലോകരാജ്യങ്ങളിൽനിന്ന് ലഭിച്ച സസ്യജനിതകസമ്പത്ത് സമ്പന്നരാജ്യങ്ങൾ തങ്ങളുടെ ജീൻബാങ്കുളിലും തങ്ങൾക്ക് നേരിട്ട് നിയന്ത്രണമുള്ള ചില അന്താരാഷ്ട്ര ഗവേഷണകേന്ദ്രങ്ങളിലും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. ഉദാഹരണത്തിന് ഇന്ന് ലോകത്തുള്ള സസ്യജനിതകവിഭവങ്ങളിൽ 55 ശതമാനവും നിയന്ത്രിക്കുന്നത് സമ്പന്ന രാജ്യങ്ങളും (41 ശതമാതം) അന്താരാഷ്ട്ര ഗവേഷണകേന്ദ്രങ്ങളും (14 ശതമാനം) ചേർന്നാണ്. ലോകത്ത് ലഭ്യമായിട്ടുള്ള ഗോതമ്പിന്റെ 75 ശതമാനം ജേംപ്ലാസവും സമ്പന്നരാജ്യങ്ങളുടെ നിയന്ത്രണത്തിലാണ്. ബാർലി (80ശതമാനം) ചോളം (56 ശതമാനം) സൊർഗം (52 ശതമാനം) എന്നീ ഭക്ഷ്യവിളകളുടെ നിയന്ത്രണവും ഇതേ രാജ്യങ്ങളുടെ കൈവശംതന്നെ. സസ്യജനിതകസമ്പത്തിന്റെ 22 ശതമാനവും സൂക്ഷ്മജീവിശേഖരത്തിന്റെ 86 ശതമാനവും അമേരിക്ക എന്ന ഒറ്റ രാജ്യത്തിന്റെ മാത്രം നിയന്ത്രണത്തിലാണ്.

ജൈവസാങ്കേതികവിദ്യ

എൺപതുകളുടെ തുടക്കത്തിൽ ജൈവസാങ്കേതികവിദ്യ (ജീവജാലങ്ങളെ ഉൽപ്പാദനോപാധിയായി ഉപയോഗിക്കുന്ന സാങ്കേതിക രീതികളെയാണ് ജൈവസാങ്കേതികവിദ്യ അഥവാ ബയോടെക്നോളജി എന്ന് വിളിക്കുന്നത്) യുടെ രംഗത്ത് വൻകുതിച്ചുചാട്ടങ്ങളുണ്ടായി. ഈ സാങ്കേതികവിദ്യയുടെ വികസന ത്തിലൂടെ ലഭിച്ച ആനുകൂല്യങ്ങൾ മുതലെടുത്ത് മൂന്നാംലോക രാജ്യങ്ങളുടെ കാർഷികമേഖലയെ തങ്ങളുടെ നിയന്ത്രണത്തിലാക്കാനുള്ള ഗൂഢശ്രമങ്ങളാണ് ഡങ്കൽ നിർദ്ദേശങ്ങളിലൂടെ സമ്പന്നരാജ്യങ്ങൾ നടപ്പാക്കാനാ ഗ്രഹിക്കുന്നത്. ജൈവസാങ്കേതികവിദ്യയുടെ മേഖലയിൽ തങ്ങൾക്കുള്ള മുൻതൂക്കം ദുരുപയോഗപ്പെടുത്തി മൂന്നാംലോകരാജ്യങ്ങളിൽനിന്ന് കൈക്ക ലാക്കിയ ജനിതകവിഭവങ്ങളിൽ ചെറിയ വ്യതിയാനങ്ങൾ വരുത്തിയിതിനുശേഷം പേറ്റന്റിലൂടെ കുത്തകാവശകാശം സ്ഥാപിക്കാനാണ് പരിപാടി.

പുതിയ നിയമമനുസരിച്ച് സസ്യങ്ങൾ, വിത്തുകൾ എന്നിവയ്ക്ക് ഏതൊരാൾക്കും പേറ്റന്റിലൂടെ കുത്തകാവകാശം സമ്പാദിക്കാം. ഉൽപ്പാദനം നിയന്ത്രിക്കാതെതന്നെ കാർഷികമേഖലയിൽനിന്ന് കൊള്ളലാഭം ഉണ്ടാക്കു വാനുള്ള സ്വാതന്ത്ര്യമാണ് സമ്പന്നരാജ്യങ്ങളിലെ ബഹുരാഷ്ട്രകുത്ത കകൾക്ക് ഈ നിയമത്തിലൂടെ ലഭിക്കാൻ പോകുന്നത്. ഇതിന്റെ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമായിരിക്കും എന്ന് കാണാൻ പ്രയാസമില്ല. ഒരു ഉദാഹരണമെടുക്കാം. അടുത്തകാലത്ത് നൈജീരിയയിലെ ഒരു പയറുവർഗ്ഗത്തിൽനിന്ന് വേർതിരിച്ചെടുത്ത ഒരു ജീൻ അമേരിക്കയുടെ കാർഷികവിളകളിൽ കീടപ്രതിരോധശക്തി

ഉണ്ടാക്കുന്നതിനായി വിളക്കിച്ചേർക്കാനുള്ള അനുവാദം അമേരിക്കൻ ബഹുരാഷ്ട്രകുത്തകകളായ പൈനിയർ ഹൈബ്രിഡ്, കാൽജീൻ എന്നിവയ്ക്ക് ലഭിക്കുകയുണ്ടായി. നൈജീരിയയിൽനിന്നുള്ള ജീനുപയോഗിച്ചാണ് പ്രതിരോധശേഷി വികസിപ്പിച്ചെടുത്തത് എങ്കിലും നൈജീരിയൻ കർഷകർക്ക് പ്രസ്തുത വിള വാങ്ങണമെങ്കിൽ ബഹുരാഷ്ട്രകുത്തകൾക്ക് വൻതുക റോയൽറ്റിയായി നൽകേണ്ടിവരും ഈ വിളയുടെ വിത്ത് നൈജീരിയൻ കർഷകർ ഉൽപ്പാദിപ്പിച്ചാലോ? പേറ്റന്റുടമസ്ഥൻ തടയുകയും ചെയ്യും.

വിത്തിന്റെ നിയന്ത്രണവും ബഹുരാഷ്ട്രകുത്തകകൾക്ക്

ജനിതക എൻജിനീയറിങ്ങ് (Genetic Engineering) പോലുള്ള അതിനൂതനമായ സാങ്കേതിവിദ്യകളുപയോഗിച്ച് മൂന്നാംലോകരാഷ്ട്രങ്ങളിൽനിന്ന് സംഭരിച്ച ജനിതകവിഭവങ്ങളിൽ ചെറിയ വ്യതിയാനങ്ങൾ വരുത്തിയതിനുശേഷം മൂന്നാം ലോകരാഷ്ട്രങ്ങൾക്കു തന്നെ തിരികെ വിൽക്കാനാണ് സമ്പന്നരാജ്യങ്ങൾ ശ്രമിക്കുന്നത്. വിത്തുകൾ ഉൽഭവിച്ച രാജ്യത്തുള്ളവർക്കുപോലും പേറ്റന്റുടമസ്ഥന്റെ അനുവാദമില്ലാതെ പേറ്റന്റ് ചെയ്യപ്പെട്ട വിത്തിൻമേൽ യാതൊരു മാറ്റവും വരുത്താൻ അവകാശമില്ല. ദരിദ്രരാജ്യങ്ങളിലെ കർഷകർ വിവിധ കാർഷിക മുറകളിലൂടെയും പരമ്പരാസിദ്ധമായ അറിവിലൂടെയും നൂറുകണക്കിന് വർഷത്തെ കഠിനാദ്ധ്വാനത്തിലൂടെയും വികസിപ്പിച്ചടുത്തവയാണ് മിക്കവാറും എല്ലാ ഭക്ഷ്യവിളകളും. എന്നാൽ ഈ വിളകളിൽ ചെറിയൊരു മാറ്റംവരുത്തി പേറ്റന്റ് എടുത്താൽ ഇവ സമ്പന്നരാജ്യങ്ങളുടെ സ്വത്തായി. അതായത് പച്ചമലയാളത്തിൽ പറഞ്ഞാൽ നമ്മുടെ വിത്തിൻമേൽ എന്തെങ്കിലും വ്യതിയാനം വരുത്തുന്നതിൽനിന്ന് ബഹുരാഷ്ട്രകുത്തകകൾ നമ്മെ തടയുമെന്നർത്ഥം.

കോടിക്കണക്കിനു ഡോളറിന്റെ ലാഭമാണ് ഈ കച്ചവടത്തിലൂടെ ബഹുരാഷ്ട്രകുത്തകകൾ പ്രതിക്ഷീക്കുന്നത്. ഫൈസർ, സിബാഗീഗി മുതലായ ഔഷധബഹുരാഷ്ട്രകുത്തകകൾ വിത്തുകമ്പനികൾതന്നെ വാങ്ങിക്കൂട്ടിക്കൊണ്ടിരിക്കുന്നു. ഹരിതവിപ്ലവത്തിലൂടെ അനേകകോടി ഡോളറിന്റെ ലാഭംകൊയ്ത അതേ കാർഷിക രാസവള കുത്തകകൾ തന്നെയാണ് ഇന്ന് ജൈവസാങ്കേതികവിദ്യയുടെ രംഗത്തേക്ക് വർദ്ധിച്ചതോതിൽ കടന്നുവന്നുകൊണ്ടിരിക്കുന്നത്. നമുക്കെല്ലാം ചിന്തിക്കാവുന്നതിലും അപ്പുറത്താണ് ഈ മേഖലയിലെ മുതൽ മുടക്ക്. ഉദാഹരണത്തിന് 1,88-ൽ മാത്രം കാർഷിക ജൈവസാങ്കേതിക വിദ്യയുടെ മേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ 25 ബഹുരാഷ്ട്രകുത്തകകൾ ,,,0 കോടി രൂപയാണ് ചെലവഴിച്ചത്. കാർഷിക-രാസവള മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളാണ് ഇവയെല്ലാം എന്നത് ഒട്ടും ആകസ്മികമല്ല. രാസവളം, കീടനാശിനി എന്നിവയുടെ രംഗത്ത് ഇപ്പോൾതന്നെ കുത്തകാവകാശമുള്ള ഈ കമ്പനികൾ വിത്തുൽപ്പാദനത്തിന്റെ മേഖലയിലും കുത്തകാവകാശം സ്ഥാപിച്ചാലുണ്ടാകുന്ന പ്രതിസന്ധി പ്രവചനാതീതമായിരിക്കും.

II. വളം വിലയും പുതിയ പരിഷ്കാരങ്ങളും

ഗവൺമെന്റിന്റെ ധനകമ്മി കുറക്കുക എന്നത് പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ സുപ്രധാന ഭാഗമാണ്. ഒന്നുകിൽ നികുതി – നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടോ, അല്ലെങ്കിൽ ഗവൺമെന്റിന്റെ അനാവശ്യ ചിലവുകൾ വെട്ടിക്കുറച്ചുകൊണ്ടോ ആണ് സാധാരണ ധനകമ്മി കുറക്കുക. എന്നാൽ ഒട്ടേറെ മേഖലകളിൽ കോടിക്കണക്കിന് രൂപയുടെ അനാവശ്യ ചിലവുകൾ തുടർന്നുകൊണ്ടിരിക്കുന്ന ഗവൺമെന്റ്. സമ്പദ്ഘടനയെ പൂർണ്ണ ആരോഗ്യത്തോട് കൂടി നിലനിർത്തുന്നതിൽ തന്ത്രപ്രധാനമായ പങ്ക് വഹിക്കുന്ന വിവിധ മേഖലകളിൽ ചിലവ് ചുരുക്കൽ നടപ്പാക്കിക്കൊണ്ട് ധനകമ്മികുറക്കാനാണ് തീരുമാനിച്ചത്. കാർഷിക മേഖലക്കാണ് ഇതിന്റെ ഏറ്റവും ശക്തമായ ആഘാതം ഏല്ക്കേണ്ടി വന്നത്. കഴിഞ്ഞ രണ്ട് പതിറ്റാണ്ട് കാലമായി ഗവൺമെന്റ് രാസവളത്തിന് നല്കിവന്ന സബ്സിഡി നിർത്തലാക്കാൻ എടുത്ത തീരുമാനമാണ് ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചത്.

ഇതിനെതുടർന്ന് മിക്കവാറും എല്ലാ രാസവളങ്ങളുടേയും വില യാതൊരു നിയന്ത്രണവുമില്ലാതെ വർദ്ധിച്ചു. ഉദാഹരണത്തിന് ടണ്ണൊന്നിന് 3600 രൂപയായിരുന്ന ഫോസ്ഫേറ്റ് വളങ്ങളുടെ വില 7500 രൂപയായി വർദ്ധിച്ചു. പൊട്ടാഷ് വളങ്ങളുടെ വിലയാകട്ടെ 1700 രൂപയായിരുന്നത് 4000 രൂപയായി ഉയർന്നു, കാർഷിക ചെലവിന്റെ അഭൂതപൂർവ്വമായ വർദ്ധനയാണ് ഈ നടപടിയുടെ ആത്യന്തികഫലം. ഇതിന്റെ പ്രതിഫലനം രാസവള ഉപഭോഗത്തിൽ കണ്ടു തുടങ്ങിക്കഴിഞ്ഞു. 1992-93 –ലെ കണക്കുകൾ അനുസരിച്ച് ഇന്ത്യയിലെ രാസവള ഉപഭോഗം കഴിഞ്ഞ വർഷത്തെ നിലവാരമായ 127 ലക്ഷം ടണ്ണിൽ നിന്ന് 119 ലക്ഷം ടണ്ണായി കുറഞ്ഞു കഴിഞ്ഞു. ഇക്കാലയളവിൽ ഫോസ്ഫേറ്റ് വളങ്ങളുടെ ഉപഭോഗം 33.21 ലക്ഷം ടണ്ണിൽ നിന്ന് 27.58 ലക്ഷം ടണ്ണായി (17 ശതമാനം കുറവ്) പൊട്ടാഷിന്റെ ഉപഭോഗം 13.6 ലക്ഷം ടണ്ണിൽ നിന്ന് 8.85 ലക്ഷം ടണ്ണായും (35 ശതമാനം കുറവ്) കുറഞ്ഞു കഴിഞ്ഞു. നൈട്രജൻ – ഫോസ്ഫറസ് – പൊട്ടാഷ് (NPK) അനുപാതം പരമാവധിയായി നിലനിർത്തിയില്ല എങ്കിൽ അത് കാർഷിക ഉല്പാദനത്തെ ദോഷകരമായി ബാധിക്കുമെന്ന് കൃഷി വിദഗ്ധർ മുന്നറിയിപ്പ് നല്കിക്കഴിഞ്ഞു. ഇപ്പോൾ ഉരുത്തിരിഞ്ഞു വന്നിരിക്കുന്ന പ്രത്യേക സ്ഥിതിവിശേഷം മണ്ണിന്റെ പോഷക ഘടനയുടെ സന്തുലിതാവസ്ഥ തകർക്കുമെന്നും അത് ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുമെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യയുടെ ഭക്ഷ്യസ്വയം പര്യാപ്തതയും രാസവള ഉപഭോഗവും

ഇന്ത്യയുടെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിൽ രാസവളത്തിന്റെ വർദ്ധിച്ച ഉപഭോഗം വഹിച്ച പങ്ക് എത്ര വലുതാണ് എന്ന് മനസ്സിലാക്കിയാൽ മാത്രമേ രാസവള

ഉപഭോഗത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന കുറവ് ഉളവാക്കാൻ ഇടയുള്ള പ്രതിസന്ധിയെ കുറിച്ച് നമുക്ക് ബോധ്യമാകൂ. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്കുള്ളിൽ ഇന്ത്യയിലെ രാസവള ഉപഭോഗത്തിൽ ഉണ്ടായിട്ടുള്ള വർദ്ധന അഭൂതപൂർവ്വമാണ്. 1971-72-ൽ വെറും 26 ലക്ഷം ടൺ ആയിരുന്ന രാസവള ഉപഭോഗം 1990-92 ആയപ്പോഴേക്കും 127 ലക്ഷം ടൺ ആയാണ് വർദ്ധിച്ചത്. ഒരു ഹെക്ടറിൽ ഉപയോഗിക്കപ്പെട്ട രാസവളത്തിന്റെ അളവ് ഇക്കാലയളവിൽ 16.03 കിലോഗ്രാമിൽ നിന്ന് 70.66 ആയി ഉയർന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾ കൊണ്ട് ഇന്ത്യയുടെ ഭക്ഷ്യോല്പാദനത്തിൽ ഉണ്ടായ 10 കോടി ടണ്ണിന്റെ വർദ്ധനയിൽ 5.5 കോടി ടണ്ണിന്റെ വർദ്ധനയും സാദ്ധ്യമായത് രാസവളത്തിന്റെ വർദ്ധിച്ച ഉപഭോഗം മൂലമാണ്. പ്ലാനിങ്ങ് കമ്മീഷന്റെ കണക്കുകൾ അനുസരിച്ച് രണ്ടായിരം ആണ്ടോടെ ഇന്ത്യയുടെ ഭക്ഷ്യോല്പാദനം 24 കോടി ടണ്ണായി വർദ്ധിക്കേണ്ടതുണ്ട്. ഇത് സാധ്യമാകണം എന്നുണ്ടെങ്കിൽ രാസവള ഉപഭോഗം 2 കോടി ടൺ ആയി – അതായത് ഇപ്പോഴത്തേതിൽ നിന്നും 80 ലക്ഷം ടൺ അധികം – ഉയരണം. അതായത് ഓരോ വർഷവും രാസവള ഉപഭോഗം 10 ലക്ഷം ടൺ എന്ന തോതിൽ വർദ്ധിക്കേണ്ടതുണ്ട്. ഇന്ന് ഇന്ത്യയിൽ കൃഷി ചെയ്യപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൽ വർദ്ധനയുണ്ടാകും എന്ന് പ്രതീക്ഷിക്കാൻ പോലും സാധിക്കാത്ത സാഹചര്യത്തിൽ ഉല്പാദന വർദ്ധന വർദ്ധിച്ച രാസവള ഉപഭോഗത്തിലൂടെ മാത്രമേ സാധ്യമാകൂ എന്ന് കണക്കാക്കപ്പെടുന്നു. ഭക്ഷ്യോല്പാദനം ഇനിയും വർദ്ധിപ്പിക്കണം എങ്കിൽ കർഷകർക്ക് ന്യായവിലക്ക് രാസവളം ലഭിക്കേണ്ടതുണ്ട് എന്നാണ് ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ രാസവള വ്യവസായ രംഗത്ത് ഉടലെടുത്തിരിക്കുന്ന പ്രതിസന്ധിയെ ഈ പശ്ചാത്തലത്തിൽ വേണം വീക്ഷിക്കാൻ.

രാസവള സബ്സിഡി കർഷകരുടെ അവകാശം

'കൂടുതൽ ഭക്ഷണം ഉല്പാദിപ്പിക്കുക' എന്ന ലക്ഷ്യത്തോടെ 1943 ലാണ് ആദ്യമായി സർക്കാർ രാസവള വിലയുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയത്. 1973-74 കാലത്ത് സാർവ്വദേശീയ കമ്പോളത്തിൽ ഉണ്ടായ വൻ വിലവർദ്ധനയെ തുടർന്നാണ്, ഇറക്കുമതി ചെയ്യപ്പെടുന്ന രാസവളങ്ങളുടെ വിലവർദ്ധന കർഷകരുടെ ചുമലിലേക്ക് മാറ്റാതെ വളം സബ്സിഡിയോടെ വില കുറച്ച് വിതരണം ചെയ്യാനുള്ള പദ്ധതിക്ക് തുടക്കം കുറിക്കപ്പെട്ടത്. തുടക്കത്തിൽ ഇറക്കുമതി ചെയ്യപ്പെടുന്ന രാസവളത്തിന് മാത്രമായിരുന്നു സബ്സിഡി നല്കപ്പെട്ടിരുന്നത് എങ്കിൽ പിന്നീട് ഈ ആനുകൂല്യം ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന രാസവളങ്ങൾക്കും ബാധകമാക്കി. ഈ ആനുകൂല്യം നല്കി തുടങ്ങിയതോടെ ഗവൺമെന്റ് രാസവളങ്ങളുടെ വില നിയന്ത്രിക്കുകയും ചെയ്തു. എന്നാൽ ഈ ആനുകൂല്യമാണ് ഇന്ന് നിർത്താലാക്കപ്പെട്ടിരിക്കുന്നത്.1992-93 ലെ പുതുക്കിയ കണക്കുകൾ അനുസരിച്ച് 6500 കോടി രൂപയായിരുന്നു കാർഷിക മേഖലക്ക് സബ്സിഡിയായി നൽകിയിരുന്നത്. ഇത് 3500 കോടിയായി വെട്ടിക്കുറച്ചിരിക്കുന്നു.

കാർഷിക മേഖലക്ക് നല്കുന്ന സബ്സിഡി തികച്ചും അനാവശ്യമാണ് എന്നും അത് ഗവൺമെന്റിനു മേൽ കടുത്ത സാമ്പത്തിക ബാധ്യതയാണ് വരുത്തിക്കൊണ്ടിരിക്കുന്നത് എന്നും മറ്റുമുള്ള ന്യായം പറഞ്ഞാണല്ലോ സബ്സിഡി നിർത്താലാക്കിയത്. എന്നാൽ ഈ വാദം ശരിയാണോ? ഇന്ത്യയിൽ അങ്ങോളമിങ്ങോളം കർഷകർക്ക് ഒരേ വിലക്ക് രാസവളങ്ങൾ ലഭ്യമാക്കും എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് നല്കിവന്ന ആനുകൂല്യമാണ് സബ്സിഡി. വില്പന വിലയുടെ രാജ്യവ്യാപകമായ ഏകീകരണവും അതോടൊപ്പം കൃഷിക്കാരന്റെ ക്രയശേഷിയും കാർഷിക ഉല്പന്നങ്ങൾക്ക് കിട്ടേണ്ട ന്യായമായ വിലയേയും ഉൾക്കൊള്ളുന്ന ഒരു സാമ്പത്തിക സംയുക്തതയായും രാസവള സബ്സിഡിയെ കാണേണ്ടതുണ്ട്. ഗവൺമെന്റ് തുടരുന്ന നയങ്ങളുടെ ഫലമായി രാസവളങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട് എങ്കിൽ അത് കർഷകന് താങ്ങാനാവുന്ന വിലക്ക് നൽകുക എന്നത് ഗവൺമെന്റിന്റെ തന്നെ കടമയാണ്. അതാണ് സബ്സിഡിയുടെ യുക്തി. അല്ലാതെ ജനങ്ങളോട് ഉള്ള ഔദാര്യ പ്രകടനമൊന്നും അല്ല സബ്സിഡി. മേൽ പറഞ്ഞ നയമാണ് ഇതുവരെ ഗവൺമെന്റ് തുടർന്നു പോന്നത്. ഈ സബ്സിഡി ഇന്ത്യയുടെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട് എന്ന കാര്യവും നാം നേരത്തേ കാണുകയുണ്ടായി.

രാസവള സബ്സിഡി ധൂർത്തടിച്ചത് വൻ വ്യവസായശാലകൾ

രാസവളം കുറഞ്ഞ വിലക്ക് ഉല്പാദിപ്പിക്കുന്നതിന് വേണ്ടി നിർമ്മാണശാലകൾക്ക് നല്കി വന്ന സബ്സിഡി തുക ഇക്കൂട്ടർ വൻ തോതിൽ ധൂർത്തടിച്ചു എന്നതാണ് സബ്സിഡി നിർത്തലാക്കാൻ പറഞ്ഞ പ്രധാന കാരണം. രാസവളം നിർമ്മാണ ശാലകൾക്കാണ് ഗവൺമെന്റ് സബ്സിഡി നല്കിപ്പോന്നത്. കമ്പനികളുടെ മൊത്തം ഉല്പാദന ചിലവും, മൂലധന മുടക്കിന്മേൽ 12 ശതമാനം ലാഭവും കണക്കാക്കിയശേഷം വില്പന വിലയിൽ ഉണ്ടാകുന്ന കുറവ് സബ്സിഡിയായി നൽകുക എന്ന സംവിധാനമാണ് ഇത്‌വരെ നിലനിന്നത്. സബ്സിഡി കണക്കാക്കുന്നതിൽ ഉല്പാദനക്ഷമതക്കോ, മൂലധനത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിനോ യാതൊരു പ്രാധാന്യവും നല്കപ്പെട്ടിരുന്നില്ല എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

സബ്സിഡി കണക്കാക്കുന്നതിന് അവലംബിച്ച ഇത്തരം തലതിരിഞ്ഞ രീതിയാണ് വൻതോതിൽ പണം ധൂർത്തടിക്കപ്പെടുന്നതിന് കാരണമായത്. ഗവൺമെന്റ് തന്നെയാണ് ഇതിന് ഉത്തരവാദി. ഈ സാഹചര്യം മുതലെടുത്ത് രാസവളം നിർമ്മാണ ശാലകൾ വൻ തോതിൽ പണം സബ്സിഡി ഇനത്തിൽ തട്ടിയെടുത്തു. ഉദാഹരണത്തിന്, നൂറ് കോടി രൂപ യഥാർത്ഥത്തിൽ ചെലവുവരുന്ന യന്ത്രസാമഗ്രികൾ ഇരുനൂറ് കോടി വിലകാണിച്ചാണ് സ്ഥാപിക്കപ്പെടുന്നത് എന്ന് കരുതുക. അപ്പോൾ 12 ശതമാനം നിരക്കിൽ സബ്സിഡി കണക്കു കൂട്ടുമ്പോൾ യഥാർത്ഥത്തിൽ 12 കോടി രൂപ കിട്ടേണ്ടിയിരുന്നിടത്ത് 24 കോടി രൂപയാണ്

കമ്പനികൾ തട്ടിയെടുക്കുക. സബ്സിഡി വൻതോതിൽ വർദ്ധിക്കാനുള്ള കാരണം ഗവൺമെന്റ് കൂടി അറിഞ്ഞുള്ള ഈ തട്ടിപ്പാണ്. ഗവൺമെന്റ് തലത്തിൽ സ്വാധീനമുള്ള ചില വിദേശ കമ്പനികളാണ് ഇത്തരത്തിൽ കോടിക്കണക്കിന് രൂപ തട്ടിയെടുത്തത്. സ്വാഭാവികമായും ഒരു പതിറ്റാണ്ടിനുള്ളിൽ സബ്സിഡിയിനത്തിൽ ഉണ്ടായ ചെലവ് വൻതോതിൽ വർദ്ധിച്ചു. ഉദാഹരണത്തിന് 1980-81 ൽ 505 കോടി രൂപ മാത്രമായിരുന്ന സബ്സിഡി തുക 90-91 ഓടെ 6500 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ ഈ തട്ടിപ്പ് കണ്ടുപിടിച്ച് തിരുത്തുകയും നിയമം ലംഘിക്കുന്ന കമ്പനികൾക്ക് മേൽ കർശനനടപടികൾ സ്വീകരിക്കുന്നതിനും പകരം സബ്സിഡി ഏകപക്ഷീയമായി വെട്ടിക്കുറക്കുകയാണു ഗവൺമെന്റ് ചെയ്തത്. ഇതിന്റെ പ്രത്യാഘാതം അനുഭവിക്കുന്നതോ? ഈ വൻ തട്ടിപ്പിൽ യാതൊരു പങ്കും വഹിക്കാതിരുന്ന കോടിക്കണക്കിനു ദരിദ്ര കർഷകരും! എന്തു് വിരോധാഭാസം എന്ന് നോക്കുക.

സബ്സിഡി നിർത്തലാക്കിയത് രാസവള വ്യവസായത്തെ തകർക്കുന്നു.

രാസവളങ്ങൾക്ക് നൽകി വന്ന സബ്സിഡി നിർത്തലാക്കിയ നടപടി ഇന്ത്യയുടെ രാസവള നിർമ്മാണ വ്യവസായത്തെ ഏറെ ദോഷകരമായി ബാധിച്ചു കഴിഞ്ഞു. വിവിധ ഇനം രാസവളം നിർമ്മിക്കുന്ന 55 രാസവള നിർമമ്മാണ ശാലകളും, സിങ്കിൾ സൂപ്പർ ഫോസഫേറ്റ് എന്ന രാസവളം നിർമ്മിക്കുന്ന 90 യൂണിറ്റുകളും അടങ്ങുന്നതാണ് ഇന്ത്യയുടെ രാസവള നിർമ്മാണ വ്യവസായ രംഗം. ഈ വ്യവസായം ഇന്ന് കടുത്ത പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു.

കേരളത്തിലെ ഏറ്റവും വലിയ രാസവള നിർമ്മാണ ശാലകളിൽ ഒന്നായ ഫാക്ട് നേരിടുന്ന പ്രതിസന്ധിയുടെ ഉദാഹരണം നോക്കാം. കഴിഞ്ഞ 9 വർഷത്തിൽ അധികമായി 20 കോടിയിൽ അധികം രൂപയുടെ ശരാശരി ലാഭം ഉണ്ടാക്കിക്കൊണ്ടിരുന്ന ഫാക്ടിൽ രാസവള സബ്സിഡി നിർത്തലാക്കിയതിനെ തുടർന്ന് (വില വർദ്ധിച്ചതുമൂലം) നൂറുകണക്കിന് ടൺ രാസവളം ആണ് വിൽക്കാതെ കെട്ടിക്കിടക്കുന്നത്. ഇന്ത്യയിലെ മറ്റ് പ്രധാന രാസവള നിർമ്മാണ ശാലകളുടേയും സ്ഥിതി വ്യത്യസ്തമല്ല.

ഇന്ത്യൻ രൂപ സ്വതന്ത്ര വിനിമയ നാണയമാക്കി പ്രഖ്യാപിച്ച നടപടിയും രാസവള നിർമ്മാണശാലകളെ ഗുരുതരമായി ബാധിച്ചു കഴിഞ്ഞു. ഇന്ത്യയിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന പൂർണ്ണമായും ഇറക്കുമതിയെ ആശ്രയിച്ചു നില്ക്കുന്നതാണ് സിങ്കിൽ സൂപ്പർ ഫോസ്ഫേറ്റ് രാസവള നിർമ്മാണ വ്യവസായം. ഈ രാസവളം ഉല്പാദിപ്പിക്കാൻ റോക് ഫോസ്ഫേറ്റ്, സൽഫർ എന്നീ അസംസ്കൃത പദാർത്ഥങ്ങൾ അത്യന്താപേക്ഷിതമാണ്. ഇവ രണ്ടും പൂർണ്ണമായും ഇറക്കുമതി ചെയ്യപ്പെടുന്നവയും. രൂപ സ്വതന്ത്രവിനിമയ നാണയമായി പ്രഖ്യാപിക്കപ്പെട്ടതോടെ

ഈ രണ്ട് അസംസ്കൃതവസ്തുക്കളുടേയും വിലയിൽ വൻ വർദ്ധനയുണ്ടായിക്കഴിഞ്ഞു. വലിയ പ്രതിസന്ധിയാണ് ഇത് മൂലം ഈ വ്യവസായ മേഖലയിൽ ഉളവായിരിക്കുന്നത്. 24 സിങ്കിൽ സൂപ്പർ ഫോസ്ഫേറ്റ് വള നിർമ്മാണ ശാലകൾ ഈ നയം മൂലം ഇതിനോടകം അടച്ചുപൂട്ടിക്കഴിഞ്ഞു. ഇതിനെ തുടർന്ന് ഈ രാസവളത്തിന്റെ ഉല്പാദനം 16.4 ലക്ഷം ടണ്ണിൽ നിന്ന് 12.8 ലക്ഷം ടൺ ആയാണ് കുറഞ്ഞിരിക്കുന്നത്.

മറ്റൊരു സുപ്രധാന സമ്മിശ്ര രാസവളമായ ഡൈ അമോണിയം ഫോസ്ഫേറ്റിന്റെ (ഡി.എ.പി) ഉല്പാദനവും ഇറക്കുമതി ഉദാര വല്ക്കരിക്കപ്പെട്ടതോടെ കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. രൂപ സ്വതന്ത്രവിനിമയ നാണയം ആക്കിയതോടെ സി.എ.പി.യുടെ ടണ്ണൊന്നിന്റെ ആഭ്യന്തര വില 9000 രൂപയായി വർദ്ധിച്ചു. മറുവശത്ത് വിദേശ ബഹുരാഷ്ട്രകുത്തകകൾ ടണ്ണൊന്നിന് 6500 രൂപ നിരക്കിൽ ഇന്ത്യൻ വിപണിയിൽ ഡി.എ.പി. കൊണ്ടുവന്ന് തള്ളിക്കൊണ്ടിരിക്കുന്നു. ഇറക്കുമതി ഉദാര വല്ക്കരണത്തിലൂടെ ഇന്ത്യൻ കർഷകർക്ക് കുറഞ്ഞ വിലക്ക് രാസവളം ലഭ്യമാകുന്നു എന്ന ന്യായം പറഞ്ഞ് ഗവൺമെന്റ് മൗനം പാലിക്കുന്നു.

സബ്സിഡി നിർത്തലാക്കിയതിന് പിന്നിലെ ഗൂഢാലോചന

എന്നാൽ ഈ നീക്കത്തിന് പിന്നിൽ ഒരു വൻ ഗൂഢാലോചന ഒളിഞ്ഞിരിപ്പുണ്ട് എന്നതാണ് വാസ്തവം. ഗവൺമെന്റാണ് ഇതിന് കൂട്ട് നില്ക്കുന്നതും. എങ്ങനെയാണ് ഈ ഗൂഢാലോചന നടപ്പിലാക്കുന്നത് എന്ന് നോക്കാം. രാസവളം നിർമ്മാണത്തിന് നല്കിവന്ന സബ്സിഡി അനാവശ്യമാണ് എന്ന പേരിൽ നിർത്തലാക്കുന്നു. അതോടെ രാസവളവില ക്രമാതീതമായി വർദ്ധിക്കുന്നു. മറുവശത്ത് ഇറക്കുമതി ഉദാരവൽക്കരിക്കുന്നു. അതോടെ ഇതേ രാസവളങ്ങൾ കുറഞ്ഞ വിലക്ക് ഇന്ത്യൻ വിപണിയിൽ വില്ക്കാൻ ബഹുരാഷ്ട്രകുത്തകകൾക്ക് കഴിയുന്നു. കർഷകർ കുറഞ്ഞ വിലക്ക് രാസവളം ലഭിക്കും എന്ന കാരണം പറഞ്ഞ് ഗവൺമെന്റ് ഈ നടപടിയെ ന്യായീകരിക്കുന്നു. എന്നാൽ ആഭ്യന്തര രാസവള വ്യവസായത്തെ തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് ബഹുരാഷ്ട്രകുത്തകകൾ രാസവളം ഇന്ത്യൻ വിപണിയിൽ കുറഞ്ഞ വിലക്ക് വിൽക്കുന്നത്. ആഭ്യന്തര രാസവള വ്യവസായം തകരുകയും വിപണി തങ്ങളുടെ നിയന്ത്രണത്തിൽ ആവുകയും ചെയ്യുന്നതോടെ ബഹുരാഷ്ട്രകുത്തകകൾ വില വൻ തോതിൽ ഉയർത്തും. അപ്പോൾ ഈ വില ബഹുരാഷ്ട്രകുത്തകകൾക്ക് നൽകാതെ മറ്റൊരു പോംവഴിയും ഇന്ത്യൻ കർഷകർക്കില്ല എന്ന ഗുരുതരമായ സ്ഥിതി സംജാതമാകും. എത്ര ഗുരുതരമായ സ്ഥിതി വിശേഷമാണ് സാവധാനം ഉരുത്തിരിഞ്ഞുവരുന്നത് എന്ന് നോക്കുക?

സമ്പന്ന രാജ്യങ്ങളുടെ ഇരട്ടത്താപ്പ്

അവസാനമായി സമ്പന്ന രാജ്യങ്ങളുടെ നിർബന്ധങ്ങൾക്ക് വഴങ്ങിയാണല്ലോ ഐ.എം.എഫ്, ലോകബാങ്ക് പോലുള്ള അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ ഇന്ത്യ അടക്കം ഉള്ള മൂന്നാം ലോക രാജ്യങ്ങളിൽ നിലനില്ക്കുന്ന കാർഷിക സബ്സിഡി നിർത്തലാക്കാൻ ആവശ്യപ്പെടുന്നത്. എന്നാൽ സമ്പന്ന രാജ്യങ്ങൾ അവരുടെ രാജ്യത്ത് ഇക്കാര്യത്തിൽ എന്ത് നയമാണ് അനുവർത്തിച്ച് വരുന്നത് എന്ന് നോക്കാം. നമ്മോട് കാർഷിക സബ്സിഡി തികച്ചും അപരിഷ്കൃതമായ ഒരു നടപടിയാണ് എന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുന്ന സമ്പന്ന രാജ്യങ്ങൾ അവരുടെ രാജ്യത്തെ കാർഷിക മേഖലയെ താങ്ങി നിർത്താൻ നല്കുന്ന സബ്സിഡിയുടെ വിശദാംശങ്ങൾ കേട്ടാൽ നാം ഞെട്ടിപ്പോകും. ജപ്പാൻ ഹെക്ടറൊന്നിന് 259 ഡോളറും, ജർമ്മനി 69 ഡോളറും, ബ്രിട്ടൺ 69 ഡോളറുമാണ് കാർഷിക മേഖലക്ക് നല്കിവരുന്ന സബ്സിഡി. ഈ രാജ്യങ്ങളാണ് ഒരു ഹെക്ടറിന് വെറും 4 ഡോളർ മാത്രം സബ്സിഡി നല്കുന്ന ഇന്ത്യയോട് സബ്സിഡി ഉടനടി നിർത്തലാക്കാൻ ആവശ്യപ്പെടുന്നത്! നമ്മുടെ ഭരണാധികാരികൾ അത് അപ്പടി അംഗീകരിക്കുകയും ചെയ്തിരിക്കുന്നു എന്നതാണ് ഏറെ പരിതാപകരം.

III. വായ്പയുടെ യുക്തി

സ്വാതന്ത്ര്യത്തിനു മുമ്പും അതിന് ശേഷമുള്ള ഏകദേശം രണ്ട് പതിറ്റാണ്ട് കാലത്തും ഇന്ത്യയിലെ കാർഷിക പ്രാമുഖ്യമുള്ള ഗ്രാമീണ മേഖല വട്ടിപ്പണക്കാരുടേയും, ഹുണ്ടിക കച്ചവടക്കാരുടേയും പൂർണ്ണനിയന്ത്രണ ത്തിലായിരുന്നു. ഇന്ത്യൻ ഗ്രാമങ്ങളിലെ ദരിദ്രകർഷകർ, ചെറുകിട കൃഷിക്കാർ, കർഷകത്തൊഴിലാളികൾ എന്നിവർക്ക് സാമ്പത്തിക സഹായം നല്കാൻ ഏക ആശ്രയം ഇവർ മാത്രമായിരുന്നു. കൊള്ള പലിശ നിരക്കിലുള്ള ഈ വായ്പകൾ ദരിദ്രകർഷകരെ നിത്യ ദാരിദ്ര്യത്തിലാഴ്ത്തി. തുണ്ട് ഭൂമി മാത്രം കൈവശ മുണ്ടായിരുന്ന ചെറുകിട കൃഷിക്കാരുടെ ഭൂമി നഷ്ടപ്പെട്ടു. ദരിദ്ര തൊഴിലാളികൾ അടിമകളായി മാറുന്ന ദയനീയ സ്ഥിതി വരെ ഉടലെടുത്തു.

ഈ പ്രതിസന്ധിയിൽ ഇന്ന് ഗ്രാമീണ മേഖലയെ രക്ഷിക്കുക എന്ന ഉദ്ദേശമായിരുന്നു പല ഘട്ടങ്ങളായി ഇന്ത്യയിൽ നടന്ന ബാങ്ക് ദേശസാല്ക്കരണത്തിന് ഉണ്ടായിരുന്നത്. ബാങ്കുകൾ സാമൂഹ്യമാറ്റത്തിനുള്ള ശക്തമായ ഉപകരണമായി മാറണം എന്നതായിരുന്നു ദേശസാല്ക്കരണത്തിന് പിന്നിലെ രാഷ്ട്രീയ ലക്ഷ്യം. സാമൂഹ്യ കടമകൾ ഏറ്റെടുത്തുകൊണ്ട് പരമാവധി ജനങ്ങളെ സഹായിക്കുക എന്നതായി പ്രധാന ലക്ഷ്യം. 1969–ൽ 14 ബാങ്കുകൾ ദേശസാല്ക്കരിച്ചുകൊണ്ട് പാർലമെന്റിൽ നടത്തിയ പ്രഖ്യാപനം ഇങ്ങനെ പറഞ്ഞു: "നമ്മുടെ പ്രധാന ലക്ഷ്യം വികസനം ത്വരിതപ്പെടുത്തുക എന്നതും അതിലൂടെ ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുക

എന്നതുമാണ്. മാത്രമല്ല ധിനിക-ദരിദ്ര അന്തരം ഇല്ലാതാക്കുകയും രാജ്യത്തെ വികസിത-അവികസിത പ്രദേശങ്ങൾ തമ്മിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുക എന്നതും പ്രധാനമാണ്.

ബാങ്ക് ദേശസാല്ക്കരണവും കാർഷിക മേഖലയും

പല ഘട്ടങ്ങളിലൂടെയാണ് ദേശസാല്ക്കരണം നടന്നത്. ആദ്യം സ്വാകര്യബാങ്കുകൾക്ക് മേൽ റിസർവ് ബാങ്ക് കൂടുതൽ നിയന്ത്രണം കൊണ്ടുവന്നു. പിന്നീട് ഒട്ടേറെ രീതികളിലുള്ള സാമൂഹ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. അതിനുശേഷം 1969-ലാണ് ആദ്യമായി 14 ബാങ്കുകൾ ദേശസാല്ക്കരിച്ചത്. പിന്നീട് ഒരു പതിറ്റാണ്ടിന് ശേഷമാണ് രണ്ടാമത്തെ ബാങ്ക് ദേശസാല്ക്കരണം നടന്നത്.

ഇന്ത്യൻ കാർഷിക മേഖലയിൽ നടന്നുകൊണ്ടിരുന്ന ഘടനാപരമായ ചില മാറ്റങ്ങളാണ് വീണ്ടും ബാങ്ക് ദേശസാല്ക്കരണം നടത്താൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത്. ഹരിത വിപ്ലവതന്ത്രം പ്രായോഗികതലത്തിൽ നടപ്പാക്കി മുന്നേറിക്കൊണ്ടിരുന്ന കാലഘട്ടമായിരുന്നു അറുപതുകളുടെ മദ്ധ്യം മുതലുള്ള കാലയളവ്. അത്യല്പാദന ശേഷിയുള്ള വിത്തുകൾ കർഷകർ വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയതോടെ കൂടുതൽ രാസവളം, കീടനാശിനി ജലസേചന സൗകര്യങ്ങൾ എന്നിവ വേണം എന്ന സ്ഥിതി വന്നു. ഇത് ഫലപ്രദമായി സാക്ഷാത്കരിക്കണം എങ്കിൽ കൂടുതൽ വായ്പാ സൗകര്യം വേണ്ടതായി വന്നു. അന്നുവരെ പരിമിതമായ തോതിൽ കാർഷിക മേഖലയിൽ വായ്പ നല്കിയിരുന്നത് സഹകരണ സ്ഥാപനങ്ങളായിരുന്നു. എന്നാൽ വായ്പയുടെ ആവശ്യം പതിന്മടങ്ങ് വർദ്ധിച്ചതോടെ ഇവക്ക് ആവശ്യമുള്ളത്ര വായ്പനല്കാൻ കഴിയാതായി. ഈ സാഹചര്യത്തിൽ ഇന്ത്യൻ കാർഷിക മേഖലയുടെ വർദ്ധിച്ചു വരുന്ന വായ്പാ ആവശ്യങ്ങൾ നിവേറ്റുക എന്ന ലക്ഷ്യത്തോടെയാണ് 1980-ൽ 6 ബാങ്കുകൾ കൂടി ദേശസാല്ക്കരിച്ചത്. അങ്ങനെ അന്ന് മുതൽ ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന 95 ശതമാനം ബാങ്കുകളും പൊതുമേഖലക്ക് കീഴിലായി തീർന്നു.

ദേശസാല്ക്കരണത്തിന്റെ നേട്ടങ്ങൾ

ഒട്ടേറെ പരമിതികൾ ഉണ്ടെങ്കിൽ കൂടി ബാങ്ക് ദേശസാല്ക്കരണത്തിനു ശേഷം ഈ മേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയുണ്ടായിട്ടുണ്ട്. 1969-ൽ 8212 ശാഖകളും, 4665 കോടി രൂപയുടെ നിക്ഷേപവും ആണ് പൊതുമേഖലാ ബാങ്കുകളിൽ ഉണ്ടായിരുന്നത് എങ്കിൽ ഇപ്പോൾ അത് 198315 കോടി രൂപയുടെ നിക്ഷേപം എന്ന രീതയിൽ വളർന്നിരിക്കുന്നു. 115412 കോടി രൂപയാണ് വായ്പയായി ഇതിനോടകം നല്കപ്പെട്ടത്. മൊത്തം നൽകിയ വായ്പയിൽ 40 ശതമാനവും കൃഷി ഉൾപ്പെടെയുള്ള മുൻഗണനാ മേഖലക്കാണ് നല്കിവന്നത്. 18 ശതമാനം വായ്പ കാർഷിക മേഖലയ്ക്ക് മാത്രമായിരുന്നു. കഴിഞ്ഞ 20 വർഷങ്ങൾക്കിടയിൽ ബാങ്കുകളുടെ ബ്രാഞ്ച് വ്യാപനത്തിൽ ശരാശരി 600

ശതമാനത്തിന്റെ വളർച്ചയാണ് ഉണ്ടായത്. 1971–ൽ 65,000 പേർക്ക് ഒരു ശാഖയായിരുന്നത് 1991–ൽ 12,000 പേർക്ക് ഒരു ശാഖ എന്ന നിലയിലെത്തി. ദരിദ്ര ജനങ്ങൾക്കും പിന്നോക്കവിഭാഗങ്ങൾക്കും ബാങ്ക് വായ്പയിൽ വിഹിതം ലഭിച്ചു. നാമമാത്രമെങ്കിലും പലതരം പരിഗണനകളും മുൻഗണനകളും ഉണ്ടായി. അതുവരെ അവഗണിക്കപ്പെട്ടു കിടന്ന വിഭാഗങ്ങളിലേക്ക് ബാങ്കിങ്ങ് പ്രവർത്തനങ്ങൾ വ്യാപിച്ചു. ഇടത്തട്ടുകാരായ ഹുണ്ടിക കച്ചവടക്കാരുടെ സ്വാധീനം വലിയൊരളവ് വരെ കുറഞ്ഞു. ഗ്രാമങ്ങളിൽ നിരവധി ബാങ്ക് ശാഖകൾ തുറന്നു. കാർഷിക മേഖലക്ക് ഈ നടപടിയിലൂടെ ലഭിച്ച സഹായം വളരെ വലുതാണ്. ദേശസാല്ക്കരണത്തിന് മുമ്പ് കാർഷിക മേഖലക്ക് മൊത്തത്തിൽ ലഭിച്ച ബാങ്ക് വായ്പ ഏതാനം കോടി രൂപയിൽ ഒതുങ്ങിയിരുന്നു എങ്കിൽ അത് പിൽക്കാലത്ത് വൻതോതിൽ വർദ്ധിച്ചു. 1984-85–ൽ 8510 കോടി രൂപയാണ് ബാങ്കുകൾ കാർഷിക വായ്പയായി നല്കിയതെങ്കിൽ 1989-90 അത് 12570 കോടി രൂപയായി ഉയർന്നു.

ധനകാര്യമേഖലയിലെ പുത്തൻ പരിഷ്കാരങ്ങൾ കാർഷിക മേഖലക്ക് ഭീഷണി

പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി ധനാകര്യമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഏറ്റവും പ്രധാന പരിപാടി ഇന്ത്യൻ ബാങ്കുകളുടെ പുനഃസംഘടനയാണ്. ഈ വിഷയത്തേക്കുറിച്ച് പഠിക്കാൻ ഏല്പിച്ച നരസിംഹം കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. ഈ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചുകൊണ്ടാണ് ഗവൺമെന്റ് ബാങ്കുകളുടെ പുനഃസംഘടന നടത്തിക്കൊണ്ടിരിക്കുന്നത്. നരസിംഹം കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ കാർഷിക മേഖലയെ ബാധിക്കുന്നവ താഴെ കൊടുത്തിരിക്കുന്നു:

(a) ഗവൺമെന്റ് ബാങ്കിങ്ങ് രംഗത്തു നിന്ന് പൂർണ്ണമായി പിന്മാറുകയും ആ മേഖല പൂർണ്ണമായും സ്വകാര്യ–വിദേശ ബാങ്കുകൾക്കു തുറന്നു കൊടുക്കണം.

(b) ബാങ്കുകൾ ലാഭം മാത്രം മുൻനിർത്തിയായിരിക്കണം പ്രവർത്തിക്കേണ്ടത്,

(c) മുൻഗണനാ വിഭാഗങ്ങൾക്ക് നല്കിവരുന്ന വായ്പയുടെ പരിധി 40 ശതമാനത്തിൽ നിന്നും ഉടൻ തന്നെ 10 ശതമാനമായി കുറക്കണം. മൂന്ന് വർഷം കൊണ്ട് ഈ വായ്പകൾ പൂർണ്ണമായും നിർത്തലാക്കണം.

ഈ നിർദ്ദേശങ്ങൾ ഇന്ത്യൻ കാർഷിക മേഖലയുടെ കഥ കഴിക്കാൻ പോന്നവയാണ്. ഗവൺമെന്റ് ബാങ്കിങ്ങ് മേഖലയിൽ നിന്ന് പിന്മാറുന്നതോടെ ഈ രംഗം പൂർണ്ണമായി സ്വകാര്യ വിദേശ ബാങ്കുകളുടെ നിയന്ത്രണത്തിലാകും. ഈ പ്രക്രിയയുടെ വേഗത വർദ്ധിക്കുന്നതോടെ ഇന്ന് ഗ്രാമങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അനേകായിരം ബാങ്ക് ശാഖകളുടെ പ്രവർത്തനം നിലക്കും. ഈ

നടപടി ഗ്രാമീണ കാർഷിക സമ്പദ്ഘടനയെ ആണ് ഏറ്റവും രൂക്ഷമായി ബാധിക്കുക എന്ന് പറയേണ്ടതില്ലല്ലോ.

ബാങ്കുകൾ ലാഭം മാത്രം മുൻനിർത്തി കച്ചവടാടിസ്ഥാനത്തിൽ മാത്രം പ്രവർത്തിച്ചാൽ മതി എന്ന് തീരുമാനിക്കപ്പെടുന്നതോടെ ബാങ്കിങ്ങ് സേവനം കാർഷിക മേഖലക്ക് അപ്രാപ്യമായിത്തീരും. ഊഹക്കച്ചവടക്കാരെപ്പോലെ വൻ പലിശകൊടുത്ത് കൃഷി നടത്താൻ കർഷകർ നിർബന്ധിതരായാൽ ഫലം വൻതോതിലുള്ള പാപ്പരീകരണമായിരിക്കും.

മുൻഗണനാ വായ്പയുടെ തോത് വെട്ടിക്കുറക്കാനുള്ള തീരുമാനവും ഏറെ ഗുരുതരമായി ബാധിക്കുക കാർഷിക മേഖലയെ ആയിരിക്കും. ദേശസാല്ക്കരണത്തിന് ശേഷം കൃഷി, കൈത്തൊഴിലുകൾ എന്നിവ ഉൾപ്പെടെ മുൻഗണാടിസ്ഥാനത്തിൽ വായ്പ നല്കേണ്ടതുണ്ട് എന്ന് തീരുമാനിക്കപ്പെട്ടിരുന്നു. മൊത്തം വായ്പയുടെ 40 ശതമാനം ഈ മേഖലക്കായിരിക്കും എന്നായിരുന്നു തീരുമാനം. എന്നാൽ അത് 10 ശതമാനമായി കുറക്കണം എന്നാണ് നരസിംഹം കമ്മിറ്റി ആവശ്യപ്പെടുന്നത്. ഇന്ത്യൻ കാർഷിക മേഖലയെ ഗുരുതരമായ പ്രതിസന്ധിയിൽ ആഴ്ത്താൻ ഈ ഒരൊറ്റ നടപടി മാത്രം മതി.

IV. പുത്തൻ പരിഷ്കാരങ്ങളും കേരളത്തിലെ നാണ്യവിളകളും

നാണ്യവിളകളുടെ ഉല്പാദനത്തിലും, കയറ്റുമതിയിലും ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന സംസ്ഥാനമാണല്ലോ കേരളം. റബ്ബർ, തേങ്ങ എന്നിയുടെ ഉല്പാദനത്തിലും, കാപ്പി, കുരുമുളക്, ഏലം, തേയില എന്നിവയുടെ കയറ്റുമതിയിലും ഇന്ത്യയിൽ പ്രമുഖ സ്ഥാനമാണ് കേരളത്തിനുള്ളത്. അതുകൊണ്ട് രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങൾ ഈ നാണ്യവിളകളെ ഏത് തരത്തിലാണ് ബാധിക്കുക എന്ന ചോദ്യത്തിന് പ്രസക്തി വർദ്ധിക്കുന്നു. പുതിയ നയങ്ങൾ പ്രഖ്യാപിക്കപ്പെട്ടപ്പോൾ അത് ഏറ്റവും സഹായകരമാവുക കേരളത്തിനായിരിക്കും എന്ന വാദം ശക്തമായി ഉന്നയിക്കപ്പെട്ടിരുന്നു. രൂപയുടെ അന്താരാഷ്ട്ര വിനിമയ മൂല്യം വെട്ടിക്കുറച്ച നടപടിയും പിന്നാലെ വന്ന വ്യാപാര-വ്യവസായ രംഗത്തെ പരിഷ്കാരങ്ങളും കേരളത്തിൽ നിന്നുള്ള നാണ്യവിളകളുടെ കയറ്റുമതി വൻ തോതിൽ വർദ്ധിക്കാനിടയാകും എന്നതായിരുന്നു ഇത്തരമൊരു വാദം ശക്തമായി അവതരിപ്പിക്കാൻ ഇടയാക്കിയ സാഹചര്യം. രൂപയുടെ വിനിമയ നിരക്ക് കുറച്ച ഒറ്റ നടപടികൊണ്ട് മാത്രം നാണ്യവിളകളുടെയും, മറ്റും കയറ്റുമതിയിലൂടെ 400 കോടി രുപയുടെ അധിക വരുമാനം ഉണ്ടാകുമെന്നും, അതിൽ നിന്നും 100 കോടി രൂപ ഉപയോഗിച്ച് ഒരു പുതിയ തൊഴിൽ ദാന പദ്ധതി രൂപപ്പെടുത്തും എന്ന് പോലും അന്ന് ഭരണാധികാരികൾ പ്രഖ്യാപിച്ചിരുന്നത് ഓർക്കുക. എന്നാൽ കേരളത്തിലെ പ്രധാനപ്പെട്ട നാണ്യവിളകളുടെ സ്ഥിതിയെന്താണ് എന്ന് പരിശോധിക്കാൻ

സമയമായിരിക്കുന്നു. കയറ്റുമതി ചെയ്യപ്പെടുന്ന നാണ്യവിളകളെ പുതിയ നയങ്ങൾ ഏത് രീതിയിലാണ് ബാധിച്ചു എന്നു പരിശോധിക്കാൻ – നയങ്ങൾക്ക് രണ്ട് വയസ്സായ സാഹചര്യത്തിൽ – കാലമായിരിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവയെ ഓരോന്നായി എടുത്ത് നമുക്കൊന്ന് പരിശോധിക്കാം

ഏലം കൃഷി തകരുന്നു

ആദ്യം ഏലത്തിന്റെ കാര്യമെടുക്കാം. ഇന്ത്യയിൽ ആകെ ഉല്പാദിപ്പിക്കപ്പെടുന്ന ഈ സുഗന്ധ വ്യഞ്ജനത്തിന്റെ 90 ശതമാനവും വിളയിക്കുന്നത് കേരളത്തിലാണ്. ഇവിടെ ആകെയുള്ള ഏലം ഉല്പാദന വിസ്തീർണ്ണത്തിൽ 80 ശതമാനത്തിൽ അധികവും കൃഷിചെയ്യുന്നത് 2 ഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ള 13000 കൃഷിക്കാരാണ്. പ്രധാനമായും ആഭ്യന്തര ഉപഭോഗത്തിനാണ് ഈ നാണ്യവിള ഉപയോഗിക്കുന്നത് എങ്കിലും കയറ്റുമതിയും കാര്യമായി നടക്കുന്നുണ്ട്.,

ഇന്ത്യയിലെ മൊത്തം ഏലം ഉല്പാദനമായ 4600 ടണ്ണിൽ 3500 ടണ്ണും ഉല്പാദിപ്പിച്ചത് കേരളമായിരുന്നു എങ്കിൽ 1992-93–ൽ ഇതിന്റെ പകുതിപോലും ഉല്പാദനം കർഷകർ പ്രതീക്ഷിക്കുന്നില്ല. പുതിയ പരിഷ്കാരങ്ങളുടെ ഭാഗമായി രാസവളങ്ങളുടെ വില വൻ തോതിൽ വർദ്ധിപ്പിച്ചതിനെ തുടർന്ന് ഉല്പാദന ചെലവിൽ ഉണ്ടായ വർദ്ധനയാണ് ഈ നാണ്യവിളയുടെ ഉല്പാദനത്തെ ഗുരുതരമായി ബാധിച്ചത്. രാസവളത്തിന്റെ ഉപയോഗമായിരുന്നു കേരളത്തിൽ ഏലത്തിന്റെ ഉല്പാദനത്തെ സ്വാധീനിച്ചിരുന്ന ഏറ്റവും പ്രധാന ഘടകം, പ്രത്യേകിച്ച് പൊട്ടാഷ് വളങ്ങൾ ഏലത്തിന്റെ ഗുണവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കും എന്ന് തെളിയിക്കപ്പെട്ടതാണ്. വർഷത്തിൽ ഒന്നിലധികം തവണ രാസവളങ്ങൾ ഏലം കൃഷിക്ക് ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വളം വില വർദ്ധനക്ക് മുമ്പ് ഒരു തവണ 420 രൂപയുടെ വിവിധ തരം രാസവളങ്ങളാണ് ഒരു ഏക്കറിൽ ഉപയോഗിക്കപ്പെട്ടുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോഴത് ഇരിട്ടിയിൽ അധികം വർദ്ധിച്ചു 1052 രൂപയായി ഉയർന്നിരിക്കുന്നു. ഒരു വശത്ത് ഉല്പാദന ചിലവ് ഇങ്ങനെ ഭീമമായി വർദ്ധിക്കുമ്പോൾ മറുവശത്ത് ഉല്പന്ന വില കുറയുകയാണ് ചെയ്യുന്നത്. ഉല്പന്ന വില വർദ്ധിക്കാൻ ഇടയായാൽ ഇറക്കുമമതി ഉദാരവല്ക്കരണം മുതലെടുത്ത് ഏലം ഇറക്കുമതി ചെയ്യപ്പെടാനുള്ള സാദ്ധ്യയും ഭീഷണി ഉയർത്തുന്നു. ഗ്വാട്ടിമാലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഏലത്തിന് ഇന്ത്യൻ ഏലത്തേക്കാൾ വില വളരെ കുറവായത് കൊണ്ട് ഈ സാദ്ധ്യത വിദൂരത്തല്ല എന്ന് കാണാം.

ഏലം കയറ്റുമതിയും പ്രതിസന്ധിയിലണ്. വിദേശ വിപണിയിൽ ഇന്ത്യയോട് മത്സരിക്കുന്ന ഗ്വാട്ടിമാല, ഉല്പാദന ചിലവിലെ കുറവ് മുതലെടുത്ത് ഇന്ത്യൻ ഏലത്തെ പുറന്തള്ളിയിരിക്കുന്നു. ഇത് വ്യക്തമാകണം എങ്കിൽ ഇന്ത്യയുടെ ഏലം കയറ്റുമതിയുടെ കണക്കുകളിലൂടെ ഒന്ന് കണ്ണോടിച്ചാൽ മതി. 1985-86–ൽ 3270

ടൺ ഏലമാണ് ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യപ്പെട്ടത് എങ്കിൽ 1992-93-ൽ അത് വെറും 175 ടൺ മാത്രമായി കുറഞ്ഞിരിക്കുന്നു.

കാപ്പി മേഖലയിൽ പ്രതിസന്ധി

കാപ്പി ഉല്പാദനം, കയറ്റുമതി എന്നിവയുടെ കാര്യത്തിലും മുൻപന്തിയിലാണ് കേരളം. എന്നാൽ ഈ ഉല്പന്നത്തിന്റെ കയറ്റുമതിയും ഇന്ന് പ്രതിസന്ധിയെ നേരിടുന്നു. സാർവദേശീയ വിപണിയിലെ വില തകർച്ചയും സോവിയറ്റ് വിപണി നഷ്ടപ്പെട്ടതും ഇന്ത്യയിൽ നടപ്പാക്കുന്ന പുത്തൻ പരിഷ്കാരങ്ങളും ചേർന്നാണ് കാപ്പി കയറ്റുമതിയെ പ്രതിസന്ധിയിലാഴ്ത്തിയത്. അന്തർദേശീയ വിപണിയിൽ കാപ്പിയുടെ വിലയിൽ ഉണ്ടാകാൻ ഇടയുള്ള ചാഞ്ചാട്ടം ഒഴിവാക്കുന്നതിനായി രൂപം നല്കപ്പെട്ട അന്തർദ്ദേശീയ കാപ്പി ഓർഗനൈസേഷൻ എന്ന സംഘടന 1989-ൽ തകർന്നടിഞ്ഞതാണ് ആഗോളവപണിയിൽ കാപ്പി വില കുറയാനുള്ള പ്രധാന കാരണം. ഏറെക്കാലം ഒരു റാത്തൽ കാപ്പിക്ക് 1.20 ഡോളർ എന്ന തോതിൽ വില പിടിച്ചുനിർത്താൻ കഴിഞ്ഞു എങ്കിൽ മേല്പറഞ്ഞ സംഘടന തകർന്നതോടെ വില പകുതിയായി കുറഞ്ഞു. കാപ്പി ശുദ്ധീകരണ വ്യവസായം കയ്യടക്കി വെച്ചിരിക്കുന്ന ഏതാനും ബഹുരാഷ്ട്രകുത്തകകളുടെ ഗൂഢനീക്കങ്ങളെ തുടർന്നാണ് ഈ സംഘടന തകർന്നത്.

ഇന്ത്യൻ കാപ്പികയറ്റുമതിയുടെ പകുതിയോളം സോവിയറ്റ് യൂണിയനിലേക്കായിരുന്നു. ഈ രാജ്യത്തിന്റെ പതനം കാപ്പികയറ്റുമതിക്കേറ്റ വൻ തിരിച്ചടിയായിരുന്നു.

കാപ്പികർഷകരെ സഹായിക്കാൻ വേണ്ടി രൂപീകൃതമായ കാപ്പി ബോർഡിനെ മേല്പറഞ്ഞ രണ്ടുകാര്യങ്ങളും പ്രതിസന്ധിയിലാഴ്ത്തി. കാപ്പി കയറ്റുമതിക്കുള്ള ഓർഡറുകൾ ലഭിച്ചാൽ ബാങ്കുകൾ കുറഞ്ഞ പലിശക്ക് കാപ്പി ബോർഡിന് കയറ്റുമതി വായ്പ നല്കുന്ന ഒരു പദ്ധതി നേരത്തേ ഉണ്ടായിരുന്നു. ഈ വായ്പാ തുക ഉപയോഗിച്ചാണ് കാപ്പി ബോർഡ് തങ്ങളുടെ ഉല്പന്നം ബോർഡിൽ നിക്ഷേപിക്കുന്ന അനേകായിരം ചെറുകിട കാപ്പി ഉല്പാദകർക്ക് ഉല്പന്ന വിലയുടെ ആദ്യ ഗഡു നല്കിപ്പോന്നിരുന്നത്. എന്നാൽ കയറ്റുമതി വിപണി നഷ്ടപ്പെട്ടതോടെ ബാങ്കുകൾ കുറഞ്ഞ നിരക്കിൽ വായ്പ നല്കാൻ തയ്യാറല്ല എന്ന സ്ഥിതി വന്നിരിക്കുന്നു. 20 ശതമാനത്തിലധികം പലിശയാണ് ബാങ്കുകൾ ഇന്നാവശ്യപ്പെടുന്നത്. ഇത് കാപ്പി ബോർഡിനെ വൻ പ്രതിസന്ധിയിലാഴ്ത്തി ക്കഴിഞ്ഞു.

ഇതിന് പുറമേയാണ് കുനിന്മേൽ കുരു എന്ന പോലെ പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി സർക്കാർ സ്ഥപാനങ്ങൾക്കുള്ള ബജറ്ററി സഹായം നിർത്തലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. ഇതിന്റെ ഫലമായി കാപ്പി കർഷകർക്ക്

വില നല്കാൻ കാപ്പി ബോർഡിന് കഴിയാതായിരിക്കുന്നു. മറുവശത്ത്, പുതിയ നയങ്ങളുടെ ഭാഗമായി തന്നെ, വിളവെടുപ്പിന്റെ 30 ശതമാനം ആഭ്യന്തര വിപണിയിൽ കാപ്പിത്തോട്ടം ഉടമകൾക്ക് സ്വതന്ത്രമായി വിൽക്കാനുള്ള അനുവാദം നല്കിയത്. ഇത് ഹ്രസ്വകാലാടിസ്ഥാനത്തിൽ ചെറുകിട കാപ്പി ഉല്പാദകരെ ഉൾപ്പടെ സഹായിക്കും എങ്കിലും ഭാവിയിൽ വിപണി പിടിച്ചെടുക്കുന്ന വൻ കച്ചവടക്കാർ ചെറുകിട കർഷകരെ തങ്ങളുടെ നിയന്ത്രണത്തിലാക്കുന്ന അതീവ 'ഗുരുതരമായ സ്ഥിതി വിശേഷമാണ് ഉടലെടുക്കാൻ പോകുന്നത്.

ഗ്രാമ്പു കൃഷിയും ഇറക്കുമതി ഉദാരവല്ക്കരണവും

കേരളത്തിലെ മറ്റൊരു പ്രധാന നാണ്യവിളയായ ഗ്രാമ്പുവും പ്രതിസന്ധിയിലാണ്. കാരണം പുതിയ പരിഷ്കാരങ്ങൾ തന്നെ. കേരളത്തിലും തമിഴ്നാട്ടിലുമായി ഏകദേശം 5000 ഹെക്ടറിലാണ് ഗ്രാമ്പു കൃഷി ചെയ്യപ്പെട്ടിരിക്കുന്നത്. ഉല്പാദനമാകട്ടെ 2700 ടണ്ണും, ചെറുകിടക്കാരാണ് ഗ്രാമ്പു പ്രധാനമായും കൃഷി ചെയ്യുന്നത്. പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി ഗവൺമെന്റ് ഗ്രാമ്പു ഇറക്കുമതി ഉദാരവല്ക്കരിച്ചിരിക്കുന്നു. നേരത്തേ ഇറക്കുമതി തീരുവ 250 ശതമാനമായിരുന്നത് 100 ശതമാനമാക്കി കുറച്ചു. ഡ്യൂട്ടി അടച്ച് ആർക്ക് വേണമെങ്കിലും ഗ്രാമ്പു ഇനിമേൽ രാജ്യത്തേക്ക് കൊണ്ടുവരാം. ഇതിനെതുടർന്ന് സാമ്പിയ, സിംബാബ്‌വേ, സിങ്കപ്പൂർ, ഇന്തോനേഷ്യാ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് കിലോക്ക് വെറും 65 രൂപക്ക് വൻ തോതിൽ ഗ്രാമ്പു ഇന്ത്യയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. ഇതിനെ തുടർന്ന് ഇന്ത്യയിലെ ഗ്രാമ്പുവിന്റെ വില കിലോക്ക് 450 രൂപയായിരുന്നത് ഏകദേശം 100 രൂപയായി കുറഞ്ഞിരിക്കുന്നു. മറുവശത്ത് രാസവളങ്ങളുടെ വിലയിലും മറ്റും വൻ വർദ്ധനയുണ്ടായതിനെ തുടർന്ന് ഉല്പാദന ചിലവ് ഏഴിരട്ടി കണ്ട് വർദ്ധിക്കുകയും ചെയ്തു. ആയിരക്കണക്കിന് ചെറുകിട ഗ്രാമ്പു കർഷകരാണ് ഇത് മൂലം ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

കുരുമുളക് കൃഷിക്ക് വാട്ടം

കുരുമുളകാണ് കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യപ്പെടുന്ന മറ്റൊരു പ്രധാന നാണ്യവിള. ദ്രുതവാട്ടം എന്ന രോഗം വ്യാപകമായി ബാധിച്ചതിനെ തുടർന്ന് കേരളത്തിലെ കുരുമുളക് കൃഷി ഇപ്പോൾ തന്നെ പ്രതിസന്ധിയിലാണ്. മറുഭാഗത്ത് കുരുമുളകിന്റെ കയറ്റുമതി കുത്തനെ ഇടിഞ്ഞിരിക്കുന്നു. 1989-90–ൽ 34482 ടൺ കുരുമുളക് കയറ്റുമതി ചെയ്തതിലൂടെ 152.96 കോടി രൂപയുടെ വിദേശനാണ്യം ഇന്ത്യ നേടി. എന്നാൽ 1991-92 ഓടെ ഇത് 74.20 കോടി രൂപ വിലയുള്ള 29985 ടൺ ആയി കുറഞ്ഞിരിക്കുന്നു. അന്തർദേശീയ വിപണിയിൽ ബ്രസീൽ, ഇന്തോനേഷ്യ മുതലായ രാജ്യങ്ങൾ കുരുമുളകിന്റെ വില കുറച്ചതാണ് ഇതിന്റെ പ്രധാന കാരണം. രൂപ സ്വതന്ത്ര വിനിമയ നാണയമാക്കിയത് വഴി വൻ നേട്ടം കൊയ്യാം എന്ന് കരുതിയ ഇന്ത്യക്ക് ബ്രസീലും, ഇന്തോനേഷ്യയും വില വെട്ടിക്കുറച്ചതിനെ തുടർന്ന് പ്രധാന

വിദേശ വിപണിയായ അമേരിക്കയിൽ മുൻപ് ലഭിച്ചിരുന്നതിനേക്കാൾ കുറഞ്ഞ വിലക്ക് കരുമുളക് വില്ക്കേണ്ടിവന്നു. മറുവശത്ത് പ്രധാന വിപണിയായിരുന്ന സോവിയറ്റ് യൂണിയന്റെ തകർച്ചയും, കുരുമുളക് വൻതോതിൽ ഉല്പാദിപ്പിച്ച് തുടങ്ങിയിരിക്കുന്ന വിയറ്റ്നാം, തായ്‌ലന്റ് എന്നിവയുടെ മത്സരവും കാരണം അന്താരാഷ്ട്ര കുരുമുളക് വിപണിയിൽ ഇന്ത്യയുടെ വിഹിതം 60-ൽ നിന്ന് 20 ആയി കുറഞ്ഞു കഴിഞ്ഞു.

കീടനാശിനി അംശം കണ്ടെടുത്താൽ തങ്ങളുടെ രാജ്യത്തേ കുരുമുളകിന്റെ ഇറക്കുമതി അനുവദിക്കുകയില്ല എന്ന അമേരിക്കയിലെ ഫുഡ് ആന്റ് ഡ്രഗ്സ് അഡ്മിനിസ്ട്രേഷന്റെ തീരുമാനവും കയറ്റുമതി ഗുരുതരമായി ബാധിക്കും എന്നുറപ്പാണ്.

ഇക്കാരണങ്ങൾ ഒക്കെക്കൊണ്ട്തന്നെയാണ് ജനുവരി-മെയ് കാലഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്ന 32000 ടൺ കുരുമുളക് കയറ്റുമതിയുടെ പകുതിപോലും ഇത് വരെ കയറ്റുമതി ചെയ്യാൻ കഴിയാതിരുന്നത്.

ജാതി പത്രിയുടെ കള്ളക്കടത്ത്

കേരളത്തിൽ സാവധാനം വികസിച്ചുവന്നുകൊണ്ടിരിക്കുന്ന ജാതി പത്രി എന്ന നാണ്യവിളയും പൊടുന്നനെ കുഴപ്പത്തിൽ പെട്ടിരിക്കുന്നു. വിദേശത്തു നിന്ന് ഈ ഉല്പന്നം രാജ്യത്തേക്ക് കൊണ്ടുവരുന്നതിൽ ഉണ്ടായിരുന്ന നിയന്ത്രണം ഉദാരമാക്കിയതിനെ തുടർന്നാണ് പ്രതിസന്ധി ഉടലെടുത്തത്. ഗാർഹിക ആവശ്യങ്ങൾക്ക് വേണ്ടി 10 കിലോ ജാതിക്ക രാജ്യത്തിന് പുറത്തേക്ക് കൊണ്ടുപോകാൻ ശ്രീലങ്കൻ വിമാനയാത്രക്കാർക്ക് ഉള്ള അനുവാദം മുതലെടുത്ത് അവർ നടത്തുന്ന ജാതി പത്രി കള്ളക്കടത്താണ് കേരളത്തിലെ ജാതി കൃഷിക്കാരെ വിഷമവൃത്തത്തിലാക്കിയത്. കേരളത്തിലും തമിഴ്നാട്ടിലുമായി ഈ കള്ളക്കടത്തിലൂടെ ദിവസേന 3000 കിലോ ജാതി പത്രി എത്തുന്നുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. ഇതിനെ തുടർന്ന് ജാതിപത്രിയുടെ വിലയിൽ 35-40 ശതമാനം കുറവാണുണ്ടായിരിക്കുന്നത്. വിദേശത്തുനിന്നുള്ള ജാതി പത്രിയുടെ കള്ളക്കടത്ത് പൂർണ്ണമായി നിയന്ത്രിക്കപ്പെട്ട 1988-ൽ ഈ ഉല്പന്നത്തിന്റെ വില കിലോക്ക് 440 രൂപയായി വർദ്ധിച്ചിരുന്നു. എന്നാൽ ഇന്ന് വില 135 രൂപയായി കുറഞ്ഞിരിക്കുന്നു. കേരളത്തിലെ അനേകം ചെറുകിട ജാതി കർഷകരെ ഈ നടപടി ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട് എന്ന് പറയേണ്ടതില്ലല്ലോ?

റബ്ബറും കൊക്കോയുടെ വഴിയേ?

കഴിഞ്ഞ രണ്ട് പതിറ്റാണ്ട് കാലം കൊണ്ട് അഭൂതപൂർവ്വമായ വളർച്ച കൈവരിച്ച ഒരു മേഖലയാണ് സ്വാഭാവിക റബ്ബറിന്റെ രംഗം. അവസാന കണക്കുകൾ അനുസരിച്ച് 1992-93-ൽ 3.93 ലക്ഷം ടൺ ആയിരുന്ന റബ്ബറിന്റെ ഉല്പാദനം ഈ

വർഷാവസാനത്തോടെ 4.40 ലക്ഷം ടണ്ണായി വർദ്ധിക്കാനിടയുണ്ട്. 1985-86–ൽ റബ്ബറിന്റെ ഉല്പാദനം 2 ലക്ഷം ടണ്ണായിരുന്നു എന്ന് മനസ്സിലാക്കുമ്പോഴെ ഈ മേഖലയുടെ വളർച്ച എത്ര വേഗത്തിലായിരുന്നു എന്ന കാര്യം നമുക്ക് ബോധ്യമാകു. എൺപതുകളുടെ മദ്ധ്യത്തിൽ വെറും 2 ലക്ഷം ഹെക്ടർ പ്രദേശത്ത് മാത്രമാണ് റബ്ബർ കൃഷി ചെയ്യപ്പെട്ടിരുന്നത് എങ്കിൽ ഇന്നത് 4.5 ലക്ഷം ഹെക്ടറായി വർദ്ധിച്ചിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഉല്പാദനക്ഷമത ഹെക്ടറൊന്നിന് 898 കിലോഗ്രാം ആയിരുന്നത് 1130 കിലോഗ്രാമായാണ് ഉയർന്നത്. കൃഷി വിസ്തീർണ്ണത്തിൽ 80 ശതമാനവും ഉല്പാദനത്തിൽ 70 ശതമാനവും 5 ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട കർഷകരുടെ സംഭവനയാണ് എന്ന് മനസ്സിലാക്കുമ്പോഴെ ഈ വളർച്ച എത്ര അഭൂതപൂർവ്വമായിരുന്നു എന്ന് ബോദ്ധ്യമാകു. ഇന്ത്യയുടെ മൊത്തം റബ്ബറുല്പാദനത്തിൽ 90 ശതമാനവും കേരളത്തിന്റെ വിഹിതമാണ്.

എങ്ങനെ ഈ വളർച്ച സാദ്ധ്യമായി എന്ന് നോക്കാം. ഇറക്കുമതി നിയന്ത്രിച്ചു നിർത്തികൊണ്ട് പരമാവധി സാമ്പത്തിക സഹായം നൽകി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ഇന്നേറ്റവും അപരിഷ്കൃതമായി കരുതുന്ന രീതി- നയം പിൻതുടർന്നത് കൊണ്ടാണ് ഉല്പാദനം ഇത്രയും വർദ്ധിച്ചത്. അടുത്ത കാലം വരെ റബ്ബറിന് കർശനമായ ഇറക്കുമതിനിയന്ത്രണം നിലനിന്നിരുന്നു. ഇതുമൂലം ഇന്ത്യയിലെ ടയർ കുത്തകകൾ രാജ്യത്തെ ലക്ഷക്കണക്കിന് ചെറുകിട റബ്ബർ കർഷകരിൽ നിന്ന് റബ്ബർ വാങ്ങാൻ നിർബന്ധിതരായി. രണ്ട് ഗുണങ്ങളാണ് ഈ നയം മൂലം ഉണ്ടായത്. ഒന്നാമതായി, റബറിന്റെ വില വൻ തോതിൽ വർദ്ധിച്ചു. ഇന്ന് ലോകത്തിലേറ്റവും കൂടുതൽ റബർ വില ലഭിക്കുന്നത് ഇന്ത്യൻ റബർ കർഷകനാണ് എന്ന കാര്യം ഒരു പക്ഷേ അധികം പേർ അറിഞ്ഞിരിക്കുകയില്ല. റബറിന്റെ അന്താരാഷ്ട്ര ആഭ്യന്തര വിലകൾ തമ്മിലുള്ള വ്യത്യാസം പരിശോധിച്ചാൽ ഇത് വ്യക്തമാകും. 1985-88 കാലഘട്ടത്തിൽ ഇന്ത്യയിൽ റബറിന് ക്വിന്റലിന് ശരാശരി 1735 രൂപ വിലയുണ്ടായിരുന്നപ്പോൾ അന്താരാഷ്ട്ര വില 1020 രൂപ മാത്രമായിരുന്നു (70 ശതമാനം കൂടുതൽ – ഇന്ത്യയിൽ) രണ്ടാമതായി റബർ കർഷകർക്ക് ഗവൺമെന്റ് നല്കിയ ഉദാരമായ വായ്പാ സൗകര്യങ്ങൾ, നൂതനമായ കൃഷി രീതികൾ എന്നിവയും കൂടിയായപ്പോൾ ആഭ്യന്തരമായി റബറിന്റെ ഉല്പാദനം പതിന്മടങ്ങ് വർദ്ധിച്ചു.

എന്നാൽ പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ ഇറക്കുമതി ഉദാരവല്ക്കരണ നടപടികൾ റബർ മേഖലയിലും പ്രതിസന്ധിയുടെ വിത്തുകൾ വിതറുമെന്ന് ഉറപ്പാണ്. പുതിയ തീരുമാനം അനുസരിച്ച് ഇനിമേൽ ഇന്ത്യയിലെ വൻ കുത്തകകൾക്ക് വിദേശത്ത് നിന്ന് റബർ ഇറക്കുമതി ചെയ്യാം, 10,000 ടൺ റബർ വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യാനുള്ള അനുവാദം ഗവൺമെന്റ് ഇതിനോടകം നല്കിക്കഴിഞ്ഞു. മാത്രമല്ല റബറിന്റെ ഇറക്കുമതിയെ

കൂടുതൽ സഹായിക്കാനായി സ്വാഭാവിക റബറിന്റെ കസ്റ്റംസ് തീരുവ 70–ൽ നിന്ന് 25 ശതമാനമായി വെട്ടിക്കുറക്കുകയും ചെയ്തിരിക്കുന്നു. ഈ നടപടി ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്ന റബറിന്റെ വില കുത്തനെ കുറയാനിടയാക്കും. ഇന്ത്യയിലെ റബർ വില നിയന്ത്രിക്കുന്ന ഏറ്റവും സുപ്രധാനമായ ഘടകം ഇറക്കുമതിയുടെ തോതാണ് എന്ന് ഗവേഷണ പഠനങ്ങൾ തെളിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ നടപടിയെ അത്യന്തം ഗൗരവത്തോടെ വേണം വീക്ഷിക്കാൻ.

ഇന്ത്യയിലെ റബറുല്പാദനത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത് നാം ഏതാണ്ട് സ്വയം പര്യാപ്തത കൈവരിക്കാൻ പോകുന്നു എന്നാണ്. നമ്മുടെ ആഭ്യന്തര വിപണിയിലെ റബറിന്റെ ഡിമാന്റ് സാക്ഷാത്കരിക്കാൻ ഇന്ന് ഉല്പാദിപ്പിക്കപ്പെടുന്ന 4 ലക്ഷത്തോളം ടൺ റബർ മതിയാകും എന്ന് കണക്കാക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ, റബറുല്പാദനം ഇരട്ടിപ്പിക്കുക എന്ന ഉദ്ദേശത്തോടെ റബർ ബോർഡ് നടപ്പാക്കി തുടങ്ങിയ 445.21 കോടി രൂപയുടെ ലോക ബാങ്ക് റബർ വ്യാപന പദ്ധതി വ്യാപകമായ വിമർശനത്തിന് വിധേയമായത് തികച്ചും സ്വാഭാവികം മാത്രം.

കേരളത്തിലും, തമിഴ്നാട്ടിലുമായി ഏതാണ്ട് 4000 ഹെക്ടർ സ്ഥലത്ത് ഉല്പാദനക്ഷമമല്ലാത്ത നാടൻ റബർ തൈകൾ മാറ്റി പുതിയവ വെക്കുക, 3000 ഹെക്ടർ സ്ഥലത്ത് പുതിയതായി റബർ കൃഷി നടത്തുക, ഇപ്പോൾ നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ആധുനിക കൃഷി രീതികൾ പ്രചരിപ്പിക്കുക എന്നീ കാര്യങ്ങളാണ് ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്വാഭാവിക റബറിന്റെ ഉല്പാദനം ഏഴ് വർഷം കൊണ്ട് ഇരട്ടിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആവശ്യത്തിലുള്ളത്ര റബർ ആഭ്യന്തരമായി തന്നെ ഉല്പാദിപ്പിക്കപ്പെടുന്ന നമ്മുടെ രാജ്യത്ത് റബറുല്പാദനം ഇരട്ടിയാക്കുന്നത് എന്തിന് എന്നതാണ് പ്രസക്തമായ ചോദ്യം. ഈ നീക്കത്തിന്റെ പുറകിൽ ശക്തമായ അടിത്തറയുള്ള ഇന്ത്യൻ റബറുല്പാദന മേഖലയെ തകർക്കാനുള്ള ഗൂഢലക്ഷ്യം ഒളിഞ്ഞിരിപ്പുണ്ടോ? ഉണ്ട് എന്നാണ് ഒറ്റനോട്ടത്തിൽ തോന്നുക. ഈ പദ്ധതിയിൽ ലോക ബാങ്ക് പ്രദർശിപ്പിച്ചിരിക്കുന്ന സബ്സിഡി സ്നേഹമാണ് സംശയമുയർത്തുന്ന ഒരു കാര്യം. ലോകവ്യാപകമായി തന്നെ, സബ്സിഡി തികച്ചും അപരിഷ്കൃതമെന്ന് വിശേഷിപ്പിക്കുന്ന ലോകബാങ്ക് ഈ പദ്ധതിയിൽ റബർ കർഷകർക്ക് ആവശ്യം പോലെ സബ്സിഡി നല്കിയിരിക്കുന്നു! ഹെക്ടറൊന്നിന് 5000 രൂപയാണ് നേരത്തേ റബർ കർഷകർക്ക് സബ്സിഡി ലഭിച്ചിരുന്നത് എങ്കിൽ ഇന്നത്8000 രൂപയായി ഉയർത്തിയിരിക്കുന്നു (60 ശതമാനത്തിന്റെ വർദ്ധന).

കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന റബർ ആഭ്യന്തര റബറുല്പന്ന വിപണിയിലും അന്താരാഷ്ട്ര റബർ കമ്പോളത്തിലും വിറ്റഴിച്ച് വിദേശ നാണ്യം നേടാം എന്നാണ് ഈ പദ്ധതിയുടെ ഉപജ്ഞാതാക്കൾ പറയുന്നത്. എന്നാൽ സത്യമെന്താണ്? ആഭ്യന്തര റബറുല്പന്ന വ്യവസായം ഒരു വൻ മാന്ദ്യത്തെ നേരിട്ടു കൊണ്ടിരിക്കുകയാണ്(പ്രത്യേകിച്ച് പുതിയ നയങ്ങൾ നടപ്പാക്കി തുടങ്ങിയതിന് ശേഷം). ഓട്ടോമൊബൈൽ വ്യവസായത്തിലാണല്ലോ ഇന്ന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഈ വ്യവസായം ഇന്ന് കടുത്ത മാന്ദ്യത്തിലാണ്. കാറുകളുടെ വില്പന 1990-91–ൽ 181400 ആയിരുന്നത് 1991-92 ഓടെ 1,65,300 ആയി കുറഞ്ഞു. ത്രിചക്രവാഹനങ്ങളുടേത് ഇക്കാലയളവിൽ 89500–ൽ നിന്ന് 76700 ആയും, ഇരുചക്രവാഹനങ്ങളുടേത് 1821600–ൽ നിന്ന് 1603100 ആയും കുറയുകയുണ്ടായി. മറ്റൊരു പ്രധാന റബറുല്പന്ന വ്യവസായമായ റബർ ചെരുപ്പ് നിർമ്മാണം ഇതിനേക്കാൾ വലിയ പ്രതിസന്ധിയിലാണ്. 1981–ൽ 370 ലക്ഷം ജോഡി റബർ ചെരുപ്പുകളാണ് വിറ്റഴിഞ്ഞതെങ്കിൽ 1986 ഓടെ ഇത് 421 ലക്ഷമായി ഉയർന്നു. എന്നാൽ 1991 ചെരുപ്പുല്പാദനം 277 ലക്ഷം ജോഡി മാത്രമായാണ് കുറഞ്ഞത്! ആഭ്യന്തര റബറുല്പന്ന വ്യവസായം കടുത്ത മാന്ദ്യത്തെ അഭിമുഖീകരിക്കുന്നു എന്നാണ് മേല്പറഞ്ഞ കണക്കുകൾ അർത്ഥശങ്കക്ക് ഇടയില്ലാത്തവിധം തെളിയിക്കുന്നത്.

ഇനി അന്താരാഷ്ട്ര റബർ വിപണിയുടെ കാര്യമെടുക്കാം. അവിടുത്തെ സ്ഥിതിയും ശോഭനമല്ല. 1970 കളിൽ ആരംഭിച്ച ആഗോള വ്യവസായ മുരടിപ്പ് ഇന്ന് അതിന്റെ മൂർദ്ധന്യത്തിൽ എത്തി നില്ക്കുന്നു. സ്വാഭാവിക റബറിന്റെ വില കഴിഞ്ഞ അഞ്ച് വർഷമായി അന്താരാഷ്ട്ര വിപണിയിൽ ഇടിഞ്ഞു കൊണ്ടിരിക്കുകയാണ്. ലോക വിപണിയിൽ ഇപ്പോൾ തന്നെ ആവശ്യത്തിലധികം റബർ എത്തുന്നത് കൊണ്ടാണ് വില ഇടിയുന്നത്.

ആഭ്യന്തര വിപണിയിലും അന്താരാഷ്ട്ര വിപണിയിലും റബറിന് ഡിമാന്റ് കുറയുന്ന സാഹചര്യത്തിൽ ഇന്ത്യയിൽ റബറുല്പാദനം ഇരട്ടിയാക്കാനാണ് റബർ ബോർഡും ലോകബാങ്കും ശ്രമിക്കുന്നത്! റബറുല്പാദനം ഇരട്ടിയാകുന്നതോടെ അതിലൊരു ഭാഗം റബർ വീണ്ടും അന്താരാഷ്ട്ര വിപണിയിലെത്തും (കയറ്റുമതിയിലൂടെ) അതോടെ വീണ്ടും റബർ വില കുറയും. ഗുണമുണ്ടാക്കുക ബഹുരാഷ്ട്ര റബർ കുത്തകകളായിരിക്കും. (ഇതായിരിക്കുമോ റബർ ബോർഡ് ആഗ്രഹിക്കുന്നതും!). മറുവശത്ത് റബർ ഇറക്കുമതി അനുവദിച്ചതിലൂടെ ഇന്ത്യയിലെ റബർ കർഷകർ ഉല്പാദിപ്പിക്കുന്ന റബറിന്റെ വിലയും കുറയും. കേരളത്തെയാണ് ഈ നീക്കം ഏറെ ബാധിക്കുക. ഇവിടുത്തെ 3,20,000 ത്തോളം വരുന്ന ചെറുകിട റബർ കർഷകരെ കാത്തിരിക്കുന്നത് വറുതിയുടെ നാളുകളാണ്, തീർച്ച. ലോകബാങ്കുമായി ചേർന്ന് വൻ റബർ വ്യാപനപദ്ധതി ആരംഭിച്ചു എന്ന് വീമ്പടിക്കുന്ന ഗവൺമെന്റിനും റബർ ബോർഡിലെ ഏതാനും

ഉദ്യോഗസ്ഥന്മാർക്കും ഈ പദ്ധതി വളരെയേറെ ഗുണമായിരിക്കും എന്നോർത്ത് നമുക്ക് സമാധാനിക്കാം!

ഇനി ബാക്കിയുള്ളത് തേങ്ങയും കശുവണ്ടിയും മാത്രം. തേങ്ങ ഉല്പാദകരും ഭീഷണിയിലാണ്. വെളിച്ചെണ്ണ ഇറക്കുമതി എപ്പോൾ വേണമെങ്കിലും അനുവദിക്കപ്പെടാം. തേങ്ങയുടെ വില ഇപ്പോൾ തന്നെ വൻ തകർച്ചയെ നേരിടുകയാണ് എന്നോർക്കണം. കശുവണ്ടി വ്യവസായവും വിഷമ വൃത്തത്തിലാണ്. രൂപ സ്വതന്ത്ര വിനിമയ നാണയമാക്കിയതോടെ ഇറക്കുമതി ചെയ്യപ്പെടുന്ന തോട്ടണ്ടിയുടെ വിലയിൽ വൻ വർദ്ധനയുണ്ടായി ക്കഴിഞ്ഞു. മറുവശത്ത് കയറ്റുമതി ചെയ്യപ്പെടുന്ന കശുവണ്ടിപ്പരിപ്പിന്റെ വില അന്താരാഷ്ട്ര വിപണിയിൽ വർദ്ധിപ്പിച്ചിട്ടുമില്ല!

പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കിയതിനെ തുടർന്ന് കേരളത്തിൽ നാണ്യവിളകളുടെ കയറ്റുമതി പതിന്മടങ്ങ് വർദ്ധിക്കുമെന്ന് പ്രഖ്യാപിച്ച നമ്മുടെ ഭരണാധികരികളുടെ ദീർഘവീക്ഷണത്തിന് നന്ദി പറയുക!

ഭക്ഷ്യധാന്യങ്ങൾക്ക് പകരം നാണ്യവിളകൾ

കയറ്റുമതി പതിന്മടങ്ങ് വർദ്ധിച്ചാൽ മാത്രമേ പുത്തൻ പരിഷ്കാരങ്ങൾ വിജയിക്കൂ എന്ന് ഭരണാധികാരികൾ ദിവസേനയെന്നോണം പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്നു. ഇത് സാക്ഷാത്കരിക്കുന്നതിന് വേണ്ടിയാണ് ആദ്യം ഇന്ത്യൻ രൂപയുടെ അന്താരാഷ്ട്ര വിനിമയ മൂല്യം വെട്ടിക്കുറച്ചതും പിന്നീട് രൂപ ഒരു സ്വതന്ത്രവിനിമയ നാണയമായി പ്രഖ്യാപിക്കപ്പെട്ടതും. ഇത് കൊണ്ട് മാത്രം കയറ്റുമതി ഉയരാതിരുന്നതിനെ തുടർന്ന് വ്യാപാരനയം വീണ്ടും ഉദാര വല്ക്കരിച്ചുകൊണ്ടിരിക്കുന്നു. ഒട്ടേറെ ആനുകൂല്യങ്ങളാണ് ഗവൺമെന്റ് കയറ്റുമതിക്കാർക്ക് നല്കിക്കൊണ്ടിരിക്കുന്നത്. കയറ്റുമതി വളർച്ച ലക്ഷ്യ മാക്കിക്കൊണ്ടുള്ള ഈ ഉദാരവല്ക്കരണ പ്രവർത്തനങ്ങൾ ഇന്ത്യയുടെ കാർഷിക മേഖലയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉയർത്താൻ പോന്നതാണ്. ഈ നടപടികൾ കർഷകരെ, കാലാകാലങ്ങളിലായി ഭക്ഷ്യധാന്യങ്ങൾ കൃഷി ചെയ്തിരുന്ന പ്രദേശങ്ങളിൽ കയറ്റുമതി ലക്ഷ്യമാക്കി നാണ്യവിളകൾ കൃഷി ചെയ്യാൻ പ്രേരിപ്പിക്കും.

യഥാർത്ഥത്തിൽ ഈ പ്രക്രിയ എൺപതുകളുടെ അവസാനത്തോടെ തന്നെ ആരംഭിച്ചിരുന്നു എന്നതാണ് വസ്തുത. ഉദാഹരണത്തിന് 1986-87 നും 1989-90–നുമിടക്ക് നാണ്യവിളകളായ കപ്പലണ്ടി കൃഷിചെയ്യപ്പെട്ടിരുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം 69.8 ലക്ഷം ഹെക്ടറിൽ നിന്ന് 87.1 ലക്ഷം ഹെക്ടറായും (25 % വർദ്ധന) കടുകിന്റേത് 37.2 ലക്ഷം ഹെക്ടറിൽനിന്ന് 49.7 ലക്ഷം ഹെക്ടറായും (34% വർദ്ധന) സോയാബീൻസിന്റേത് 15.3 ലക്ഷത്തിൽ

നിന്ന് 22.5 ലക്ഷം ഹെക്ടറായും (47%) സൂര്യകാന്തിയുടെ കൃഷിവിസ്തീർണ്ണം 10.2 ലക്ഷം ഹെക്ടറിൽ നിന്ന് 12 ലക്ഷം ഹെക്ടറായും (16.67% വർദ്ധന) വർദ്ധിക്കുകയുണ്ടായി.

പഞ്ചാബിൽ ഗോതമ്പു കൃഷിചെയ്യപ്പെട്ടിരുന്ന 53000 ഹെക്ടർ സ്ഥലത്ത് സൂര്യകാന്തിയാണ് ഇന്ന് കൃഷി ചെയ്യപ്പെടുന്നത്. ഗോതമ്പുവയലുകളിൽ പെപ്സി എന്ന ബഹുരാഷ്ട്രകുത്തകക്കുവേണ്ടി തക്കാളിയും ഉരുളക്കിഴങ്ങും കൃഷിചെയ്യപ്പെടുന്ന പ്രവണതയും പഞ്ചാബിൽ ശക്തമായിക്കൊണ്ടിരിക്കുന്നു. കയറ്റുമതിമാത്രം ലക്ഷ്യമാക്കിയുള്ള ബസുമതി അരിയുടെ ഉല്പാദനം ഇവിടങ്ങളിൽ വൻതോതിൽ വർദ്ധിച്ചുവരുന്നു. ഹരിയാനയിൽ സൂര്യകാന്തി കൃഷിയിടങ്ങളുടെ വിസ്തീർണ്ണം 30,000 ഹെക്ടറിൽനിന്ന് ഒരു ലക്ഷം ഹെക്ടറായാണ് ഉയർന്നിരിക്കുന്നത്.

മറുവശത്ത് ഇന്ത്യൻ ജനതയുടെ പ്രധാന ഭക്ഷ്യധാന്യങ്ങളിലൊന്നായ ഗോതമ്പു കൃഷിചെയ്യപ്പെടുന്ന പ്രദേശങ്ങളുടെ വിസ്തീർണ്ണം 1986-87–നും 1989-90–നുമിടക്ക് 1.95% നിരക്കിലും മറ്റൊരു പ്രധാന ഭക്ഷ്യധാന്യമായ അരിയുടെ കൃഷിവിസ്തീർണ്ണം 0.35% കൊണ്ടും കുറഞ്ഞിരിക്കുന്നു. എന്നാൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചിരിക്കുന്നത് കോടിക്കണക്കിന് ദരിദ്രജനങ്ങളുടെ ഏറ്റവും പ്രധാന മാംസ്യാഹാരങ്ങളായ പരുപരുത്ത ധാന്യങ്ങൾ, പയറു വർഗ്ഗങ്ങൾ എന്നിവയിലാണ്. ഇവയുടെ കൃഷിവിസ്തീർണ്ണം മേല്പറഞ്ഞ കാലയളവിൽ യഥാക്രമം 11.94 - 2.85 ശതമാനം എന്ന തോതിലാണ് കുറഞ്ഞത്. പുതിയ പരിഷ്കാരങ്ങളുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കയറ്റുമതി വർദ്ധിപ്പിക്കാനുള്ള ഊർജ്ജിതശ്രമങ്ങൾ ഭക്ഷ്യധാന്യങ്ങൾക്കു പകരം നാണ്യവിളകൾക്കു കൂടുതൽ പ്രാധാന്യം കൈവരുന്ന സ്ഥിതിയുടെ വേഗത പതിന്മടങ്ങ് വർദ്ധിപ്പിക്കും എന്ന് ഉറപ്പാണ്.

പുത്തൻ പരിഷ്കാരങ്ങളുടെ ഭാഗമായി നാണ്യവിളകൾ മാത്രമല്ല, മറ്റു കാർഷിക ഉല്പന്നങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഇതിന്റെ ഭാഗമായി നമ്മുടെ പ്രധാന ഭക്ഷ്യധാന്യങ്ങളിൽ ഒന്നായ അരിയുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് കിണഞ്ഞു പരിശ്രമിക്കുകയാണ്. ഉയർന്ന ഗുണനിലവാരമുള്ള ബസുമതി അരിയുടെ കയറ്റുമതിക്കായിരുന്നു നേരത്തെ കൂടുതൽ പ്രാധാന്യം നൽകപ്പെട്ടിരുന്നത്. അതിനെ തുടർന്ന് 1991-92–ൽ 499.18 കോടി രൂപയ്ക്കുള്ള 2,66,528 ടൺ ബസുമതി അരിയുടെ കയറ്റുമതി 1992-93–ൽ 793.84 കോടിരൂപയ്ക്കുള്ള 3,38,004 ടൺ അരി വർദ്ധിച്ചു. എന്നാൽ മറ്റിനം അരിയുടെ കയറ്റുമതി ഇക്കാലയളവിൽ 4,11,935 ടൺ (256.41 കോടി രൂപയ്ക്കുള്ളത്) –ൽ നിന്ന് 2,68,976 ടൺ ആയി (178.08 കോടി രൂപ) കുറഞ്ഞു. ഇതിൽ പരിഭ്രാന്തരായ ഗവൺമെന്റ് ബസുമതിയേതര ഇനം അരിയുടെ ഏറ്റവും കുറഞ്ഞ കയറ്റുമതി വില (Minimum Export Price - MEP ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യുമ്പോൾ ഗവൺമെന്റ് നിശ്ചയിക്കുന്ന ഏറ്റവും കുറഞ്ഞ കയറ്റുമതി

വില) കഴിഞ്ഞ നാലു മാസങ്ങൾക്കുള്ളിൽ ടണ്ണിനു 250 ഡോളർ എന്നതിൽ നിന്ന് 225 ഡോളറായി കുറച്ചിരിക്കുന്നു. അതേസമയം ബസുമതി അരിയുടെ ഏറ്റവും കുറഞ്ഞ കയറ്റുമതി വില 1993 മാർച്ചിൽ ടണ്ണിന് 275 ഡോളറായിരുന്നത് മാർച്ചോടെ 250 ആയി കുറച്ചു. അരിയുടെ ഉല്പാദനം മുരടിപ്പിനെ നേരിടുന്ന കാലഘട്ടത്തിൽ 1990-91-ൽ 749.2 ലക്ഷം ടണ്ണായിരുന്ന ഇന്ത്യയുടെ അരി ഉല്പാദനം 1992-93 ഓടെ 733.7 ലക്ഷം ടണ്ണായി കുറയുകയുണ്ടായി. ഈ ഉല്പന്നം വൻതോതിൽ കയറ്റുമതി ചെയ്താൽ ഉണ്ടാകാവുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചിന്തിച്ചു നോക്കുക.

ഇപ്പോൾ കയറ്റുമതി ചെയ്യപ്പെടുന്ന കാർഷികോല്പന്നങ്ങൾ കൂടാതെ പയറുവർഗ്ഗങ്ങൾ, ഗോതമ്പ്, ഗോതമ്പുല്പന്നങ്ങൾ, കടുക്, ഭക്ഷ്യ എണ്ണ, പഞ്ചസാര, എള്ള് എന്നിവയുടെ കൂടി കയറ്റുമതി അനുവദിക്കണം എന്നാണ് കൃഷി മന്ത്രാലയത്തിന്റെ നിലപാട്. വാണിജ്യമന്ത്രാലയത്തിന്റെ ശക്തമായ പിന്തുണയും ഇവർക്കുണ്ട്. പൊതുവിതരണ മന്ത്രാലയത്തിന്റെ എതിർപ്പ് ഭയന്നാണ് ഈ തീരുമാനം നടപ്പാക്കാതിരുന്നത്.

നമ്മുടെ പ്രതിശീർഷ ഭക്ഷ്യോല്പാദന വർദ്ധനയിൽ 65 ശതമാനവും വടക്കേ ഇന്ത്യയിലെ ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഉണ്ടായ ഉല്പാദന വർദ്ധനയെ തുടർന്നാണ് എന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഈ സംസ്ഥാനങ്ങളിൽ തന്നെയാണ് പുതിയ നയങ്ങളിൽ നിന്ന് ആവേശം ഉൾക്കൊണ്ട് കർഷകർ വൻതോതിൽ ഭക്ഷ്യധാന്യങ്ങളിൽ നിന്ന് നാണ്യവിളകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. ആഫ്രിക്കൻ രാജ്യങ്ങളുടെ അനുഭവം നമുക്കു ഇക്കാര്യങ്ങളിൽ പാഠമാകേണ്ടതാണ്. ഘടനാപരമായ പരിഷ്കാരങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ആഫ്രിക്കയിലെ വർദ്ധിച്ച ജനസംഖ്യയുള്ള നൈജീരിയ, എത്യോപ്യാ, സുഡാൻ, കെനിയ, ടാൻസാനിയ, സയർ എന്നീ രാജ്യങ്ങൾ ഒന്നിച്ചെടുത്തു പരിശോധിച്ചപ്പോൾ 1980-89 കാലഘട്ടത്തിൽ അവിടത്തെ പ്രതിശീർഷധാന്യോല്പാദനം 33 ശതമാനം കുറഞ്ഞതായി ഒരു പഠനം കണ്ടെത്തി. ഉദാഹരണത്തിന് നൈജീരിയ ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി തുടങ്ങിയതിനെതുടർന്ന് 1986 മുതൽ ഭക്ഷ്യേതരവിളകളുടെ ഉല്പാദനം പ്രതിവർഷം 11.6 ശതമാനം കണ്ടു വളർന്നു. പക്ഷെ, ഭക്ഷ്യോല്പാദനം കുറഞ്ഞു. സുഡാനിൽ 1980-85 കാലഘട്ടത്തിൽ ഭക്ഷ്യേതരവിളകളുടെ കയറ്റുമതി 13.9 ശതമാനം വീതം വർദ്ധിച്ചു. എന്നാൽ ഭക്ഷ്യോല്പാദനം 2.3 ശതമാനം കുറഞ്ഞു. കെനിയയിലും എത്യോപ്യയിലും ഭക്ഷ്യേതരവിളകളുടെ കയറ്റുമതി 6 ശതമാനം, 4 ശതമാനം എന്നീ നിരക്കിൽ വളർന്നപ്പോൾ ഭക്ഷ്യോല്പാദനം 1 ശതമാനം മാത്രമാണു ഉയർന്നത്. മറ്റു പല ആഫ്രിക്കൻ രാജ്യങ്ങളുടെയും സ്ഥിതി വ്യത്യസ്ഥമല്ല. അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളുടെ നിർബന്ധങ്ങൾക്കു വഴങ്ങി കയറ്റുമതി മാത്രം ലക്ഷ്യമാക്കി നാണ്യവിള കൃഷി വികസിപ്പിക്കുന്ന

കാർഷികനയം അവലംബിച്ചതുകൊണ്ടാണ് ഇതു സംഭവിച്ചത്. ഇന്ന് ക്ഷാമകാല പ്രതിസന്ധിയെയാണ് ആഫ്രിക്കൻ രാജ്യങ്ങൾ അഭിമുഖീകരിക്കുന്നത്.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള ക്ഷാമകാലങ്ങൾ ആവർത്തിക്കപ്പെടുമോ?

കാർഷിക മേഖലയിലെ പുതിയ നയങ്ങളുടെ അപ്പോസ്തലന്മാർ സ്വാതന്ത്ര്യലബ്ധിക്കു മുമ്പുള്ള ഇന്ത്യൻ കാർഷികമേഖലയിലേക്ക് ഒന്നു തിരിഞ്ഞു നോക്കുന്നതു നന്നായിരിക്കും.

വെസ്റ്റ് ഇൻഡീസിനോടൊപ്പം ലോകത്തിൽവെച്ച് ഏറ്റവും തുറന്നതും ഉദാരവൽക്കരിക്കപ്പെട്ടതുമായ സമ്പദ്ഘടനയായിരുന്നു കൊളോണിയൽ കാലത്ത് ഇന്ത്യയിലുണ്ടായിരുന്നത്. അക്കാലത്ത് ഇന്ത്യൻ ഉല്പാദകർക്ക് യാതൊരു വിധ സംരക്ഷണവും ഉണ്ടായിരുന്നില്ല. അവർ അഭിമുഖീകരിച്ചിരുന്നത് അന്താരാഷ്ട്ര മത്സരത്തെയായിരുന്നു. (ഇന്ന് ഐ.എം.എഫും ലോകബാങ്കും നമ്മോടാ വശ്യപ്പെടുന്നതും അതുതന്നെയാണെന്നു ഓർക്കുക) ഇറക്കുമതി കൊളോണിയൽ കാലത്തും നിയന്ത്രണങ്ങൾക്കു വിധേയമായിരുന്നതേയില്ല. ബ്രിട്ടണും മറ്റു വികസിത രാജ്യങ്ങൾക്കും ആവശ്യമായിരുന്ന എല്ലാ ഉല്പന്നങ്ങളുടെയും കയറ്റുമതിക്ക് വൻ പ്രോത്സാഹനം ലഭിച്ചിരുന്നു. (ഇന്നും അതുതന്നെ സ്ഥിതി). കയറ്റുമതി ചെയ്യപ്പെട്ടത് പ്രധാനമായും കാർഷി കോല്പന്നങ്ങളായിരുന്നു. അവ ഒന്നുകിൽ വ്യവസായത്തിനു ആവശ്യമായ അസംസ്കൃത വസ്തുക്കളായ പരുത്തി, ചണം, ഇന്റിഗോ, എണ്ണക്കുരു എന്നിവയോ നേരിട്ടു ഉപഭോഗം ചെയ്യപ്പെടുന്ന തേയില, കാപ്പി, പഞ്ചസാര, സുഗന്ധ വ്യഞ്ജനങ്ങൾ, പുകയില, ഉയർന്ന ഗുണനിലവാരമുള്ള ഗോതമ്പ് എന്നിവയായിരുന്നു.

അക്കാലത്ത് കാർഷികോല്പന്നങ്ങളുടെ കയറ്റുമതിക്ക് നല്കിയ അമിത പ്രാധാന്യത്തിന്റെ ഫലം എന്തായിരുന്നു എന്നത് ഇന്നേറെ പ്രസക്തമായിരിക്കുന്നു. വികസിത രാജ്യങ്ങളിലെ സമ്പന്ന ഉപഭോക്താക്കൾക്കും വ്യവസായത്തിനും വേണ്ടി നടന്ന കയറ്റുമതിയിലൂടെ സാധാരണ ഇന്ത്യാക്കാരുടെ ഭക്ഷ്യോല്പാദനം കുറയുകയാണുണ്ടായത്. രണ്ടുകാരണങ്ങൾ കൊണ്ടാണ് ഇതുണ്ടായത്. ഒന്നാമതായി, ഭക്ഷ്യധാന്യോല്പാദനത്തിന് ഉപയോഗിച്ചിരുന്ന അനേകം ഏക്കർ സ്ഥലം കയറ്റുമതി ലക്ഷ്യമാക്കിയുള്ള ഉല്പാദനത്തിനായി ഉപയോഗിച്ചതുകൊണ്ട്. രണ്ടാമതായി, ഭക്ഷ്യധാന്യങ്ങൾക്കു പകരം നാണ്യവിളകൾ കയറ്റുമതിക്കായി ഉല്പാദിപ്പിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനായി ഏർപ്പെടുത്തപ്പെട്ട ചുങ്കങ്ങളും, വാടകയും മറ്റും ജനങ്ങളെ വൻതോതിൽ ദരിദ്രരാക്കിതീർത്തതുമൂലം.

ബ്രിട്ടീഷ് ഇന്ത്യയിലെ പ്രതിശീർഷ ഭക്ഷ്യധാന്യോല്പാദനവും, ലഭ്യതയും ഗണ്യമായി കുറയുക എന്നതായിരുന്നു ഈ നയ വ്യതിയാനത്തിന്റെ

ആത്യന്തികഫലം. 1900 ബ്രട്ടീഷ് ഇന്ത്യയിലെ ഒരു ശരാശരി പൗരന്റെ ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവയുടെ വാർഷിക ഉപഭോഗം 200 കിലോഗ്രാമായിരുന്നു. ഇത് 1949 ഓടെ 150 കിലോഗ്രാമായാണ് കുറഞ്ഞത്. ബംഗാൾ പ്രസിഡൻസിയിൽ ഇക്കാലത്ത് പ്രതിശീർഷ ഉല്പാദനം 38 ശതമാനമായും പഞ്ചാബിൽ 18 ശതമാനം കണ്ടും കുറയുകയായി. അതേ സമയം കയറ്റുമതി ലക്ഷ്യമാക്കിയുള്ള നാണ്യവിളകളുടെ ഉല്പാദനം പതിന്മടങ്ങു വർദ്ധിച്ചു.

സാമ്പത്തികമായും പിന്നോക്കം നിന്നിരുന്ന ജനങ്ങളാണ് ഈ നയത്തിന്റെ ദീർഘകാല പ്രത്യാഘാതം ഏറെ അനുഭവിച്ചത്. ഈ സ്ഥിതി സാവധാനം ക്ഷാമം സൃഷ്ടിക്കുന്നതിലേക്കു കാര്യങ്ങളെ കൊണ്ടെത്തിച്ചു. പ്രത്യേകിച്ച് യുദ്ധത്തിനിടയിലുള്ള കാലഘട്ടത്തിൽ. ഉദാഹരണത്തിന് 1943-44–ൽ ബംഗാളിൽ യുദ്ധാവാശ്യങ്ങൾക്കായി ധാരാളം പണം ചെലവഴിച്ചതുമൂലം വെറും 18 മാസങ്ങൾക്കുള്ളിൽ അരി വില നാലരിട്ടി വർദ്ധിച്ചത്. ഭീകരമായിരുന്നു ഇതിന്റെ ഫലം. തുടർന്നുണ്ടായ ക്ഷാമത്തിൽ 30 ലക്ഷം പേരാണ് മരണമടഞ്ഞത് എന്ന് പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യ സെൻ 'ദാരിദ്രവും ക്ഷാമവും, എന്ന തന്റെ പ്രസിദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.'

കൊളോണിയൽ കാലഘട്ടത്തിൽ കയറ്റുമതിയോന്മുഖമായ കാർഷികനയം നടപ്പാക്കിയത് രാജ്യത്ത് വൻ ക്ഷാമങ്ങൾ സൃഷ്ടിക്കപ്പെടാൻ ഇടയാക്കി എന്നാണ് മേലുദ്ധരിച്ച കാര്യങ്ങൾ അസന്നിഗ്ധമായി തെളിയിക്കുന്നത്. അന്ന് തുറന്ന സമ്പദ്ഘടനയിലാണ് ഇന്ത്യാക്കാർ ജീവിച്ചിരുന്നത്; അവർക്ക് അന്താരാഷ്ട്ര വിപണി ഡിമാന്റിനെ നേരിടേണ്ടിവന്നു; അതുവഴി നഷ്ടപ്പെട്ടത് ഭക്ഷണസുരക്ഷിതത്വമാണ്; യൂറോപ്പിലെ സമ്പന്നവിപണിയിലേയ്ക്കുള്ള കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്യപ്പെട്ടിരുന്ന അനേകം ഏക്കർ സ്ഥലം ഉപയോഗിക്കാൻ അവർ നിർബന്ധിതരായി. അവർക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങളുടെ ഒരംശം പോലും കയറ്റുമതി ചെയ്യപ്പെട്ടു. ഫലമോ? പ്രാദേശിക ജനങ്ങളുടെ ഭക്ഷ്യ ഉപഭോഗം കുറഞ്ഞു. ക്ഷാമങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

അത്ഭുതകരമായിത്തോന്നാം;പക്ഷെ കൊളോണിയൽ കാലഘട്ടത്തിൽ നടപ്പാക്കിയ നയങ്ങൾ തന്നെയാണ് കാർഷിക മേഖലയിൽ ആഗോളവൽക്കരണത്തിന്റെ പേരിൽ ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ക്ഷാമകാലത്തെയാണോ വീണ്ടും നാം കാത്തിരിക്കുന്നത്?

ഇന്ത്യൻ കാർഷിക മേഖലയ്ക്കു നേരെയുള്ള കടന്നാക്രമണത്തിനെതിരെ അണിചേരുക.

രാജ്യത്ത് കഴിഞ്ഞ രണ്ടു വർഷമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങൾ ഇന്ത്യൻ കാർഷികമേഖലയ്ക്കു നേരെ കടുത്ത ആക്രമണം അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. സമാന്തരമായി സാമ്രാജ്യത്ത്വ രാജ്യങ്ങൾ നടത്തുന്ന അധീശത്ത നടപടികളും ശക്തമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ വിവിധ തലങ്ങളാണ് മുൻഭാഗങ്ങളിൽ നാം പരിശോധിച്ചത്.

ഒന്നാം ഭാഗത്തെ ആദ്യ ഉപവിഭാഗത്തിൽ, 1988–ൽ നടപ്പാക്കി തുടങ്ങിയ വിത്തിറക്കുമതി നയം നമ്മുടെ വിത്തുല്പാദനമേഖലയേയും കൃഷിയേയും ഏറെ ദോഷകരമായി ബാധിക്കും എന്നു നാം കണ്ടു. ഈ പ്രതിസന്ധി മൂർച്ഛിക്കുന്നതിനു മാത്രമേ പുതിയ നയങ്ങളുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിത്തിന്റെ കയറ്റിറക്കുമതി നയം സഹായിക്കൂ എന്ന് ഒന്നാം ഭാഗത്തെ വിശകലനം സൂചിപ്പിക്കുന്നു. ഈ ഭാഗത്തെ രണ്ടാം ഉപവിഭാഗത്തിൽ നമ്മുടെ വിത്തിന്റെ കുത്തകാവകാശം കൈയ്ക്കലാക്കാൻ സാമ്രാജ്യത്ത രാജ്യങ്ങളിലെ ബഹുരാഷ്ട്രകുത്തകകൾ നടത്തുന്ന ഗൂഢനീക്കങ്ങളാണ് പ്രതിപാദിക്കപ്പെട്ടത്.

കഴിഞ്ഞ നാലു പതിറ്റാണ്ടു കാലം കൊണ്ട് രാജ്യത്തിന്റെ ഭക്ഷ്യോല്പാദനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്ന പ്രവർത്തനത്തിൽ സുപ്രധാന പങ്കുവഹിച്ച രാസവള സബ്സിഡി, വായ്പാസൗകര്യം എന്നിവ നിർത്തലാക്കാനുള്ള തീരുമാനം നമ്മുടെ ഭക്ഷണസുരക്ഷിതത്വത്തെ തന്നെ തകർക്കാനിടയുണ്ട്. എന്ന് രണ്ട് മൂന്നു ഭാഗങ്ങളിലെ വിശകലനം വ്യക്തമാക്കുന്നു.

പുതിയ നയങ്ങളുടെ ഭാഗമായി ഇന്ത്യൻ രൂപ സ്വതന്ത്രവിനിമയ നാണയമാക്കിയ നടപടിയും വ്യാപാര രംഗത്തെ ഉദാരവൽക്കരണവും നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ ഒട്ടും തന്നെ സഹായിച്ചിട്ടില്ല എന്ന് നാലാം ഭാഗത്തെ പരിശോധന സൂചിപ്പിക്കുന്നു. മാത്രമല്ല പുതിയ നയങ്ങളുടെ ഭാഗമായി നടപ്പാക്കിയ പരിഷ്കാരങ്ങൾ ഔദ്യോഗിക പ്രഖ്യാപനങ്ങൾക്ക് വിരുദ്ധമായി നാണ്യവിളമേഖലയെ – പ്രത്യേകിച്ച് കേരളത്തിൽ–കടുത്ത പ്രതിസന്ധിയിൽ ആഴ്ത്തുകയാണ് ചെയതത്.

പുതിയ പരിഷ്കാരങ്ങൾ നാണ്യവിളകൃഷിക്ക് നല്കുന്ന അനവധി ആനുകൂല്യങ്ങൾ– കയറ്റുമതി ലക്ഷ്യമാക്കി–കർഷകരെ (പ്രത്യേകിച്ച് വടക്കേ ഇന്ത്യയിൽ) വൻതോതിൽ ഭക്ഷ്യധാന്യ ഉല്പാദനത്തിൽ നിന്ന് വ്യതിചലിക്കാൻ സഹായിച്ചിട്ടുണ്ട് എന്ന് അഞ്ചാം ഭാഗത്തെ വിശകലനം തെളിയിക്കുന്നു. ഏറെ ഗുരുതരമാണ് ഈ വ്യതിചലനം എന്ന് ആഫ്രിക്കൻ രാജ്യങ്ങളുടെ അനുഭവം

വ്യക്തമാക്കുന്നുണ്ട്. അവിടെ ഈ നയം ഭക്ഷ്യ ഉപഭോഗം വൻ തോതിൽ കുറയുന്നതിനാണ് സഹായിച്ചത്.

കൊളോണിയൽ കാലഘട്ടത്തിലെ കാർഷിക നയത്തിന്റെ (സാമ്രാജ്യത്ത രാജ്യങ്ങൾക്കാവശ്യമുള്ള കാർഷിക ഉല്പന്നങ്ങൾ വിളയിക്കാനുള്ള ഭൂമിയായി കോളണികളെ ഉപയോഗിച്ചിരുന്ന നയം) തനിയാവർത്തനമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത് എന്ന വസ്തുത ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏറെ പരിമിതികളോടെയാണ് എങ്കിലും സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള നാലു പതിറ്റാണ്ടുകാലത്തായി കാർഷികമേഖലയിൽ ഇന്ത്യ നടത്തിയ പ്രവർത്തനങ്ങൾ ഭക്ഷ്യ സ്വയം പര്യാപ്തത എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സഹായകരമാവുകയുണ്ടായി. എന്നാൽ സ്വയം പര്യാപ്തത നേടുന്നതിനായി നാം തുടർന്നുവന്ന നയങ്ങളെല്ലാം ആഗോളവൽക്കരണത്തിന്റെ പേരിൽ ഇന്ന് തച്ചുടച്ചുകൊണ്ടിരിക്കുന്നു. ഇതിലൂടെ തകരുക നമ്മുടെ രാജ്യത്തിന്റെ ഭക്ഷണ സുരക്ഷിതത്വമായിരിക്കും.

ഇന്ത്യ മുഴുവൻ ഒറ്റക്കെട്ടായി ഒരു മനസ്സോടെ ചെറുത്തുനില്പ് ഉയർത്തിയാലെ ഭരണാധികാരികളും, സാമ്രാജ്യ രാജ്യങ്ങളും കൈകോർത്ത് നടത്തുന്ന ഈ കടന്നാക്രമണ ശ്രമത്തെ തകർക്കാൻ കഴിയൂ. അതിന്റെ ഭാഗമായി കേരളത്തിലെ ജനങ്ങളെ ഒരു വൻ ചെറുത്തുനില്പിനു സജ്ജരാക്കുക എന്ന ലക്ഷ്യമാണ് കേരള സ്വാശ്രയ സമിതിക്കുള്ളത്.

K.S.S 12 D 1/8 SEPTEMBER 1993 5K 0500

Published and distributed by the Convener,
Kerala Swashraya Samithi, Thiruvananthapuram - 35
Printed at Saseendra Offset Printers, Thiruvananthapuram - 1
Price Rs.5/-